1945 ആഗസ്ത് 6, സമയം 11 മണി 2 മിനിററ്. പെട്ടെന്നൊരു ശക്തിയായ പൊട്ടൽ. പൊട്ടിത്തെറിയുടെ ശക്തിയിൽ നഗരത്തിലുണ്ടായിരുന്ന ആ ക്ലോക്ക് നിലച്ചുപോയി. അന്നുമുതൽ മാനവരാശിക്കൊരു മുന്നറിയിപ്പായി അത് നിലകൊള്ളുന്നു

# 11 മണി 2 മിനുട്ട്

ഖാലിദ് കെ. കൊണ്ടോട്ടി
(പി.ഡി.സി. രണ്ടാം വർഷം)

ജപ്പാനിലെ ആ ക്ലോക്കിൽ ഇപ്പോഴും സമയം 11 മണി 2 മിനുട്ട്.

ഇന്നലെയുടെ കെടുതികൾ നേരിട്ടു കാണാൻ കഴിഞ്ഞ ആ ക്ലോക്ക്, മനുഷ്യരാശിക്കൊരു മുന്നറിയിപ്പ് എന്നോണം ഇപ്പോഴും നിലകൊള്ളുന്നു. പുറംപട്ടകൾ പൊട്ടിത്തകർന്ന ആ ക്ലോക്കിനെ ഒരമൂല്യ വസ്തുവായി ജപ്പാൻകാർ ഇപ്പോഴും സൂക്ഷിക്കുന്നു.

ആധുനികജപ്പാനിൽ ഈ ഇരുപതാം നൂററാണ്ടിലും ഒരു പൊട്ടിത്തകർന്ന ക്ലോക്കോ?

അതെ, അതിനൊരു യുഗത്തിന്റെ—അല്ല, ഒരു നൂററാണ്ടിന്റെ നീണ്ട കഥ പറയാനുണ്ട്.

ഒരു നൂററാണ്ടിന്റെ കഥ, 11 മണി 2 മിനുട്ട്......!

## രണ്ടു ഭീകരയുദ്ധങ്ങൾ

ചരിത്രാതീതകാലവും ചരിത്രകാലവും കടന്ന്, മനുഷ്യൻ ശാസ്ത്രയുഗത്തിലേക്ക് പ്രവേശിച്ചു. പതിനാറാം നൂററാണ്ടോടുകൂടി ലോകം—വിശേഷിച്ചും യൂറോപ്യൻ ജനത—ശാസ്ത്രരംഗത്ത് കൂടുതൽ വിജയിക്കാൻ തുടങ്ങി. നിരവധി ശാസ്ത്രജ്ഞൻമാരുടേയും തത്വചിന്തകരുടേയും, ശാസ്ത്രീയനേട്ടങ്ങളും സാഹിത്യസംഭാവനകളും രുചിക്കാൻ തുടങ്ങിയതോടെ മനുഷ്യജീവിതം കൂടുതൽ വിപുലവും, വിസ്താരമേറിയതുമായിത്തീർന്നു. പതിനേഴും, പതിനെട്ടും, പത്തൊൻപതും നൂററാണ്ടുകളിൽ കണ്ടുപിടിക്കപ്പെട്ട യന്ത്രസാമഗ്രികൾ മനുഷ്യജീവിതം കൂടുതൽ സുഖകരമാക്കി. അങ്ങനെ മനുഷ്യൻ സുഖലോലുപതയുടെ ഒരു പുതിയ ലോകത്തേക്ക് കാലെടുത്തുവെച്ചു.

എന്നാൽ ഇതേ കാലത്ത്തന്നെ മേൽപ്പറഞ്ഞ നേട്ടങ്ങളോടൊപ്പം സാമ്രാജ്യത്വവും കൊളോണിയലിസവും ലോകചരിത്രത്തിലേക്ക് കടന്നെത്തി. ശാസ്ത്രീയനേട്ടങ്ങളാൽ ശക്തിയാർജ്ജിച്ച യൂറോപ്യൻ രാജ്യങ്ങൾ, അശക്തരായ രാഷ്ട്രങ്ങളെ തങ്ങളുടെ വശത്താക്കാൻ തുടങ്ങി. അശക്തരായ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ, ക്രമേണ സാമ്രാജ്യത്വശക്തികളുടെ ഭരണത്തിൻകീഴിലാവുകയും, ആവുന്നിടത്തോളം ചൂഷണത്തിനും പാരതന്ത്ര്യത്തിന്റെ ദുഃസ്സഹതയ്ക്കും അടിമപ്പെടേണ്ടിവരികയും ചെയ്തു.

യൂറോപ്യൻ രാജ്യങ്ങൾക്ക് പുറമെ റഷ്യ, അമേരിക്ക എന്നിവരും സാമ്രാജ്യത്വ മണ്ഡലത്തിൽ രംഗപ്രവേശം ചെയ്തതോടെ, അന്യരാജ്യങ്ങളിൽ വിപണികൾ സ്ഥാപിക്കുന്നതിലുള്ള മത്സരത്തിന് ശക്തി കൂടുകയും ചെയ്തു. ഇത് രാഷ്ട്രങ്ങൾ തമ്മിലുള്ള ഭിന്നിപ്പിന്നും കൊടിയ കൊടിയ യുദ്ധങ്ങൾക്കും കാരണമായിത്തീർന്നു. വളരെയധികം ചെറുയുദ്ധങ്ങൾക്ക്ശേഷം 'ഒന്നാംലോകമഹായുദ്ധം' എന്ന ഭീകരജന്തു ലോകജനതയെ ആകമാനം ദുഃഖത്തിലാഴ്ത്തി. അധികം കഴിഞ്ഞില്ല, 'രണ്ടാംലോകമഹായുദ്ധം' എന്ന മററൊരു രാക്ഷസൻകൂടി ലോകത്തിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ജനലക്ഷങ്ങളെ കൊന്നൊടുക്കിക്കൊണ്ട് ലോകത്തെ നിത്യദുഃഖത്തിലാഴ്ത്തിക്കൊണ്ട് ആ രാക്ഷസൻ കടന്നുകളഞ്ഞു.

സാമ്രാജ്യമോഹികൾ അതുവരെയുണ്ടായ എല്ലാ നേട്ടങ്ങളും—ശാസ്ത്രീയവും സാമ്പത്തികവും—ശരിക്കും വിനിയോഗിച്ചു. എല്ലാം തച്ചുടച്ചു. ലക്ഷക്കണക്കിൽ മനുഷ്യജീവികളെ തീയിലിട്ടു കരിച്ചു.

ഇതിന്റെ ഏററവും ഭീകരമായ ചിത്രം കാണാൻ കഴിഞ്ഞത് ജപ്പാനിലായിരുന്നു. രണ്ടാംലോകമഹായുദ്ധകാലത്ത് ജപ്പാന്റെ ശത്രുവായിരുന്ന അമേരിക്ക, അതുവരെ സംഭരിക്കാൻ കഴിഞ്ഞ എല്ലാ സാങ്കേതിക വിദ്യകളും സാമ്പത്തികശക്തിയും ശരിക്കും ഉപയോഗിച്ചു. എന്തിനെന്നല്ലേ, ജപ്പാൻ എന്ന ചെറുരാജ്യത്തെ ചുട്ടു കരിക്കാൻതന്നെ! (ജപ്പാൻകാർ എല്ലാ കഴിവുകളും അമേരിക്കക്കെതിരെ വിനിയോഗിച്ചു എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല). ദൗർഭാഗ്യകരം എന്നു പറയട്ടെ, ലോകരാഷ്ട്രങ്ങളെല്ലാംതന്നെ ഏററവും ശക്തികൂടിയ യുദ്ധോപകരണങ്ങൾ നിർമ്മിക്കാൻ അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ആ സമയത്ത്, തികച്ചും മാരകമായൊരുപകരണം സംവിധാനം ചെയ്തെടുക്കാൻ അമേരിക്കക്കു കഴിഞ്ഞു.

അങ്ങിനെ, അതുവരെയുള്ള ശാസ്ത്രത്തിന്റെ ഏററവും വലിയ സംഭാവനയായ ആററംബോംബ്

അമേരിക്ക ലോകത്തിന് കാഴ്ചവെച്ചു.

അതെ, ആദ്യപരീക്ഷണമായികൊണ്ടും, അതിന്റെ ഫലങ്ങൾ ഹിരോഷിമായിലൂടെയും, നാഗസാക്കിയിലൂടെയും ലോകജനതയെ അവിസ്മരണീയമായ രീതിയിൽ അനുഭവിപ്പിച്ചുകൊണ്ടും ആ അത്ഭുതവസ്തുവിനെ ആദ്യമായി അമേരിക്ക ലോകത്തിനുമുമ്പാകെ സമർപ്പിച്ചു

ശാസ്ത്രത്തിന്റെ ഒരു വലിയ കണ്ടുപിടിത്തം!

എന്തായിരുന്നുവെന്നല്ലേ ആ അത്ഭുതവസ്തു മനുഷ്യരാശിക്ക് നൽകിയ സംഭാവന? അതൊരു വലിയ സംഭാവനതന്നെയായിരുന്നു!. ജപ്പാനിൽവെച്ചുതന്നെ അത് നേരിട്ടു മനസ്സിലാക്കാൻ ലോകത്തിന് കഴിഞ്ഞിട്ടുണ്ട്. 1945ലായിരുന്നു ആ സംഭാവന അമേരിക്ക ലോകത്തിന് നൽകിയത്.

1945 ആഗസ്റ്റ് 6, സമയം '11 മണി 2 മിനുട്ട്''

പെട്ടെന്നൊരു ശക്തിയായ പൊട്ടൽ! അതാ ഹിരോഷിമാനഗരത്തിന്റെ മദ്ധ്യത്തിൽ ഒരത്ഭുതവസ്തു വീഴുന്നു. ഉടനെ അത് പൊട്ടിത്തെറിച്ചു. ചുററുപാടും തീക്ഷ്ണങ്ങൾ ചിതറി. തീനാളം പടർന്നു. ഉടനെത്തന്നെ കുറേപേർ മരിച്ചുവീണു. മററുള്ളവരെല്ലാം ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു. അവരുടെ പിന്നാലെ തീജ്വാലയും. ഓടുന്നതിനിടയിൽ പലരും നിലത്തു വീണു. കെട്ടിടങ്ങളെല്ലാം തകർന്നു തരിപ്പണമായി!. പൊട്ടിത്തെറിയുടെ ശക്തിയിൽ, നഗരത്തിലുണ്ടായിരുന്ന ആ 'ക്ലോക്ക്'' പെട്ടെന്ന് നിലച്ചുപോയി അന്നുമുതൽ ആ ക്ലോക്ക് മാനവരാശിക്കൊരു മുന്നറിയിപ്പായി നിലകൊള്ളുന്നു

അതെ, 11 മണി 2 മിനുട്ട്...... ! ! !

11 മണി 2 മിനുട്ട്..., ആ അവസ്ഥയെക്കുറിച്ച് ഹിരോഷിമയിലെ എക്സ്റേ വിഭാഗം തലവനായിരുന്ന ഡോക്ടർ 'തകാഷിനഗായി'യുടെ വാക്കുകളിൽകൂടി നമുക്ക് മനസ്സിലാക്കാം.

''1945 ആഗസ്റ്റ് 6, ഞാൻ ഹിരോഷിമായിലെ മെഡിക്കൽ കോളേജിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അന്ന് പതിവിലേറെ തിരക്കുണ്ടായിരുന്നു. എല്ലാവരും തിരക്കിട്ട ജോലിയിലാണ്. ആ സമയത്തായിരുന്നു അമേരിക്കയുടെ മൂന്നു വിമാനങ്ങൾ ഞങ്ങളുടെ പട്ടണത്തിനു മുകളിലൂടെ പറന്നു വന്നത്. പെട്ടെന്ന് നടുവിലുള്ള 'ദി ഗ്രേററ് ആർട്ടിസ്ററ്'' എന്ന വിമാനത്തിൽ നിന്നും ഒരു കറുത്ത വസ്തു താഴേക്ക് വീണു. ഉടനെത്തന്നെ അത് പൊട്ടിത്തെറിച്ചു. നാലുപാടും തീനാളങ്ങൾ ചിന്നിച്ചിതറി തുടർന്ന് ഏകദേശം മണിക്കൂറിൽ 60 മൈൽ വേഗതയുള്ള ശക്തിയായ കൊടുങ്കാററുണ്ടായി. 600 ഡിഗ്രിയോളം ചൂടനുഭവപ്പെട്ടു. 10,000 അടി ഉയരത്തിലും, 3 മൈൽ വിസ്തീർണ്ണത്തിലും തീജ്വാലകളുയർന്നു. കെട്ടിടങ്ങളെല്ലാം നിലംപതിച്ചു. 25,000ത്തോളം പേർ ഉടനെത്തന്നെ മരിച്ചുവീണു ഒരു ലക്ഷത്തോളം പേർക്ക് വിവിധങ്ങളായ പരിക്കുകൾ പററുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്തു. ഞാനടക്കം വളരെ കുറച്ചുപേർ വളരെ അത്ഭുതകരമായി മരണത്തിൽനിന്നും രക്ഷപ്പെട്ടു.''

അദ്ദേഹം തുടരുന്നു.

''സംഭവത്തിനു ശേഷം ഞങ്ങൾക്ക് കാണാൻ കഴിഞ്ഞ കാഴ്ച വളരെ ദുഃഖകരമായിരുന്നു. അംഗവൈകല്യം സംഭവിക്കുകയും, വിവിധപരിക്കുകൾ പററുകയും ചെയ്ത ജനലക്ഷങ്ങളുടെ ദീനരോദനം! ചിലർ പൊളിഞ്ഞുവീണ കെട്ടിടത്തിനുള്ളിൽനിന്നും, ചിലർ തകർന്ന വാഹനാവശിഷ്ടങ്ങളിൽനിന്നും കരയുന്നു. ചെറിയ പിഞ്ചോമനകൾ അവരുടെ അമ്മമാരെ അന്വേഷിച്ച് കരഞ്ഞുകൊണ്ട് നാലുപാടും ഓടുന്നു. അമ്മമാർ അവരുടെ പിഞ്ചോമനകളെ വിളിച്ചു കരയുന്നു. ചിലർ അമിതമായ ദാഹത്താൽ ജലം ചോദിച്ചു കരയുന്നു. എവിടേയും ജനലക്ഷങ്ങളുടെ ദീനരോദനം! താങ്ങാനാവാത്ത ഹൃദയവേദനയോടെ ഞാനും തളർന്നുപോയി

''പുഴക്കരയിലും, കുളങ്ങളിലും വാട്ടർടാങ്കുകളിലുമായിരുന്നു ഏററവും അധികം ശവങ്ങൾ ഉണ്ടായിരുന്നത്. സ്ഫോടനസമയത്തുണ്ടായ ഉഗ്രമായ ചൂടിൽനിന്നും രക്ഷപ്പെടാൻ എല്ലാവരും പുഴയിലും കുളങ്ങളിലും ചാടിയതായിരുന്നു ഇതിന് കാരണം. ചിലർ അടുത്തുകണ്ട വാട്ടർടാങ്കുകളിൽ ചാടി രക്ഷപ്പെടാൻ നോക്കി. പക്ഷെ ഉഗ്രമായ ചൂടിൽ തിളച്ചുമറിയുന്ന ടാങ്ക്ജലത്തിന്റെകൂടെ അവരുടെ ശരീരവും വേവിക്കപ്പെടുകയാണുണ്ടായത്. 74,000 പേർ സംഭവശേഷവും മൃതിയടഞ്ഞു.!!''

കഷ്ടം! ചുരുക്കം ചിലരുടെ സാമ്രാജ്യമോഹം ലോകജനതയെ ആകമാനം നിർദ്ദയം ചുട്ടുകരിക്കാൻ വരെ പ്രേരിപ്പിച്ചു.

ഹാ! ഒരു നിമിഷംകൊണ്ട് ലക്ഷക്കണക്കിൽ മനുഷ്യജീവികളെ വളരെ ദയനീയമായി ചുട്ടുകരിക്കാൻ നമുക്ക് കഴിഞ്ഞു. ശാസ്ത്രത്തിന്റെ—അല്ല, മനുഷ്യബുദ്ധിയുടെ—ഒരു വലിയ സംഭാവന.. ...!

## യുദ്ധവിരോധപ്രസ്ഥാനങ്ങൾ:

ഒരു യുദ്ധത്തിന്റെ കെടുതികൾ ശരിക്ക് അനുഭവിക്കേണ്ട ദൗർഭാഗ്യം ലഭിച്ചിട്ടില്ലാത്ത നമുക്ക് ഒരു പക്ഷേ പ്രസ്തുത മുന്നറിയിപ്പിന്റെ ആഴത്തെക്കുറിച്ച് അത്രയൊന്നും മനസ്സിലാവുകയില്ല.

എന്നാൽ ജപ്പാൻ, ജർമ്മനി, ബ്രിട്ടൺ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾക്ക് ഈ മുന്നറിയിപ്പ്—ഒരു മൂന്നാംലോകമഹായുദ്ധത്തെക്കുറിച്ചുള്ള സങ്കൽപം—തികച്ചും പ്രാധാന്യമുള്ളതും ഒരുപോലെ അവരെ

നടുക്കുന്നതുമാണ്.

അതുകൊണ്ടുതന്നെ, രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം പല യുദ്ധവിരോധപ്രസ്ഥാനങ്ങളും, തത്വങ്ങളും ലോകചരിത്രത്തിൽ ഉദയം പൂണ്ടു. ഈ പ്രസ്ഥാനങ്ങൾ പ്രധാനമായും യൂറോപ്യൻജനത (വിശേഷിച്ചും യുവാക്കളിൽ) യിലായിരുന്നു ഉടലെടുത്തത്. എക്സിസ്റ്റൻഷ്യലിസം, ഡാഡായിസം, അനലററിക് മൂവ്മെൻറ്, സർറിയലിസം, ഹിപ്പിസം തുടങ്ങിയ പ്രസ്ഥാനങ്ങളും, കീർക്കഗാർഡ്, ഹെഡ്ഗർ, സാർത്ര, ബർട്രാൻറ് റസ്സൽ, ജോർജ്ജ് ഗ്രേസ്, ഹിപ്പിമതത്തിന്റെ ആചാര്യനായ ജേക് കറാക്ക് തുടങ്ങിയ യുവചിന്തകൻമാരും രണ്ടാം ലോകമഹായുദ്ധത്തിന്റെ സംഭാവനകളായിരുന്നു.

## സമാധാനത്തിനുള്ള ദാഹം

യുദ്ധഫലങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞ യുവതലമുറയിൽ ഉദയംകൊണ്ട സമാധാനദാഹവും മനഃശ്ശാന്തിക്ക്വേണ്ടിയുള്ള അത്യാഗ്രഹവും തികച്ചും സ്വാഭാവികം മാത്രമായിരുന്നു. അദമ്യമായ ഈ ആഗ്രഹം അവരുടെ മാനസികവികാരത്തെ വല്ലാതെ സ്വാധീനിച്ചു. ജീവിതത്തിന് അർത്ഥവും, ഒരു ലക്ഷ്യവുമില്ലെന്ന് പലർക്കും (സാന്ദർഭികമായി) തോന്നിപ്പോയി. അങ്ങനെ അവർ ശൂന്യതാവാദത്തിന്റെ ശില്പികളായി മാറി.

എന്നാൽ മററു ചിലരാകട്ടെ, ജീവിതത്തിലെ എല്ലാ സുഖങ്ങളും—ഒപ്പം ദുഃഖങ്ങളും—ഉപേക്ഷിച്ച് എല്ലാം വിട്ടോടിപ്പോയി. കടൽക്കരകളിലും വനാന്തരങ്ങളിലും കഴിഞ്ഞുകൂടുന്ന ഇവർ സംഗീതം, ലഹരിപദാർത്ഥങ്ങൾ, യഥേഷ്ടം അനുഭവിക്കാവുന്ന ലൈംഗികസുഖം എന്നിവയിൽ മാനസികോല്ലാസം വീണ്ടെടുക്കുന്നു. ഇവരാണത്രെ ഹിപ്പികൾ, ബീററ് ജനറേഷൻ എന്നീ പേരുകളിലറിയപ്പെടുന്നത്.

## മനുഷ്യാവകാശപ്രഖ്യാപനം

ഭീകരയുദ്ധങ്ങളിൽനിന്നും മനുഷ്യാവകാശധ്വംസനത്തിൽനിന്നും മനുഷ്യൻ ഓടിപ്പോകാൻ ശ്രമിച്ചതിന്റെ ഫലമായിരുന്നു 1948 ഡിസമ്പർ 10ന് പാരീസിൽവെച്ച് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട 'മനുഷ്യാവകാശപ്രഖ്യാപനം'. മനുഷ്യനെ ഇനി ചുട്ടുകരിക്കാൻ ആരും തുനിയരുത് എന്ന യുവലോകത്തിന്റെ ആഗ്രഹമായിരുന്നു ഇതിന്റെ പിന്നിലുണ്ടായിരുന്നത്.

പക്ഷേ...! ഇന്ന് അതൊരു പേപ്പർനിയമംമാത്രമായി തീർന്നിരിക്കുന്നു. എവിടെയും മനുഷ്യാവകാശധ്വംസനങ്ങൾ മാത്രം തുടരുന്നു.

## സമാധാനം എവിടെ?
## അതെങ്ങനെ സൃഷ്ടിക്കാം?

മേൽപറഞ്ഞ പ്രസ്ഥാനങ്ങളും നിയമങ്ങളുമെല്ലാം, മനുഷ്യരാശിയുടെ സമാധാനത്തിന്വേണ്ടി ഉടലെടുത്തതാണെങ്കിലും, ഇന്നവയെല്ലാംതന്നെ വെറും പ്രസ്ഥാനങ്ങളായി മാറിയിരിക്കുകയാണ്. അസമാധാനത്തിന്റെ അന്തരീക്ഷം എവിടേയും വളർന്നുകൊണ്ടിരിക്കുന്നു. മാത്രമല്ല, ഒരു യുദ്ധത്തിന്റെ—തീജ്വാലയുടെ—ഭീകരമുഴക്കം ഇപ്പോഴും മുഴങ്ങിക്കേൾക്കുന്നു. എല്ലാ രാഷ്ട്രങ്ങളും അവരുടെ കഴിവുകളും, സമ്പത്തും ഉപയോഗിച്ച് ഏററവും മാരകമായ ആയുധങ്ങൾ നിർമ്മിക്കുന്ന ജോലിയിൽ മുഴുകിയിരിക്കയാണിപ്പോൾ. ഏററവും വലിയ പരിഷ്കാരികളെന്നും, ശാസ്ത്രസാങ്കേതികരംഗത്ത് ഏററവുമധികം പുരോഗമിച്ചവരെന്നും ഉൽഘോഷിക്കുന്ന അമേരിക്കയും റഷ്യയുംതന്നെയാണ് ഏററവുമധികം മാരകായുധങ്ങൾ നിർമ്മിക്കുന്നത്—അതേ സമയം ലോകസമാധാനത്തിനുവേണ്ടി ഏററവുമധികം സന്ധികളും സംഭാഷണങ്ങളും നടത്തുന്നതും ഇവർതന്നെയാണെന്നത് ശ്രദ്ധേയമാണ്—എന്ന വസ്തുത എത്ര ആഭാസകരമാണ്!

അതെ, 11 മണി 2 മിനുട്ട്...ആ മുന്നറിയിപ്പ് എത്രത്തോളം സാർത്ഥകമാണ്!

ഏററവും അധികം മനുഷ്യജീവികളെ ഏററവും കുറഞ്ഞ സമയംകൊണ്ട്, ഏററവും ക്രൂരമായ വിധത്തിൽ ചുട്ടുകരിക്കാൻ പററിയ ഏററവും മാരകമായ ഉപകരണങ്ങൾ ഏററവുമധികം നിർമ്മിക്കുന്ന രാഷ്ട്രങ്ങളല്ലേ ഇന്നത്തെ ഏററവും പുരോഗമിച്ച രാഷ്ട്രങ്ങൾ?! ഒരു മൃഗം, അതിന് വിശപ്പടങ്ങിയാൽ അത് മററു ചെറിയ മൃഗങ്ങളെ ആക്രമിക്കാറില്ല. എന്നാൽ മനുഷ്യൻ (അല്ലെങ്കിൽ ഒരു രാജ്യം) അവന് പ്രതാപവും ശക്തിയും കൂടുന്തോറും അവൻ മററു അശക്തരായ മനുഷ്യരെ ആക്രമിക്കുകയും, അടിമകളാക്കുകയും ചെയ്യുന്നു. എന്തൊരു കഷ്ടം! പരിണാമശൃംഖലയിലെ അവസാനകണ്ണിയായ മനുഷ്യൻ, ഇനിയും എത്ര പരിണമിക്കേണ്ടതുണ്ട്!

## അടിസ്ഥാനകാരണം

വിശേഷബുദ്ധി എന്ന അത്ഭുതസൃഷ്ടിയുടെ അവകാശിയായ മനുഷ്യനെസംബന്ധിച്ചിടത്തോളം, അവന്റെ പുരോഗതി എന്നതിൽ രണ്ടു മുഖ്യഘടകങ്ങളുണ്ട്. ഭൗതികപുരോഗതി, ആത്മീയപുരോഗതി എന്നിവയാണവ. അതുകൊണ്ടുതന്നെ ഭൗതികപുരോഗതിയോടൊപ്പം ആന്തരികപുരോഗതിയും കൈവരിച്ചെങ്കിലേ യഥാർത്ഥ 'മനുഷ്യപുരോഗതി' സിദ്ധിക്കുകയുള്ളൂ.

ശാസ്ത്രീയജ്ഞാനംകൊണ്ട് വളരെയധികം ഭൗതികപുരോഗതി ആർജ്ജിക്കാൻ മനുഷ്യന് കഴിഞ്ഞപ്പോൾ, ആത്മീയജ്ഞാനത്തിന്റെ അഭാവം (അഥവാ ശാസ്ത്രത്തെ വെറും ഭൗതികപുരോഗതിക്ക്മാത്രം ലക്ഷ്യമായി സ്വീകരിച്ചത്) മനുഷ്യപുരോഗതിയുടെ സന്തുലിതാവസ്ഥക്ക് ഭംഗം വരുത്തി. ഇതാണ് വാസ്തവത്തിൽ ആധുനികസമൂഹത്തിന്റെ അസമാധാനത്തിനും കഷ്ടതക്കും കാരണമായ മുഖ്യഘടകം.

അതുകൊണ്ടുതന്നെ ആത്മീയസംസ്കരണത്തിനാണ് ഇനി ലോകം പ്രാധാന്യം നൽകേണ്ടത്. എങ്കിൽ

മനുഷ്യപുരോഗതി, ലോകസമാധാനം എന്നീ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ മനുഷ്യന് കഴിയും തീർച്ച.

11 മണി 2 മിനിറ്റ്! 'ആത്മീയസംസ്കരണം ആർജ്ജിക്കുക' എന്ന ഉപദേശവുമായി ആ ക്ലോക്ക് ഇപ്പോഴും മനുഷ്യരാശിക്ക് മുന്നറിയിപ്പ് നൽകുന്നു!

മേലിൽ ഒരു യുദ്ധമുണ്ടാകരുത്. കറുത്തവനും വെളുത്തവനും തമ്മിലുള്ള വർണ്ണവിവേചനങ്ങൾ അവസാനിപ്പിക്കുക, ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ അതിലംഘിച്ചുകൊണ്ട് ലോകമനുഷ്യരെ ഒന്നായിക്കാണുക, പരസ്പരം സഹായിക്കുക, സാഹോദര്യം പുനഃസ്ഥാപിക്കുക എന്നീ ആഗ്രഹങ്ങളുമായി ആ ക്ലോക്ക് ഇപ്പോഴും നിശ്ചലമായി നിൽക്കുന്നു. മനുഷ്യസമൂഹത്തെ വേദനയോടെ ഉറ്റുനോക്കുന്നു... ○

# അവരും നിങ്ങളും ഞാനും

## വേണു

(ബി.എസ്.സി.മൂന്നാം വർഷം)

ഇതിവൃത്തം—
ഒരു കവർച്ചക്കാരനായ സിംഹത്തെ
കുന്തമുനയുടെ കഠോരതയോടെ
കൊലപ്പെടുത്തിയവനും
ഒരു മഠയനായ മല്ലനെ
നാട്ടുകൂട്ടത്തിന്റെ അത്ഭുതത്തോടെ
കീഴ്പ്പെടുത്തിയവനുമായ ഹാർമീച്ചസ്
സുന്ദരിയായ ഒരു പെണ്ണിന്റെ
നീരന്ധ്രങ്ങളായ കണ്ണുകൾക്കു താഴെ
നുരഞ്ഞ പുഞ്ചിരിയിൽ കീഴ്പ്പെട്ടെങ്കിൽ
അവൾക്കൊരു ഗാഢചുംബനം നൽകി
അപമാനിതനായെങ്കിൽ,
ഒരു കവർച്ചക്കാരനായ സിംഹത്തേയോ
മഠയനായ മല്ലനേയോ കീഴ്പ്പെടുത്തുന്നതിലല്ല
ഒരു സുന്ദരിപ്പെണ്ണിനെ ഗാഢമായി ചുംബിച്ച്
സ്വയം അപമാനിതനാകുന്നതിലാണ്
പുരുഷത്വമെന്ന്-നമുക്ക്,
അലോസരപ്പെടാതെ വിചാരപ്പെടാം
പുരാവൃത്തം—
പല പല പടയോട്ടങ്ങളിൽ തളരാതെ
പടയണികളുടെ കരുത്തുയർത്തിയതോടെ
ഷണ്ഡൻന്മാരുടെ സ്വപ്നങ്ങളിൽ
അനിശ്ചിതത്വത്തിന്റെ
ഗോർഡിയൻ കുരുക്കഴിച്ചവനും
പല പോർമുഴികളിൽ തളരാതെ
പോർമിഴികളുടെ കരുത്തുടച്ചതോടെ
സുന്ദരികളുടെ സ്വപ്നങ്ങളിൽ
രതിഭാവൈശ്വര്യത്തിന്റെ
വലക്കണ്ണിമുറുക്കിയവനുമായ സീസർ
പലവട്ടം ഉദിച്ചുയർന്ന സൂര്യന്റെ
പഴയകിരണങ്ങളുടെ കൂർമ്മയിൽ—
പിറന്ന ഒരു പെണ്ണിന്റെ-
വിരന്ധ്രനീലങ്ങളായ മിഴികളിൽ കണ്ട-
രതിഭാവൈശ്വര്യത്തിന്
സിസറോവിനെ നൽകിയതെങ്കിൽ
പടയോട്ടങ്ങളുടെ കരുത്തോടെ
പോർമിഴികളുടെ മടുപ്പോടെ
സിസറോവിനെ വിറപ്പിച്ചതാണ് പുരുഷത്വമെന്ന്
നമുക്ക് അലോസരപ്പെടാതെ വിചാരപ്പെടാം.
അനുബന്ധം—
ഒരു ഹാർമിച്ചസിന്റെ കഠാരക്കുപകരം
ഗാഢചുംബനവും
ഒര്യ സിസറിന്റെ സ്ത്രീവിദ്വേഷത്തിനുപകരം
ഗാഢശ്ലേഷവും.
അനുഭവിച്ചറിഞ്ഞവളായ ക്ലിയോപാട്ര.
ഗാഢചുംബനമേററും ഗാഢാശ്ലേഷമേററും
ജീവിച്ചെങ്കിൽ
അതത്രേ സ്ത്രീത്വം-
എന്നല്ലേ—
നാം അലോസരപ്പെടാതെ
വിചാരപ്പെടേണ്ടത്?

ഈ ഭൂമിയിലെ സർവ്വർക്കും അജ്ഞാതനായ, ഒരു ജീവിക്കും അറിഞ്ഞുകൊണ്ട് ഒരു ഉപകാരവും ചെയ്യാത്ത എന്നെക്കുറിച്ചാണോ അവൾ പറയുന്നത്!... അവൾ എന്റെ മാറിലേക്ക് ചാഞ്ഞു. ഞാൻ അവളെ ആലിംഗനം ചെയ്തു...

# ചാലിയാറിന്റെ തീരങ്ങളിൽ

പ്രഭാകരൻ.കെ.
(ബി.എസ്.സി. രണ്ടാം വർഷം)

അരുണസൂര്യന്റെ അന്ത്യകിരണങ്ങൾ മറ്റെല്ലാ സ്ഥലങ്ങളെയുംപോലെ ചാലിയാറിന്റെ തീരങ്ങളേയും തലോടിക്കൊണ്ടിരുന്നു. മലീമസമായ ചാലിയാർ മന്ദമായി ഒഴുകിക്കൊണ്ടിരിക്കുന്നതു കാണുമ്പോൾ അതിന് ഒരു ദിവ്യശക്തിയുള്ളതുപോലെ തോന്നി. മരങ്ങൾ ഇടതൂർന്നു വളർന്നിരുന്ന അതിന്റെ തീരങ്ങളിലൂടെ ഒരു സായാഹ്ന സവാരി. ഹാ! എന്തൊരു അനുഭൂതിയായിരിക്കുമത്. ചെറിയ ചെറിയ ചുഴികൾ എന്തിനെന്നില്ലാതെ കൊടുമ്പിരികൊള്ളുന്നുണ്ടായിരുന്നു. ചെറുതും വലുതുമായ മത്സ്യങ്ങൾ എന്തോ അന്വേഷിച്ചിട്ടെന്നപോലെ ജലപ്പരപ്പിൽ വന്നു മിന്നിമറഞ്ഞു. തീരവൃക്ഷങ്ങളുടെ വേരുകൾ അനന്തമായി മണ്ണിലും വൃക്ഷശിഖരങ്ങൾ അപ്രാപ്യമായ ആകാശങ്ങളിലും എന്തായിരുന്നു തേടിക്കൊണ്ടിരുന്നത്?

ഒരു പ്രത്യേകരൂപമില്ലാത്ത ആ ചെറിയ പാറപ്പുറത്ത് ഇരുന്നപ്പോൾ പല പല രൂപങ്ങളും ഭാവങ്ങളും മനസ്സിൽ തെളിഞ്ഞുവന്നു.

കഴിഞ്ഞയാഴ്ച വീട്ടിൽ പോയപ്പോൾ പരിചിത മുഖങ്ങൾക്കെന്തായിരുന്നു ഒരു വല്ലായ്മ അല്ലെങ്കിൽ എനിക്കു തോന്നിയതോ?

ഞാനെന്തൊരു വിഡ്ഢിത്തമാണ് ആ സുധാകരനോട് പറഞ്ഞത്.

''വീട്ടിൽ വന്നാൽ ഒന്നു പുറത്തിറങ്ങിനടന്ന് എല്ലാവരേയും കണ്ടുകൂടെ? എന്താ ഇവിടെത്തന്നെ ഇങ്ങിനെ ഇരിക്കുന്നത്?'' വളരെ തീക്ഷ്ണമായിരുന്നു ആ ചോദ്യം. പെട്ടെന്നുതന്നെ ഞാനൊന്നും ആലോചിക്കാതെ പറഞ്ഞു. ''ഞാൻ മനുഷ്യരെ ഭയപ്പെടുന്നു ...''

''അപ്പോ നീയാരാ...ദേവാവതാരമോ?''

അതിനെനിയ്ക്കുത്തരമുണ്ടായിരുന്നില്ല. ആ ചോദ്യത്തിനുമുമ്പിൽ ഞാൻ ചൂളിപ്പോയിരുന്നു. അല്ലെങ്കിലും ഞാനത് പറയേണ്ടിയിരുന്നില്ല. അതും പറഞ്ഞു പരിഭവത്തോടെ അവൻ നടന്നകന്നപ്പോൾ എന്തോ ഒന്നു നഷ്ടപ്പെട്ട പ്രതീതിയായിരുന്നു....

പലതും ഓർത്തപ്പോൾ നേരം പോയതറിഞ്ഞില്ല. അപ്പോൾ സമയം വേറെയായിരുന്നു. ക്രൂരമായ ഇരുട്ട് എല്ലായിടവും പരന്നിരുന്നു. അങ്ങകലെ കൂട്ടിലടങ്ങാത്ത കൊച്ചുപക്ഷികളെ പരിഭ്രമത്തോടെ വിളിച്ചുകൊണ്ടിരുന്ന തള്ളപ്പക്ഷികൾ...

ഇക്കരെനിന്നുമുള്ള മനുഷ്യരുടെ ചൂളംവിളികൾ അക്കരെ തട്ടി പ്രതിദ്ധ്വനിച്ചപ്പോൾ ഞാൻ തെല്ലൊന്നു നടുങ്ങി.

വളരെ ദൂരെ ചെറുതോണികൾ ഇരുട്ടിനെപ്പേടിച്ച് വേഗത കൂട്ടിക്കൊണ്ടിരുന്നു. ഇതുവരെ തെളിഞ്ഞിരുന്ന ചാലിയാർ അവ്യക്തമായി ഇരുട്ടിലൂടെ ഒഴുകിക്കൊണ്ടിരുന്നു. മനുഷ്യരെല്ലാം കൂടുകളിലൊതുങ്ങിക്കഴിഞ്ഞിരുന്നു.

---

തന്റെ ജീവിതം മുഴുവൻ മനുഷ്യോപകാരപ്രദമായ രീതിയിൽ ചെലഴിക്കണമെന്നായിരുന്നു ബർബാങ്കിന്റെ ആഗ്രഹം. മനുഷ്യനും ഇതര ജീവികൾക്കും ഉപകാരപ്രദമായ സസ്യങ്ങൾ സൃഷ്ടിക്കുക മൂലം അദ്ദേഹം ചാരിതാർത്ഥ്യമടഞ്ഞു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് സസ്യങ്ങൾ ശേഖരിച്ചായിരുന്നു അദ്ദേഹം തന്റെ പരീക്ഷണങ്ങൾ നടത്തിയിരുന്നത്. അതുകൊണ്ടു തന്നെയായിരുന്നു അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതും.

എഴുപത്തിമൂന്നുതരം പുതിയ പുഷ്പങ്ങൾ, എട്ടു പുതിയതരം റോസ്ചെടികൾ, വൃക്ഷങ്ങളിൽ വളരുന്ന അറുപത്തിയാറു പുതിയതരം പഴങ്ങൾ, ചെറുസസ്യങ്ങളിൽ വളരുന്ന പന്ത്രണ്ടു പുതിയതരം ഫലങ്ങൾ, ഒമ്പതു തരം പുതിയ പച്ചക്കറി സസ്യങ്ങൾ ഒരു പുതിയ നിലക്കടല സസ്യം, രണ്ടു പുതിയതരം ആപ്പിൾവൃക്ഷങ്ങൾ, അറുപതോളം പുതിയ മുന്തിരിച്ചെടികൾ, മരുപ്രദേശജീവികളുടെ മുഖ്യാഹാരമായ മുപ്പത്തിയഞ്ചു പുതിയതരം കാക്ടസ് സസ്യങ്ങൾ, ഇവയെല്ലാം ലൂതർ ബർബാംഗിന്റെ നിസ്സീമവും നിരന്തരവുമായ പരിശ്രമത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു. ○

ഞാൻ മാത്രം...

ഞാനൊററക്കാണോ ഈ അസമയത്ത്...അല്ല. എനിക്ക് കൂട്ടിനൊരാൾകൂടി വേണം. അല്ലെങ്കിൽ എനിക്ക് പേടിയാകും. പേടിച്ചാൽ ഞാൻ മരിയ്ക്കും. മരിച്ചാൽ...ഓ! എനിക്കതോർക്കാൻപോലും കഴിഞ്ഞിരുന്നില്ല. മരിക്കാൻ ഞാനൊരിക്കലും ആഗ്രഹിച്ചിരുന്നില്ല. എത്ര സുന്ദരമാണ് ഈ ലോകം. എത്ര സുന്ദരമാണ് ഈ ജീവിതം...ഈ അനർഘനിമിഷംവരെ എനിക്കെന്തുകൊണ്ടതു തോന്നിയല്ല.

അവ്യക്തമായി ഇരുട്ടിൽ ഒരു സ്ത്രീരൂപം എന്റെ നേരെയടുത്ത് വന്നു. ഞാൻ പ്രതീക്ഷയോടെ അവിടെത്തന്നെ ഇരുന്നു. എനിക്ക് കൂട്ടിന്നായി വരുന്നതായിരിക്കും.

എന്റെ അടുത്തെത്തിയ സ്ത്രീരൂപം അതീവസുന്ദരമായിരുന്നു. വളരെ വളരെ. നിഷ്കളങ്കമായ ആ കണ്ണുകൾ...വിശാലമായ നെററിത്തടം... വടിവൊത്ത മൂക്ക്...എല്ലാം എല്ലാം. ഞാൻ അവളെ അടിമുടിയൊന്നു നോക്കി. അവൾ അതേ നില്പിൽത്തന്നെ നിന്നു.

അവളുടെ വെളുത്ത വസ്ത്രം മന്ദമായൊഴുകിയ മാരുതനിൽ ആടിയുലഞ്ഞു. എന്റെ ഇത്രയും കാലത്തെ ജീവിതത്തിൽ ഞാനാദ്യമായി ഒരു സുന്ദരിയെ കാണുകയായിരുന്നു.

നിമിഷങ്ങൾ കടന്നുപോയി. മൂകമായി രണ്ടു മനുഷ്യരൂപങ്ങൾ ഇരുട്ടുനിറഞ്ഞ ആ തീരങ്ങളിൽ അഭയം കണ്ടെത്തി. എന്റെ പാറിപ്പറന്ന മുടിമുതൽ അടിവരെ അവൾ ഒരു സ്നേഹമാർന്ന ദർശം നൽകി.

ആ നിമിഷം...പ്രകൃതിമുഴുവൻ സ്തംഭിച്ചിരുന്നു. മന്ദമാരുതൻ എന്തിനെയോ ഭയന്നിട്ടെന്നപോലെ സഹ്യാദ്രിയുടെ മടിയിൽപ്പോയൊളിച്ചെന്നു തോന്നി. വിളറിവെളുത്ത ചന്ദ്രൻ ഭയപ്പാടോടെ നോക്കി...അതുവരെ ഒഴുകിയിരുന്ന ചാലിയാർ അതിന്റെ ഒഴുക്ക് നിർത്തിയിരുന്നു. ഒരു വലിയ ഐസുപോലെ ചാലിയാർ നിർജ്ജീവമായിക്കഴിഞ്ഞിരുന്നു.

എന്റെ പേർ ആ ചുണ്ടുകളിൽനിന്നുതിർന്നു വീണു. ഞാൻ അത്ഭുതംകൊണ്ട് മതിമറന്നു. എങ്ങിനെ ഇത് സംഭവിച്ചു. എങ്ങിനെ എന്റെ പേർ ഈ അജ്ഞാതസുന്ദരിക്ക് നിശ്ചയമായി. ഞാൻ അത്ഭുതപരതന്ത്രനായി നിൽക്കുമ്പോൾ ആ സുന്ദരി തുടർന്നു.

''അങ്ങയെ എനിക്കറിയാം....അങ്ങ് എന്റെ സർവ്വസ്വമാണ്...അങ്ങ് ആരാണെന്നും എന്താണെന്നും എനിക്കറിയാം....

ഒററ ശ്വാസത്തിൽ അവൾ എന്റെ കഥ മുഴുവനും പറഞ്ഞു. എന്റെ ജീവചരിത്രം. അതുവരെയുള്ള എന്റെ ജീവചരിത്രം ഒരു അജ്ഞാതസുന്ദരിയുടെ വാക്കുകളിൽ കേട്ടപ്പോൾ എനിക്കു സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല.

ഇത്രയും പറഞ്ഞുകഴിയുമ്പോഴേക്ക് ആ സുന്ദരിയുടെ സുന്ദരമായ നെററിത്തടത്തിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞിരുന്നു.

അത് കണക്കാക്കാതെ അവൾ തുടർന്നു.

''അങ്ങ് ഈ ചാലിയാറിന്റെ തീരങ്ങളിൽ വരുമ്പോഴെല്ലാം ഞാനിവിടെയുണ്ടായിരുന്നു,'' നീ എവിടെയായിരുന്നു ഒളിച്ചിരുന്നത് എന്ന് ചോദിക്കണമെന്നെനിക്കു തോന്നി. പക്ഷെ കഴിഞ്ഞില്ല. ഞാനാകെ കുഴഞ്ഞിരുന്നു എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൾ തുടർന്നു. ''അങ്ങെന്തൊരു വിഡ്ഢിയാണ്...ഇത്ര സുന്ദരമായ ഈ ലോകത്ത് അങ്ങ് മാത്രമിങ്ങനെയിരിക്കുന്നതെന്തിനാണ്...ഈ ജീവിതം എത്ര സുന്ദരമാണ് എത്രയെത്ര ജൻമങ്ങൾ കഴിഞ്ഞിട്ടാണ് ഈ മനുഷ്യജൻമത്തിലെത്തിച്ചേർന്നത് എന്ന് അങ്ങക്കറിയില്ലേ? ഈ മനുഷ്യജൻമം ദുർലഭമാണെന്ന് പൂന്താനം പാടിയത് ജ്ഞാനപ്പാനയിലൂടെ നിങ്ങൾ കേട്ടിട്ടില്ലേ? ഈ ജൻമത്തെ സുഖത്തോടും സന്തോഷത്തോടുംകൂടെ ഉപയോഗപ്പെടുത്തുന്നതാണ് ഏററവും വലിയ സത്കർമ്മം ''

ഈ സുന്ദരി ഇത്രയും വാചാലയാകുമെന്ന് ഞാൻ കരുതിയില്ല. ഞാനിതുവരെ കണ്ട സുന്ദരിമാരെല്ലാം മൂകമാരായിരുന്നല്ലോ! ഇതെന്താ ഇപ്പോൾ ഇങ്ങനെ? എന്റെ സ്വതസ്സിദ്ധമായ ആ വാചകം ഞാനീ പെണ്ണിനോട് ആവർത്തിച്ചാൽ എന്തായിരിക്കും ഇവളുടെ പ്രതികരണം. ഞാൻ മെല്ലെ ശേഷിച്ച ബഹുമാനങ്ങളോടെ എന്റെ ആദ്യത്തെ വാചകം മുഴുമിപ്പിച്ചു.

"നീയൊന്നു കരയൂ...നിന്റെ സൗന്ദര്യം പൂർണ്ണമായി ഞാനൊന്നാസ്വദിക്കട്ടെ..'' എങ്ങനെയോ ഞാൻ അതു പറഞ്ഞുതീർത്തു. എന്തായിരിക്കും അവളുടെ പ്രതികരണം എന്നറിയാൻ ഞാൻ ഉത്സുകനായി അവളുടെ മുഖത്ത് ഉററുനോക്കിക്കൊണ്ടിരുന്നു.

മന്ദമായി അവളൊന്നു പുഞ്ചിരിക്കുകമാത്രം ചെയ്തു. അപ്പോൾ അവർണ്ണനീയമായ ആ സൗന്ദര്യധാമത്തെ ഞാൻ കൺകുളുർക്കെ കണ്ടു. എന്റെ അലിഖിതമായ ആ സിദ്ധാന്തം തകർന്നു തരിപ്പണമായി. ആ പുഞ്ചിരി വശ്യമായിരുന്നു. അവൾ എന്നോട് കെഞ്ചി, ''അങ്ങ് അങ്ങനെയൊന്നും പറയല്ലേ. ഞാനങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. എനിക്ക് ആകെയുള്ള ആശ്രയം. അങ്ങാണ്. അങ്ങെന്നെ കൈവെടിയരുതേ!'' ഞാൻ അത്ഭുതവിവശനായി. എന്തൊക്കെയാണിവൾ പറയുന്നത്, ഈ ഭൂമിയിലെ സർവ്വർക്കും അജ്ഞാതനായ, ഒരു ജീവിക്കും അറിഞ്ഞുകൊണ്ട് ഒരു ഉപകാരവും ചെയ്യാത്ത എന്നെപ്പററിയാണോ ഇവൾ പറയുന്നത്. അവൾ എന്റെ മാറിലേക്കു ചാഞ്ഞു. ഞാൻ അവളെ ആലിംഗനം ചെയ്തു. എന്ത്...?

ഇതുവരെ ഊർജ്ജസ്വലയായ അവൾ ഒരു ശവശരീരമായി നിലംപതിച്ചു....എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല, ഇതെങ്ങനെ സംഭവിച്ചു... ഞാനൊരലർച്ചയോടെ പൊട്ടിപൊട്ടിക്കരഞ്ഞു. അജ്ഞാതയായ ആ സുന്ദരിക്കുവേണ്ടി...അലർച്ചയോടെ ഞാൻ അട്ടഹസിച്ചു "ഇതെങ്ങിനെ സംഭവിച്ചു...'' അടുത്ത റൂമിൽനിന്നും ആരാത്? ആരാത്? എന്ന ശബ്ദം കേട്ടപ്പോൾ ഞാൻ മൗനം പാലിച്ചു! ഓ! എത്ര നേരത്തെയാണ് ഞാനുറങ്ങിയത്! □

# ചങ്ങല പൊട്ടിയ്ക്കൂ

വിനു മതിലകത്ത്, രാമനാട്ടുകര

ഹാ മുകിൽക്കൂട്ടങ്ങളേ
ശ്യാമസായാഹ്നത്തിലെ
വ്യോമക്കല്ലറയ്ക്കുള്ളിൽ
ബന്ധിതരാണോ നിങ്ങൾ!
നിങ്ങൾതൻ ശോകാക്രന്ദം
കേൾക്കുന്നിതെൻകാതുകൾ
നിങ്ങൾതൻ രക്താങ്കിത-
ദേഹമെൻ കണ്ണും കാൺമൂ.
അദ്ദീർഘനിശ്വാസവും
ചീററലും വിതുമ്പലും
എത്തിനില്ക്കുന്നൂ മേൻമേൽ
എൻ കർണ്ണപുടങ്ങളിൽ.
പുകയും തീച്ചൂളപോൽ
മൂകമായ് മന്ത്രിയ്ക്കുന്നു
മുകിലേ, നിന്നുൾത്തടം
ശാശ്വതവിമുക്തിയ്ക്കായ്.
ശാപദുർഗ്ഗങ്ങൾക്കുള്ളിൽ
മോഹഭാണ്ഡവും പേറി
താപഭൂമിയിൽനിന്നു
ശാശ്വതവിമുക്തിയ്ക്കായ്.

നിൻ പാരതന്ത്ര്യാന്ധകാ-
രത്തിലെ കൽക്കൂനയിൽ
നിൻപാദമയ്യോതട്ടി
ച്ചോരവീഴ്കയായ് നീളെ
ഹാ, കൊടും തമസ്സിലെ
ശാശ്വതവിമുക്തിയ്ക്കായ്
ആകവെ തുടിയ്ക്കുന്നു
നിൻമന, മെന്നെപ്പോലെ.
നിൻ കരങ്ങളിൽതീർത്ത
ചങ്ങല, മാനത്താകെ
വൻകടൽ ചീറുംപോലെ
തുടരെക്കിലുങ്ങുന്നു
നീയതാ വലിഞ്ഞിഴ-
ഞ്ഞാകാശമാകെട്ടീന-
രോദനം പൊഴിച്ചുകൊ-
ണ്ടാരെയോ വിളിയ്ക്കുന്നു.
ഗദ്ഗദസ്വരത്തിനാൽ,
വിറയാൽ, നിന്നക്ഷരം
ദിക്തടങ്ങളിൽതട്ടി
മാറെറാലിയുയർത്തുന്നു!

നീ കരയായ്കെൻശ്യാമ-
മേഘമേ, നിവർന്നേല്ക്കൂ
നിന്നുഷഃകാലം മുന്നിൽ
പൂത്താലമേന്തീടുന്നു.
മുക്തിതൻ ദീപിൽവിശ്വ
ദാഹവും പേറിക്കൊണ്ടേ
ശക്തിയായ് കുതിയ്ക്ക നീ
ശാശ്വത വിമുക്തിയ്ക്കായ്.
ധീരകാഹളം ചക്ര-
വാളഭിത്തികൾ പൊട്ടി-
ച്ചീറിയീ പ്രപഞ്ചത്തിൽ
മാറെറാലി കൊണ്ടീടട്ടെ!
നിൻധീരരക്തംവീണീ-
മണ്ണിതിൽ കാലങ്ങളായ്
നിദ്രയിൽ പെട്ടോർഞെട്ടി
തട്ടിയങ്ങുണരട്ടെ!
നിൻശുദ്ധരക്തം പുത്തൻ
ചൈതന്യമുടൻ, സിരാ-
തന്തുക്കൾക്കരുളട്ടെ,
ചങ്ങല പൊട്ടീടട്ടെ! ○

''സ്വാതന്ത്ര്യവുമായി എനിക്കെന്റെ നാട്ടിലേക്ക് തിരിച്ചുപോകണം. ഒരു അടിമരാജ്യത്തിലേക്ക് തിരിച്ചുപോകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരു വിദേശരാജ്യമാണെങ്കിലും ഒരു സ്വതന്ത്ര രാജ്യമാണെങ്കിൽ അവിടെവെച്ചു മരിക്കുവാനാണ് ഞാനാഗ്രഹിക്കുന്നത്. എന്റെ നാടിന്ന് സ്വാതന്ത്ര്യം തരിക, അല്ലെങ്കിൽ ഈ സ്വതന്ത്രരാജ്യത്തിൽ എനിക്ക് ആറടി മണ്ണ്''.

# ധീരനായ സ്വാതന്ത്ര്യപ്പോരാളി
# മൗലാനാ മുഹമ്മദ്

ചെറിയ മുഹമ്മദ്
(ബി. എ. മൂന്നാംവർഷം)

**അലി** സഹോദരൻമാർ ഇന്നാട്ടിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ജ്വലിക്കുന്ന താരങ്ങളത്രെ. മൗലാനാ മുഹമ്മദലിയും ജ്യേഷ്ഠൻ ഷൗക്കത്തലിയും നാട്ടിന്റെ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി വരിച്ച ത്യാഗങ്ങൾ ഓരോ ഭാരതീയനെയും ആവേശം കൊള്ളിക്കുന്നവയാണ്. ആധുനിക ഇന്ത്യയുടെ സാമൂഹ്യ രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനം വഹിക്കുന്ന മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു എന്നിവരെപ്പോലെ അപൂർവ്വപ്രതിഭാസമായിരുന്നു മൗലാനാ മുഹമ്മദലി. 1878ൽ ജനിച്ച അദ്ദേഹം 1931ൽ ലോകത്തെ മുഴുവൻ സ്വാതന്ത്ര്യവാദികളെയും കണ്ണീരിലാഴ്ത്തിക്കൊണ്ട് നമ്മോട് യാത്ര പറഞ്ഞു.

'ഈസുൽ അഹ്റാർ' (സ്വതന്ത്രരുടെ നേതാവ്) എന്ന പേരിൽ വിഖ്യാതനായ മൗലാനാ സ്വാതന്ത്ര്യസമരസേനാനി, മാതൃകായോഗ്യനായ മുസൽമാൻ, സാമൂഹ്യപരിഷ്കർത്താവ്, ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ എന്നീ നിലകളിൽ ശോഭിച്ചിരുന്നു. പടച്ചട്ടയണിയാതെയും പടവാളെടുക്കാതെയും സ്വാതന്ത്ര്യസമരത്തിന്റെ രണാങ്കണത്തിൽ അടരാടി വിജയം വരിച്ച ഭാരതാംബയുടെ ഈ വീരപുത്രൻ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പേടിസ്വപ്നമായിരുന്നു.

മുഹമ്മദലിയുടെ ജിഹ്വയും തൂലികയും ഒരുപോലെ സ്വാതന്ത്ര്യത്തിന്റെ കാഹളം മുഴക്കി. ശത്രുവിന്റെ എതിർപ്പുകൾക്കു മുമ്പിൽ ചൂളിപ്പോകാത്ത നിർഭയനായ പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. തൂലിക ഒരു പടവാളാണെന്ന വിശ്വമഹാകവി ഡോക്ടർ മുഹമ്മദ് ഇക്ബാലിന്റെ പ്രഖ്യാപനം മുഹമ്മദലിയുടെ പരിവർത്തനദാഹിയായ പേനയെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ശരിയായിരുന്നു. കൽക്കത്തയിൽനിന്നും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന കോമ്രേഡ് എന്ന ഇംഗ്ലീഷ് പത്രം വെള്ളമേധാവിത്വത്തിന് എന്നും ഒരു തലവേദനയായിരുന്നു. പ്രസ്തുത പത്രത്തിന്റെ പേരിൽ വിപ്ലവകാരിയായ അതിന്റെ പത്രാധിപർ ബ്രിട്ടീഷുകാരുടെ തടവറകളുള്ളിൽ ജീവിതത്തിന്റെ നല്ലൊരുഭാഗം ചിലവഴിക്കേണ്ടി വരികയുണ്ടായി.

ഒരു പത്രപ്രവർത്തകൻ എന്നതിനു പുറമെ പ്രഗൽഭനായ ഒരു പ്രാസംഗികൻ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ അഭിപ്രായങ്ങൾ നിർഭയമായും സങ്കോചമില്ലാതെയും ആരുടെ മുന്നിലും തുറന്നു പറയുമായിരുന്നു. സുന്ദരമായ പദങ്ങൾ കോർത്തിണക്കിയ അദ്ദേഹത്തിന്റെ വാചാലമായ ഇംഗ്ലീഷ് പ്രസംഗങ്ങളെ പല എഴുത്തുകാരും പുകഴ്ത്തുകയുണ്ടായിട്ടുണ്ട്. ഇംഗ്ലീഷ്ഭാഷാ പരിജ്ഞാനത്തിലും അദ്ദേഹം അന്നത്തെ ഭാരതീയനേതാക്കളുടെ മുന്നിലായിരുന്നു.

വിദ്യാഭ്യാസപരമായി മുസ്ലിംകൾ വളരെയധികം പിന്നോക്കനിലയിലായിരുന്നപ്പോൾ സർ സയ്യിദ് അഹമ്മദ്ഖാൻ തുടങ്ങിവെച്ച സാമൂഹ്യപരിഷ്കാരം തിരക്കിട്ട ജീവിതത്തിനിടയിലും മൗലാനാ തുടർന്നുപോയി. അലീഗർ കോളേജ് ഒരു സർവ്വകലാശാലയായി ഉയർത്താൻവേണ്ടി അദ്ദേഹം ആഗാഖാനോടൊത്ത് അക്ഷീണം പ്രവർത്തിച്ചുവെങ്കിലും ഗവൺമെന്റിന്റെ നിസ്സഹകരണംകൊണ്ട് ആ ശ്രമം വിജയത്തിലെത്തിയില്ല. എന്നാൽ ഇന്നത്തെ ഭാരതീയസർവ്വകലാശാലകളുടെ മുൻപന്തിയിൽ തന്നെ നിലകൊള്ളുന്ന ജാമിഅ: മില്ലിയ: ഇസ്ലാമിയ്യയുടെ പ്രമുഖശില്പികളിലൊരാളായ മുഹമ്മദലി ആ സ്ഥാപനത്തിന്റെ വളർച്ചക്ക്വേണ്ടി വരിച്ച ത്യാഗങ്ങൾ എല്ലാ വിദ്യാഭ്യാസപ്രേമികളുടെയും പ്രശംസക്കു പാത്രമാവുകയുണ്ടായിട്ടുണ്ട്. സർവ്വ കഴിവുകളും ഒത്തിണങ്ങിയ മൗലാനാ ഭാവനാസമ്പന്നനായ ഒരു കവിയുംകൂടിയായിരുന്നു. മനോഹരമായ അനേകം ഉർദു കവിതകൾ അദ്ദേഹം രചിക്കുകയുണ്ടായിട്ടുണ്ട്. രത്നം എന്നർത്ഥം വരുന്ന 'ജൗഹർ' എന്ന അദ്ദേഹത്തിന്റെ തൂലികാനാമം ഒരു കാലത്ത് ഉർദു സാഹിത്യപ്രേമികളുടെ ആവേശമായിരുന്നു.

മൗലാനായുടെ സ്വാതന്ത്ര്യദാഹം വിവരണാതീതമാണ്. വട്ടമേശസമ്മേളനത്തിൽ വെച്ച് തന്റെ മാതൃ



ഭൂമിക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകാത്ത ബ്രിട്ടീഷ് ഭരണകർത്താക്കളുടെ മുഖത്തു നോക്കിക്കൊണ്ട് മുഹമ്മദലി ചെയ്ത സുപ്രസിദ്ധമായ പ്രസംഗം എക്കാലത്തെയും സ്വാതന്ത്ര്യമോഹികളുടെയും ആവേശമായിരിക്കുകതന്നെ ചെയ്യും. ജോർജ്ജ് അഞ്ചാമനെ വിറകൊള്ളിച്ചുകൊണ്ട് വട്ടമേശസമ്മേളനത്തിൽ വെച്ച് മൗലാനാ പ്രഖ്യാപിച്ചു. ''സ്വാതന്ത്ര്യവുമായി എനിക്ക് എന്റെ നാട്ടിലേക്ക് തിരിച്ചുപോകണം. ഒരു അടിമരാജ്യത്തിലേക്കു തിരിച്ചുപോകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരു വിദേശരാജ്യമാണെങ്കിലും ഒരു സ്വതന്ത്രരാഷ്ട്രമാണെങ്കിൽ അവിടെവെച്ചു മരിക്കുവാനാണ് ഞാനാഗ്രഹിക്കുന്നത്. എനിക്ക് നിങ്ങൾ സ്വാതന്ത്ര്യം തരിക. അല്ലെങ്കിൽ ഈ സ്വതന്ത്രരാജ്യത്തിൽ എനിക്ക് ആറടി മണ്ണ് തരിക''.

ഹിന്ദു മുസ്‌ലിം മൈത്രി നിലനിർത്തുന്നതിൽ മുഹമ്മദലിക്കുണ്ടായിരുന്ന നിഷ്കർഷ എടുത്തു പറയേണ്ടതത്രെ. യഥാർത്ഥ മതവിശ്വാസി ഒരിക്കലും സാമുദായികവിദ്വേഷത്തിനു കാരണമാവുകയില്ലെന്ന് അദ്ദേഹം തെളിയിച്ചു. സമുദായമൈത്രിയുടെ സന്ദേശവുമായി മുഹമ്മദലിയും സഹോദരൻ ഷൗക്കത്തലിയും ഗാന്ധിജിയോടൊത്ത് ഭാരതം മുഴുവൻ ചുറ്റിസഞ്ചരിക്കുകയുണ്ടായി "ഗാന്ധിജി കീ ജേ, മുഹമ്മദലി ഷൗക്കത്തലി കീ ജേ" എന്ന് ഒന്നിച്ചു മുദ്രവാക്യം മുഴക്കിയ കാലഘട്ടമായിരുന്നു അത്. സമുദായസൗഹാർദ്ദത്തിന്റെ ആചാര്യൻ തന്റെ നാട്ടുകാരെ ഉപദേശിച്ചു.

ഹിന്ദുക്കൾ യഥാർത്ഥ ഹിന്ദുക്കളായാലും മുസ്‌ലിംകൾ യഥാർത്ഥ മുസ്‌ലിംകളായാലും അവർ തമ്മിലുള്ള ബന്ധം ഒരു പ്രശ്നമാവുകയില്ല. ഡോക്ടർ സക്കീർ ഹുസൈൻ പറഞ്ഞതുപോലെ: മറ്റാരെപോലെയും ഇന്ത്യൻ മുസ്‌ലിംകൾ രാജ്യത്തെ സ്നേഹിക്കുന്നവരാണ്. പക്ഷെ അവരുടെ സാംസ്കാരിക വ്യക്തിത്വം മുഴുവനായും ഉപേക്ഷിക്കാൻ അവർ തയ്യാറല്ല. നല്ല മുസ്‌ലിംകളും നല്ല ഇന്ത്യക്കാരും ആകുവാനാണ് അവർ ആഗ്രഹിക്കുന്നത്. ഈ വാചകത്തിന്റെ ഭാഷ്യമായിരുന്നു മൗലാനാ മുഹമ്മദലിയുടെ ജീവിതം.

ഒരു സ്വതന്ത്രരാഷ്ട്രത്തിൽവെച്ച് പരലോകം പൂകുവാനുള്ള മുഹമ്മദലി ജൗഹറിന്റെ ആഗ്രഹം സാക്ഷാത്കരിക്കപ്പെട്ടു. വട്ടമേശസമ്മേളനം കഴിഞ്ഞ് ഭാരതത്തിലേക്ക് മടങ്ങുംമുമ്പ് ഇംഗ്ലണ്ടിൽ വെച്ച് അദ്ദേഹം മരിച്ചു; ഭാരതത്തെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട്. ഈജിപ്തിലെ പ്രസിദ്ധ അറബി കവി മുഹമ്മദലിയുടെ അന്ത്യത്തെക്കുറിച്ച് രചിച്ച ശോകഗാനം അറബ്യൻ രാഷ്ട്രങ്ങളിൽ പോലുമുള്ള ജനങ്ങളിൽ മുഹമ്മദലിക്കുണ്ടായിരുന്ന സ്വാധീനമാണ് പ്രകടമാക്കുന്നത്. ലോകമുസ്‌ലിംകളുടെ ആഗ്രഹപ്രകാരം മുസ്‌ലിംകളുടെ മൂന്നാം ഖിബ്‌ലയും മൂന്നാം തീർത്ഥാടനകേന്ദ്രവുമായ ജറുസലേമിലെ ബൈത്തുൽ മുഖദ്ദസ്സിൽ മുഹമ്മദലിയുടെ മൃതദേഹം ജനലക്ഷങ്ങളുടെ സാന്നിധ്യത്തിൽ സംസ്കരിക്കപ്പെട്ടു.

മുഹമ്മദലിയെക്കുറിച്ച് ഗാന്ധിജി പറഞ്ഞു: ''അദ്ദേഹം ദേശാഭിമാനിയായിരുന്നു. അദ്ദേഹത്തിന്റെ ഭാരതത്തോടുള്ള സ്നേഹം ഇസ്‌ലാംമതത്തോടുള്ള സ്നേഹത്തോളം ശക്തമായിരുന്നു.'' പ്രസിദ്ധ പാശ്ചാത്യ ചരിത്രകാരൻ എച്ച്. ജി. വെൽസ് പറഞ്ഞതിപ്രകാരമാണ്. ''മുഹമ്മദലിയെപ്പോലുള്ള മറ്റൊരുവന് ഭാരതഭൂമി ഇനി എന്ന് ജന്മം നൽകും?''

യുഗശില്പിയായ പ്രതിഭാശാലി! മനുഷ്യസമുദായം ഇതുവരെ കണ്ട തിൽവെച്ച് ഏററവും കാര്യക്ഷമവും നിരുപദ്രവവുമായ ഒരു ചികിത്സാ സമ്പ്രദായത്തിൻെറജനയിതാവ്! ഡോ.ഹാനിമാനെക്കുറിച്ച് ഹല്ലൻ സെർക്കിലി എഴുതിയ ഒരു ലേഖനത്തിൻെറ ആശയാനുവാദമാണ് ഈ ലേഖനം

# ഡോക്ടർ ഹാനിമാൻ


## ഡോ·സി·പി എം·സിദ്ദിക് ഹുസൈൻ
(പി.ഡി.സി രണ്ടാം വർഷം)



ആരായിരുന്നു ഹാനിമാൻ? ഹോമിയോപ്പതി എന്നാൽ എന്താണ്? അദ്ദേഹത്തിൻെറ ശിഷ്യൻമാർ മേൽചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നതാണ്. ''യുഗശില്പിയായ പ്രതിഭാശാലി. മനുഷ്യസമുദായം ഇതുവരെ കണ്ടതിൽവെച്ച് ഏററവും കാര്യക്ഷമവും നിരുപദ്രവവുമായ ഒരു ചികിത്സാ സമ്പ്രദായത്തിൻെറ ജനയിതാവ്'' അദ്ദേഹത്തിൻെറ പ്രതിയോഗികൾ ഉടനെ തിരിച്ചടിക്കും. ''കാപട്യം നിറഞ്ഞതും ഭാവനാത്മകവുമായ ഒരു വൈദ്യ സമ്പ്രദായം കണ്ടുപിടിക്കുന്നതിൽ വിജയംവരിച്ച സമർത്ഥൻ''. ഇവയിൽ നാം ഏതാണ് വിശ്വസിക്കേണ്ടത്?

ഹോമിയോ ചികിത്സാസമ്പ്രദായം കണ്ടുപിടിച്ചിട്ട് അരനൂററാണ്ടുപോലും കഴിഞ്ഞിട്ടില്ല എന്നിട്ടും എല്ലാ നാവുകളും ഹാനിമാൻെറ പേർ ഉച്ചരിക്കുന്നു; പലരാലും ഒരു മന്ത്രോച്ചാരണംപോലെ; ഹോമിയോ ചികിത്സാസമ്പ്രദായത്തിൻെറ കടുത്ത ശത്രുക്കൾപോലും ഈ സമ്പ്രദായത്തിൻെറ സ്ഥാപകനായ ഡോ: ഹാനിമാൻെറ അനുപമമായ ബുദ്ധിവൈഭവത്തേയും, പാണ്ഡിത്യത്തേയും മുക്തകണ്ഠം പ്രശംസിക്കുന്നു; മഹനീയമായ അദ്ദേഹത്തിൻെറ മനുഷ്യസ്നേഹപരമായ പ്രവൃത്തികളുടെയും ഉദാത്തമായ സ്വഭാവ മാഹാത്മ്യത്തിൻെറയും മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുകയും ചെയ്യുന്നു.

1839ൽ ഡോ: ഹാനിമാൻ പാരീസ് നഗരത്തിൽ ലക്സംബർഗ്ഗ് ഉദ്യാനത്തിനരികെ താമസമാക്കിയിരുന്നു. ഞാൻ അദ്ദേഹത്തെ ആദ്യമായി സന്ദർശിച്ചത് രോഗിയായ എൻെറ ഒരു സുഹൃത്തിനെ കാണിക്കുവാൻ വേണ്ടിയായിരുന്നു. അദ്ദേഹത്തെ എളുപ്പത്തിൽ കാണുവാനുള്ള സൌകര്യത്തിന്നു വേണ്ടി ഞങ്ങൾ രാവിലെ $9\frac{1}{2}$ മണിക്കുള്ള ഒരു വണ്ടിയിൽ പുറപ്പെട്ടു. ഏതാണ്ട് അരമണിക്കൂർ നേരത്തെ സവാരിക്കുശേഷം വണ്ടിക്കാരൻ കുതിരപ്പുറത്തുനിന്നിറങ്ങാതെ വണ്ടി നിരത്തിലൊരു ഭാഗത്തു നിർത്തി. അതുകണ്ട് ഡോക്ടറുടെ വസതിയിലെത്തിയോ എന്ന ചോദ്യത്തിന്നു വണ്ടിക്കാരൻ മറുപടി പറഞ്ഞു. ''ഇല്ല, മേഡം, ഇനിയും നമ്മുടെ ഊഴം വരാൻ വളരെ നേരമാകും അതാ ആ കാണുന്നതാണ് ഡോക്ടരുടെ ഭവനം'' കൊട്ടാരസദൃശമായ ഒരു മന്ദിരം വണ്ടിക്കാരൻ ചൂണ്ടിക്കാട്ടി. നടുവിൽ ഒരു ഇരുമ്പുപടിവാതിലോടുകൂടി, ഭീമാകാരമായ ഒരു കൻമതിൽ ആ മണിഹർമ്മ്യത്തിന്നു ചുററിലുമുണ്ടായിരുന്നു. അക്ഷമയോടുകൂടി ഞാൻ പുറത്തു നോക്കിയപ്പോൾ വിസ്മയകരമെന്നല്ലാതെ എന്തുപറയട്ടെ, വണ്ടികളുടെ അവസാനമില്ലാത്ത ഒരു നിര അവിടെ കാത്തുകെട്ടിക്കിടപ്പാണ്. ഓരോ വണ്ടി പുറത്തേക്കു വരുന്നതനുസരിച്ച് ഓരോന്ന് അകത്തേക്കു പോകും. എത്ര നേരത്തെ പുറപ്പെട്ടിട്ടും അദ്ദേഹത്തെ കാണുവാൻ ഇങ്ങിനെ വൈകുന്നതിൽ ഞാൻ വളരെ വ്യസനിച്ചു. പിന്നെയും വല്ല ആശ്വാസവും ഞങ്ങൾക്കു തോന്നിയെങ്കിൽ അത് ഈ നേരമാകുമ്പോഴേക്കും ഞങ്ങളുടെ പിന്നിൽ ഓരോ നിമിഷം കഴിയുംതോറും തടിച്ചു കൂടിക്കൊണ്ടിരുന്ന വണ്ടികളിലുണ്ടായിരുന്നവർ എത്ര കൂടുതൽ നേരം കാത്തിരിക്കേണ്ടിവരുമെന്നോർത്തപ്പോഴാണ്. ആധുനിക എയസ്ക്കുലേപ്യസ്സിന്നു (Aesculapius) അഭിവാദനങ്ങളർപ്പിക്കാൻ പോകുന്ന ഘോഷയാത്രയിലെ ഒരംഗമാണ് ഞാനെന്ന് എനിക്ക് പെട്ടെന്ന് തോന്നി. ഡോ.ഹാനിമാൻെറപ്രശസ്തിയെപ്പററി ഞാൻ വളരെ കേട്ടിട്ടുണ്ട്. പക്ഷെ മുന്നിലേക്കും പിന്നിലേക്കും നോക്കുകയും ആ പടിവാതിൽക്കൽകൂടി ഓരോ വണ്ടിവീതം പുറത്തേക്കു വരികയും ചെയ്യുന്നതു കണ്ടപ്പോൾ വൈദ്യശാസ്ത്രസംബന്ധമായ അദ്ദേഹത്തിൻെറ സിദ്ധിയിലുണ്ടായിരുന്ന എൻെറ വിശ്വാസം ശതഗുണീഭവിച്ചുവെന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല.

വളരെ നേരത്തെ കാത്തിരിപ്പിനുശേഷം ഞങ്ങൾ ഒടുവിൽ ആ ഹർമ്മ്യത്തിൻെറ മുന്നിലെത്തി. യൂനിഫോറം ധരിച്ച അവിടുത്തെ ജീവനക്കാർ ഒരു വലിയ ഹാളിൽനിന്നു ഞങ്ങളെ ഗോവണിയിലൂടെ അകത്തേക്കു നയിച്ചു. ഗോവണി കയറിച്ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന യൂനിഫോറം ധരിച്ച വേറെ രണ്ടു ജീവനക്കാർ മനോഹരമായി അലങ്കരിച്ച ഒരു സലൂണിൽ ഞങ്ങളെ കൊണ്ടുപോയിരുത്തി.

ആ സലൂണിൽ പരിഷ്കൃതമായി വസ്ത്രധാരണം ചെയ്ത അനേകം സ്ത്രീപുരുഷൻമാരും, ആയമാരോടുകൂടിയ ധാരാളം പിഞ്ചുകിടാങ്ങളുമുണ്ടായിരുന്നു. അവിടത്തെ ആ തിരക്കും, അടക്കിപ്പിടിച്ച സംസാരവും, കൊച്ചുകിടാങ്ങളുടെ കളിചിരിയും, സർവ്വോപരി ഒഴിഞ്ഞ സീററുകളുടെ അഭാവവും ഡോ. ഹാനിമാൻെറ ചികിത്സാവൈഭ



വത്തെപ്പററി അവ്യക്തമായ ഒരു ബോധം എന്നിലുളവാക്കി. ഈ സമയത്ത്, ആയയും കുട്ടിയുമായി വണ്ടിയിൽ വന്നിറങ്ങിയ ഒരു സ്ത്രീ ഒരപരിചിതനായ എൻെറ പരിഭ്രമം കണ്ടു, ഫ്രഞ്ചുഭാഷയിൽ വളരെ സൌമ്യമായി എന്നോടു പറഞ്ഞു: 'നമുക്ക് വേറെവല്ല മുറിയിലും ഇരിക്കാനിടമുണ്ടാകും. എൻെറ കൂടെ വരൂ'. അവർക്കു നന്ദി പറഞ്ഞു ഞാൻ അവരെ അനുഗമിച്ചു. അക്ഷമരായി കാത്തിരിക്കുന്ന അനേകം രോഗികൾനിറഞ്ഞ പല മുറികളും പിന്നിട്ടു ഞങ്ങൾ ഒടുവിൽ മനോഹരമായി അലങ്കരിച്ച ഒരു ചെറിയ മുറിയിലെത്തി. അവിടെ ഒന്നോ രണ്ടോ പേർ മാത്രമേ ഉണ്ടായിരുന്നുള്ളു.

എന്നെ ഈ മുറിയിലേക്ക് നയിച്ചത് ഒരു പ്രഭുകുലജാതയാണെന്ന് കൊടിയടയാളമുള്ള അവരുടെ വണ്ടിയും അംഗരക്ഷകൻമാരുടെ യൂനിഫോറവും കണ്ടു എനിക്കു മനസ്സിലായിരുന്നു. എത്ര കുലീനരാണെങ്കിലും അപരിചിതരോട് മര്യാദാപൂർവ്വം പെരുമാറുക എന്നത് ഫ്രഞ്ചുസംസ്ക്കാരത്തിൻെറ ഒരു മഹനീയവശമാണെന്നറിയുന്ന എനിക്ക് ആ മഹതിയുടെ പെരുമാററത്തിൽ ഒരത്ഭുതവും തോന്നിയില്ല ഒരു ഫ്രഞ്ച് പ്രഭുവെ വിവാഹം കഴിച്ച, ഇററലിക്കാരിയായ 'ആർ' പ്രഭ്വിയാണവരെന്ന് എനിക്കു പിന്നീട് മനസ്സിലായി.

ഞങ്ങൾ ആ മുറിയിൽ കടന്ന ഉടനെ ഒരു പരിചാരകൻ വന്നു ഞങ്ങളുടെ കാർഡു ചോദിച്ചു. ഞങ്ങളുടെ ഊഴമനുസരിച്ചു അയാളതിന്നു നമ്പറിട്ടു. ഒരനിശ്ചിതസമയത്തേക്കു ഞങ്ങൾ അവിടെ കാത്തിരിക്കേണ്ടിവരുമെന്നുറപ്പാണ്. അതുകൊണ്ട് ചുമരുകളിൽ സുലഭമായലങ്കരിച്ചിരുന്ന പെയിൻറിങ്ങുകളും ദാരുശില്പങ്ങളും, വെണ്ണക്കൽപ്രതിമകളും പരിശോധിക്കാൻ ഞാൻ എൻെറ സമയം വിനിയോഗിച്ചു മഹാനായ ഈ വൈദ്യൻെറ ഒരു പെയിൻറിംഗിൻെറ മുമ്പിൽ ഞാൻ നിൽക്കുമ്പോൾ പ്രഭ്വി എന്നോടു ചോദിച്ചു, ആരാണത് പെയിൻറ് ചെയ്തതെന്നറിയാമോ?
'ഇല്ല' ഞാൻ പറഞ്ഞു, 'കലയെപ്പററി വലിയ വിവരമൊന്നുമില്ലെങ്കിലും കൃതഹസ്തനായ ഒരു പ്രതിഭാശാലിയാണ് ഇത് പെയിൻട് ചെയ്തതെന്ന് പറയാൻ പ്രയാസമില്ല.'

'തീർച്ചയായിട്ടും നിങ്ങൾക്കത്ഭുതം തോന്നും.

ഇത് പെയിന്റു ചെയ്തത് മാഡം ഹാനിമാനാണ്.

മാഡം ഹാനിമാൻ? ഡോക്ടർ വിവാഹിതനാണോ?
'എന്താണിത്ര സംശയം? ഇതുപോലൊരു മാതൃകാദാമ്പത്യജീവിതം വേറെവിടേയും കാണില്ല'

'എനിക്കദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെപ്പററി വലിയ വിവരമില്ല'

'എനിക്കറിയാം വളരെ കാലമായി ഡോക്ടററുമായി എനിക്ക് പരിചയമാണ്. അദ്ദേഹത്തിനിപ്പോൾ 84 വയസ്സായിക്കാണും. ഇപ്പൊഴത്തെ ഭാര്യയെ അദ്ദേഹം വിവാഹം ചെയ്തത് 80ാമത്തെ വയസ്സിലാണ്. മദാംഹാനിമാന് 45 വയസ്സായിട്ടുണ്ടെങ്കിലും യൌവ്വനത്തിന്റെ ചുറുചുറുക്കിനും ഉത്സാഹത്തിനും ഒരു കുറവും തട്ടീട്ടില്ല'

'വൃദ്ധനായിട്ടും അദ്ദേഹത്തെ അവർ വിവാഹം ചെയ്യാൻ കാരണം?

അദ്ദേഹത്തിന്റെ കഴിവോടുള്ള ആദരവ്! അദ്ദേഹത്തോട് വ്യക്തിപരമായി തോന്നിയ വാത്സല്യം! കൂടാതെ അവർക്കദ്ദേഹം ചെയ്ത സേവനങ്ങളുടെ പേരിൽ നന്ദിയും തോന്നിക്കാണും. ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിച്ചെന്നു വരില്ല അവർ. സത്യം പറഞ്ഞാൽ അദ്ദേഹത്തെ ആരാധിക്കുകയാണ്''

'ദയവായി ആ വിവാഹത്തിന്റെ കഥ പറയൂ' ഞാൻ അഭ്യർത്ഥിച്ചു.
നിശ്ചയമായും ഞാൻ ഇന്നോളം കണ്ടിട്ടുള്ളതിൽവെച്ച് ഏററവുമധികം സന്തോഷവും സൌഭാഗ്യവും നിറഞ്ഞ ഒരു കുടുംബമാണ് ഹാനിമാന്റേത്. അദ്ദേഹത്തിന്റെ ആദ്യഭാര്യ മുമ്പ മരിച്ചുപോയിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്താണ് ക്ഷയരോഗബാധിതയായി എല്ലാ ഡോക്ടർമാരാലും ഉപേക്ഷിക്കപ്പെട്ട മാഡം ഡി ഹെർവില്ലിയുടെ ചികിത്സ അദ്ദേഹം ഏറെറടുത്തത്. ഇക്കാലത്തദ്ദേഹം കോത്തനിൽ താമസമായിരുന്നു ഇപ്പോഴത്തെ അദ്ദേഹത്തിന്റെ ഭാര്യയും അന്നത്തെ അദ്ദേഹത്തിന്റെ രോഗിയുമായ മേരി മെലോണി ഡി ഹെർവില്ലി സമ്പന്നമായ ഒരു ഫ്രഞ്ച്കുലീനകുടുംബത്തിലെ അംഗമാണ്. ക്ഷയവും ഹൃദ്രോഗവും ബാധിച്ച് വളരെ കാലമായി അവർ കിടപ്പിലായിരുന്നു യൂറോപ്പിലെ കേളികേട്ട എല്ലാ ഡോക്ടർമാരും വളരെ ചികിത്സിച്ചിട്ടുണ്ട്. മാറിയ കാലാവസ്ഥയുള്ളേടത്ത് താമസിച്ചാൽ രോഗം സുഖപ്പെടുമെന്ന വിശ്വാസത്തിൽ ഇററലിയിലും ജർമ്മനിയിലും പോയി താമസിച്ചിട്ടുണ്ട്. എന്നിട്ടൊന്നും ഒരു ഫലവുമുണ്ടായില്ല. ഡോക്ടർ ഹാനിമാൻ നടത്തിയിട്ടുള്ള അത്ഭുതകരമായ രോഗശമനങ്ങളെപ്പററി അവരും കേട്ടിട്ടുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ചികിത്സാസമ്പ്രദായത്തെപ്പററി അവർക്കൊരു വിവരവുമുണ്ടായിരുന്നില്ല. രോഗംകൊണ്ട് അവശയായിരുന്നുവെങ്കിലും ഹോമിയോ ചികിത്സാസമ്പ്രദായത്തെപ്പററി കുറച്ചു മനസ്സിലാക്കിയശേഷം അദ്ദേഹത്തെ പോയി കണ്ടു. അദ്ദേഹം അവരുടെ കേയ്സിൽ സജീവ ശ്രദ്ധപതിപ്പിച്ചു. എന്തിനധികം, ചുരുങ്ങിയ കാലത്തിനുള്ളിൽ അവർ പരിപൂർണ്ണമായും രോഗവിമുക്തയായി. അവരും വളരെ കഴിവുള്ള ഒരു സ്ത്രീയാണ്. സൌന്ദര്യവും സംസ്ക്കാരവും ഇത്ര മനോഹരമായി അധികംപേരിൽ സമ്മേളിച്ചു കാണില്ല. നമ്മൾ പ്രേമമെന്നു വിശേഷിപ്പിക്കുന്ന ആ വികാരത്തേക്കാളും അഗാധമായ ഒരു വാത്സല്യം നിമിത്തമാണ് അവർ അദ്ദേഹത്തെ വിവാഹം കഴിച്ചത്. അദ്ദേഹത്തിന്റെ സ്വഭാവം. മഹത്വം, പെരുമാററം അദ്ദേഹത്തെ സംബന്ധിച്ച എല്ലാം അവർക്കിഷ്ടപ്പെട്ടു അവർ അദ്ദേഹത്തെ വിവാഹം കഴിച്ചു '

ആ സമയം ഒരു സ്ത്രീ ഞങ്ങളുടെ മുറിയിൽ പ്രവേശിച്ചു

ഇവരാണോ മാഡം ഹാനിമാൻ? ഞാൻ എന്റെ സ്നേഹിതയോടന്വേഷിച്ചു.

'അതെ; ഞാൻ പറഞ്ഞതുപോലെ അവർ സുന്ദരിയല്ലെ?'

'തീർച്ചയായിട്ടും. കഴിവുള്ള ഒരു സ്ത്രീയെന്ന് കണ്ടാലാരും പറയും.

'മാഡം ഹാനിമാനും ചികിത്സിക്കാറുണ്ടോ? ഞാൻ ചോദിച്ചു.

'ഉവ്വ്'. അദ്ദേഹത്തിന്റെ പക്കൽനിന്ന് അവരും വൈദ്യം പഠിച്ചു ഇപ്പോൾ അദ്ദേഹത്തിന്റെ അടുത്തുവരുന്ന ഒരുവിധം എല്ലാ കെയിസുകളും നോക്കുന്നതവരാണ്. ഡോ. ഹാനിമാനെ വിശ്വസിക്കുന്നതുപോലെ ജനങ്ങൾ അവരേയും വിശ്വസിക്കുന്നു. ആഴ്ചതോറും വരുന്ന നൂറുകണക്കിന് കത്തുകൾക്ക് മറുപടി അയച്ചുകൊണ്ട് മക്കളും അദ്ദേഹത്തോട് സഹകരിക്കുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾ വിലയിരുത്തുക പ്രയാസമാണ്. സ്വന്തം കയ്പടയിൽ കെയിസെടുത്തിട്ടുള്ള 36 വാല്യം റജിസ്റററുകൾ നിങ്ങൾക്കദ്ദേഹത്തിന്റെ ലൈബ്രറിയിൽ കാണാം.

പെട്ടെന്ന് ഒരു പരിചാരകൻ പ്രവേശിച്ചു, ഡോക്ടറെ കാണാൻ എന്റെ സുഹൃത്ത് 'ആർ' പ്രഭ്വിയുടെ ഊഴമായെന്നറിയിച്ചു. കുറച്ചുനേരം കഴിയുമ്പോഴേക്കും എന്റെ ഊഴവുമെത്തി.

മഡാം ഹാനിമാൻ ആ കത്തു വായിച്ചുകൊണ്ടിരിക്കുമ്പോൾ, യുഗശില്പിയായ ആ ഭിഷഗ്വരനെ ഞാൻ സൂക്ഷിച്ചുനോക്കി. പാരീസ്സിൽ തുന്നിയതെന്ന് വിളിച്ചറിയിക്കുന്നതും, മനോഹരമായ തുന്നൽപ്പണികൾ നിറഞ്ഞതുമായ ഒരു സിൽക് ഗൌൺ ആണ് അദ്ദേഹം ധരിച്ചിട്ടുള്ളത്. തലയിൽ ഒരു കറുത്ത വെൽവെററ് തൊപ്പി ധരിച്ചിട്ടുണ്ട്. തൊപ്പിക്കുതാഴെ, രാജകീയപ്രൌഢിയുള്ള ആ ഉയർന്ന നെററിയിൻമേൽ ഹിമംപോലെ വെളുത്ത മുടിച്ചുരുളുകൾ കാണാം. വെട്ടിത്തിളങ്ങുന്ന ഓജസ്സാർന്ന കറുത്ത കണ്ണുകൾ. പുകക്കുഴൽ താഴെവെച്ച്

അദ്ദേഹം എനിക്കഭിവാദ്യമരുളി. എന്റെ സുഹൃത്തിന്റെ രോഗത്തെപ്പററി ഡോക്ടരോടു സംസാരിക്കേണമെന്നായിരുന്നു എന്റെ ആഗ്രഹമെങ്കിലും ചോദ്യങ്ങളെല്ലാം ചോദിച്ചത് മദാംഹാനിമാനാണ്. ഏററവും നിസ്സാരമായ ലക്ഷണങ്ങൾപോലും അവർ എഴുതിയെടുത്തു. പലപ്പോഴും ഭർത്താവിനോടവർ സംശയങ്ങൾ ചോദിച്ചു. പുകക്കുഴൽ വായിൽ വെച്ച് അതിനെല്ലാം അദ്ദേഹം മറുപടി പറയും. 'വളരെ നല്ലത്, കുട്ടീ-! ചോദ്യങ്ങൾ കേമമാകുന്നുണ്ട്'

നിങ്ങളുടെ സുഹൃത്തിന് എവിടെ വെച്ചാണ് രോഗബാധയുണ്ടായത്-? മദാംഹാനിമാൻ ചോദിച്ചു. 'ജർമ്മനി'—ഞാൻ മറുപടി പറഞ്ഞു.

ജർമ്മനി എന്ന വാക്ക് കേട്ട ഉടൻ ഡോ. ഹാനിമാന്റെ മുഖം ശോഭിച്ചു. അദ്ദേഹം ആവേശഭരിതനായി ചോദിച്ചു. 'നിങ്ങൾ ജർമ്മനിയിൽനിന്നാണോ വരുന്നത്? നിങ്ങൾക്ക് ജർമ്മൻ ഭാഷയറിയും?' ഞാൻ അതുവരേയും ഫ്രഞ്ചുഭാഷയിലായിരുന്നു സംസാരം. ജർമ്മൻ ഭാഷയിലുള്ള എന്റെ മറുപടി കേട്ടതോടെ ഉത്സാഹപൂർവ്വം ഡോക്ടർ മാതൃഭാഷയിൽ സംഭാഷണമാരംഭിച്ചു. ജർമ്മനിയുടെ പ്രകൃതിസൌകുമാര്യം, ജർമ്മൻ ഭാഷയുടെ സവിശേഷതകൾ, ജനങ്ങളുടെ ജീവിതരീതി തുടങ്ങിയ എല്ലാ വിഷയങ്ങളെപ്പററിയും അദ്ദേഹം വാതോരാതെ സംസാരിച്ചു. എനിക്ക് ശുപാർശക്കത്തു തന്ന ഡോ. ഹിർഫ് ഫെൽററിന്റെ യോഗക്ഷേമത്തെപ്പററി അദ്ദേഹം പ്രത്യേകം അന്വേഷിച്ചറിഞ്ഞു. ഞാൻ അമേരിക്കക്കാരിയാണെന്നറിഞ്ഞപ്പോൾ അമേരിക്കയിൽ ഹോമിയോ സമ്പ്രദായത്തിനുലഭിച്ച സ്വീകരണത്തെപ്പററി അറിയുവാൻ അദ്ദേഹം വലിയ കൌതുകം പ്രദർശിപ്പിച്ചു. രോഗികൾ പുറത്ത് ഇനിയെത്രപേർ കാത്തുനിൽക്കുന്നുണ്ട്. പരിശോധനാസമയത്തിന്റെ പകുതിപോലുമായിട്ടില്ല. അതിനിടയ്ക്ക് സംസാരിച്ചു ക്ഷീണിക്കരുതെന്ന് മദാംഹാനിമാൻ അദ്ദേഹത്തിനു താക്കീതു നല്കി. ഉച്ചതിരിഞ്ഞ് കൂടുതൽ സംസാരിക്കാൻ വീട്ടിലേക്കു വരാൻ ക്ഷണിക്കുന്നതിന്നും അവർ മറന്നില്ല. പരിചാരകൻമാർ എന്നെ പടിവരെ അനുഗമിച്ചു. അപ്പോഴും ഞാൻ ആദ്യം കണ്ടതിന്റെ ഇരട്ടി വാഹനങ്ങൾ അവിടെ കാത്തു നില്പുണ്ടായിരുന്നു.

ഡോ. ഹാനിമാന്റെ ഗുണങ്ങളിൽ ഏററവും മഹനീയമായത് അദ്ദേഹത്തിന്റെ അദ്ധ്വാനശീലമാണ്. ഒരു കെയ്സു പഠിക്കുവാൻ അദ്ദേഹം ചെലവഴിക്കുന്ന അദ്ധ്വാനം അപാരവും അവിശ്വസനീയവുമാണ്. ഓരോ രോഗിയേയും സംബന്ധിച്ച നിസ്സാരലക്ഷണങ്ങൾപോലും അദ്ദേഹം എഴുതിവെക്കുന്നു. മരുന്നു നശ്ചയിക്കുന്നതാവട്ടെ വളരെ ആലോചിച്ചും വളരെ ഗ്രന്ഥങ്ങൾ പരിശോധിച്ചുമാണ്. പാവങ്ങളുടെ ചികിത്സക്ക് ദിവസവും അദ്ദേഹം പ്രത്യേകസമയം നീക്കിവെച്ചിട്ടുണ്ട്. അവരുടെ കെയ്സുകളും ശ്രദ്ധാപൂർവ്വം എഴുതിവെക്കുകയും സൂക്ഷ്മമായ പരിചിന്തയ്ക്കുശേഷം സൌജന്യമായി ഔഷധം നല്കുകയും ചെയ്യുന്നു. പ്രഭുക്കൻമാർക്ക് ലഭിക്കുന്ന അതേ ശ്രദ്ധയും ശുശ്രൂഷയും ഡോ. ഹാനിമാനിൽനിന്ന് പാവപ്പെട്ടവർക്ക് ലഭിക്കുന്നുണ്ട്. സ്കാർലററിനാ (അഞ്ചാംപനി) വരതിരിക്കാനുള്ള പ്രതിവിധിയായി, ഡോ. ഹാനിമാന്റെ കണ്ടുപിടിത്തമായ ബലഡോണ അല്ലോപ്പതി ഡോക്ടർമാർ പോലും സുലഭമായി ഉപയോഗിക്കുന്നുവെന്നത് ഹോമിയോപ്പതിയുടെ മഹത്വം വിളംബരം ചെയ്യുന്നു. വിശ്രമാർത്ഥം പാരീസ്സിൽ ഒരജ്ഞാതജീവിതം കഴിക്കാനാണ് അദ്ദേഹം എത്തിച്ചേർന്നത്. പക്ഷെ പാരീസിലുണ്ടെന്നു വിവരം പുറത്തായ ദിവസം തൊട്ടു അദ്ദേഹത്തിന്റെ ഭവനത്തിനു മുമ്പിലുള്ള ജനത്തിരക്ക് ഹോമിയോ ചികത്സയുടെ ശ്രേഷ്ഠതക്കുള്ള ഒന്നാംതരമൊരു നിദർശനമാണ്. ഫ്രഞ്ചു ചക്രവർത്തി നേരിട്ട് വിദേശീയനായ ഈ ഡോക്ടർക്കു അന്യമായ ഒരു ചികിത്സാസമ്പ്രദായം നടത്തുവാൻ രാജതീട്ടുരമെഴുതിക്കൊടുത്തതും ഹോമിയോ ചികിത്സയുടെ മഹത്വത്തിനുള്ള തെളിവല്ലെങ്കിൽ മറെറന്താണ്? ഈ ചികിത്സാസമ്പ്രദായം മനുഷ്യസമുദായത്തിന്ന് ഒരനുഗ്രഹമോ ശാപമോ എന്ന് വിധികല്പിക്കേണ്ടത് അതിന്റെ മാഹാത്മ്യം മനസ്സിലാക്കീട്ടുള്ള ജനകോടികളാണ്.

"ഫാറൂഖാബാദ്! നീ എനിക്കൊരു നഷ്ടസ്വർഗ്ഗമാകാൻ പോവുകയാണോ ? നിന്നോടൊത്തു ജീവിച്ച അനുഭവസമ്പന്നമായ, നേട്ടങ്ങൾ നിറഞ്ഞ അഞ്ചു വർഷം! എന്റെ പ്രാണന്റെ പ്രയാണത്തിലെ വസന്തകാലം! ആ വസന്തകാലത്തെക്കുറിച്ചുള്ള സ്മരണ എന്നും എന്റെ ഹൃദയത്തിന് കുളിരേകുകതന്നെ ചെയ്യും!"

# ഫാറൂഖാബാദും കുറെ സ്മരണകളും... ഒരു മണിവീണയും

**അബ്ദുസ്സമദ് സമദാനി.എം.പി.**
(ബി.എ. മൂന്നാം വർഷം)

ദൈവമേ! ഈ വിരഹത്തിന്റെ കയ്പുനീര് ഞാൻ എങ്ങനെ കുടിച്ചുതീർക്കും? വേർപാടിന്റെ നിശ്വാസങ്ങൾ മാത്രം നിറഞ്ഞുനിൽക്കുന്ന ഈ തടവറയിൽനിന്ന് എനിക്കെന്നാണ് മോചനം?

ഫാറൂഖാബാദ്!

നീ എന്ന പനിനീർ പുഷ്പത്തിന്റെ മധു നുകരാനും, അതിന്റെ ഹൃദയഹാരിയായ പരിമളം ആസ്വദിക്കാനും അവസരം ലഭിച്ച ഞാൻ എത്ര ഭാഗ്യവാനാണ് ! ജീവിതത്തിന്റെ അർത്ഥവും, വ്യാഖ്യാനവും നിന്റെ പുസ്തകത്തിൽ നിന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്റെ പ്രതിബിംബം വ്യക്തമായത് നിന്റെ ദർപ്പണത്തിലായിരുന്നു. നീണ്ട യാത്രയിൽ എനിക്ക് തണലേകിയ വടവൃക്ഷമായിരുന്നില്ലേ നീ? നിന്റെ രക്തം എന്റെ ജീവനിൽ അലിഞ്ഞുചേർന്നിട്ടില്ലേ? എന്റെ ആത്മപ്രകാശനത്തിന്റെ പാതകളിൽ വെളിച്ചം പകർന്നത് നിന്റെ പ്രകാശഗോപുരമായിരുന്നില്ലേ?

ഇന്ന്!

നിന്നെപ്പിരിയാൻ ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു. വേർപാട് ജീവിതയാഥാർത്ഥ്യങ്ങളിലൊന്നുമാത്രമാണെന്നെനിക്കറിയാം. വേർപാടുകളുടെ അനേകം നീർച്ചുഴികളെ തരണം ചെയ്താണ് എന്റെ ജീവിതനൗക നീങ്ങുന്നതെന്നും എനിക്കറിയാം. പക്ഷെ എന്തുകൊണ്ടോ നിന്നെപ്പിരിയേണ്ടിവരുന്നത് ഒരാഘാതമാണ്.

അല്ലെങ്കിൽ എന്തിനീ വിലാപം?

മിന്നിമറഞ്ഞ താരകത്തെ ഓർത്ത് ആകാശം എത്രകാലം കേഴും? നഷ്ടപ്പെട്ട സ്വർഗ്ഗത്തെ ഓർത്ത് ആദാമിന്റെ കണ്ണുകൾ എത്ര കാലം കരയും? ഇല്ല, ഞാൻ കേഴുന്നില്ല, കരയുന്നുമില്ല! വേർപാടിലും ആനന്ദം കണ്ടെത്താനാണെന്റെ ശ്രമം. ദൈവമേ! വിശ്വസാഹിതീക്ഷേത്രത്തിലെ ഉജ്ജ്വല ദീപമായ മഹാനായ ദാർശനിക കവിയുടെ ചിന്താമണ്ഡലത്തിലെ ധൈര്യം എന്റെ നീറുന്ന ഹൃദയത്തിലേക്ക് നീ പകരുകില്ലേ?

''സുഖശോകമയമായ ലോകത്തിൽ
സംഗമത്തേക്കാൾ വിരഹം ശ്രേഷ്ഠം
സമാഗമം അഭിലാഷങ്ങളുടെ മരണം
പ്രയാണം കൗതുകരസം''

ഇപ്പോൾ ഞാൻ ഓർക്കുന്നു.

അഞ്ചു വർഷങ്ങൾക്കപ്പുറം ഒരു ജൂൺമാസത്തിൽ നിന്റെ രാജകീയപ്രൗഢി വിളിച്ചോതുന്ന രാജഗേററ് കടന്നുവന്ന നിമിഷങ്ങൾ...! ഒന്നുമല്ലായിരുന്ന അവസ്ഥയിൽ നിന്ന് പലരെയും കൈപിടിച്ചുയർത്തിയ ഫാറൂഖാബാദ്, നീ എന്നെയും തുണച്ചില്ലേ? ജിജ്ഞാസയിൽ വഴി മുട്ടിനിന്ന എന്നെ വിജ്ഞാനത്തിന്റെ വെള്ളിഗോ

പുരങ്ങളിലേക്ക് നീ ആനയിച്ചില്ലേ? സൂര്യന്റെ അസ്തമയസ്ഥാനത്തിനപ്പുറത്ത് അതുവരെ കാണാൻ കഴിയാത്ത ചക്രവാളങ്ങളിലേക്ക് എന്നെ വഹിച്ചു കൊണ്ടുപോയതും നീയായിരുന്നു. കർക്കസ്സുപൂക്കളുടെ പ്രകാശത്തിൽ തിളങ്ങിനിൽക്കുന്ന താഴ്‌വരകളുടെയും, അവയെ മടിയിലിരുത്തി ഓമനിക്കുന്ന പച്ചപ്പുതപ്പണിഞ്ഞ മാമലകളുടെയും, ആ മാമലകളിൽ നിന്ന് ചിലങ്ക കിലുക്കി പാഞ്ഞെത്തുന്ന അരുവികളുടെയും സൗന്ദര്യം ഞാൻ ദർശിച്ചത് നിന്റെ കാൻവാസിലായിരുന്നു.

ഫാറൂഖാബാദ്!

നിന്റെ പേരുപോലും രോമാഞ്ചജനകമാണ്. നിന്റെ ചരിത്രമാകട്ടെ സംഭവബഹുലവും. ചരിത്രത്തിൽ തുല്യതയില്ലാത്ത അധ്യായങ്ങൾ തുന്നിച്ചേർത്തുകൊണ്ട് ലോകം കണ്ട ഏററവും നീതിമാനായ ഭരണകർത്താവ് എന്ന അത്യുന്നത ബഹുമതിക്കർഹനായിത്തീർന്ന ഖലീഫാ ഉമർ ഫാറൂഖിന്റെ പേരിൽ അറിയപ്പെടാൻ കഴിഞ്ഞ നീ അപൂർവ്വസൗഭാഗ്യമാണ് കൈവരിച്ചിരിക്കുന്നത്. നീ ഉൾക്കൊള്ളുന്ന പ്രദേശത്തിന് ''ഫാറൂഖാബാദ്''എന്നു നാമകരണംചെയ്ത ഭാരതാംബയുടെ വീരപുത്രൻ ടിപ്പുസുൽത്താൻ അതേപേരിൽ നീ എന്ന സാംസ്കാരിക കേന്ദ്രത്തിന്റെ ഉദയം മുൻകൂട്ടി കണ്ടിരുന്നോ?

എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് നീ പ്രയാണം തുടരുന്നു. ''കാററ് അതിവേഗത്തിൽ ആഞ്ഞുവീശിയാലും രാജകീയപ്രൗഢിയോടെ സിദ്ധൻ വിളക്ക് കൊളുത്തുന്നു''നിന്റെ ചരിത്രം അക്ഷരാർത്ഥത്തിൽ തന്നെ അത്ഭുതകരമാണ്. കുറുനരികളുടെ വാസസ്ഥാനത്ത് നീ സൃഷ്ടിച്ച കലാ-വിജ്ഞാനങ്ങളുടെ മലർവാടി കാണുമ്പോൾ നിന്നെ ''അലാവുദ്ദീന്റെ അത്ഭുതവിളക്ക്'' എന്നു വിശേഷിപ്പിച്ച മാന്യവ്യക്തിയെ കൈകൂപ്പി വന്ദിക്കാൻ തോന്നുന്നു. മൂന്നു ദശാബ്ദങ്ങൾക്കുമുമ്പുള്ള നീയും ഇന്നത്തെ നീയും തമ്മിലുള്ള അന്തരത്തിന്റെ ആന്തരാർത്ഥം മനുഷ്യപ്രയത്നമാണെന്ന വസ്തുത എങ്ങനെ വിസ്മരിക്കാനാവും? നിന്റെ ഓരോ മണൽത്തരിക്കും ആ മഹത്തായ സേവനങ്ങളുടെ കഥകൾ അയവിറക്കാനില്ലേ? നിസ്വാർത്ഥരായ സമുദായ സ്നേഹികളുടെ വിയർപ്പിന്റെ ഗന്ധം നിന്റെ അന്തരീക്ഷത്തിലിപ്പോഴും തങ്ങിനിൽക്കുന്നില്ലേ?

ഭാരതത്തിന്റെ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലായ അലീഗഢ് മുസ്ലിം സർവ്വകലാശാല നിന്റെ സ്ഥാപകർക്കും പ്രചോദനമായിരുന്നില്ലേ? യമുനയുടെ തീരപ്രദേശത്ത് ആ ഉന്നതവിജ്ഞാനകേന്ദ്രം ഒരു സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക്‌വേണ്ടി ജീവൻ അർപ്പിച്ച സർ സയ്യിദ് അഹ്മദ്ഖാൻ എന്ന വിപ്ലവകാരിയുടെ മങ്ങാത്ത സ്മരണയുമായി തലയുയർത്തി നിൽക്കുമ്പോൾ, ഇങ്ങകലെ ''ദക്ഷിണേന്ത്യയിലെ അലിഗഢ്''ആയ നീ ചാലിയാറിന്റെ തീരത്ത് മറെറാരു സർസയ്യിദിന്റെ മായാത്ത സ്മരണയുമായി നിലക്കൊള്ളുന്നുവെന്നത് നിന്റെ ശിരസ്സിലെ മറെറാരു തൂവലല്ലേ?

ഫാറൂഖാബാദ്!

നിന്റെ ഭാഗ്യം അസൂയാർഹംതന്നെ. അബുസ്സബാഹ് അഹ്മദലി സാഹിബിന്റെ കരസ്പർശമേററ നിന്റെ ഭിത്തികൾ നിർമ്മിക്കപ്പെടാനുപയോഗിച്ച വസ്തുപോലും ധന്യമല്ലേ? ആ പണ്ഡിതവര്യന്റെ ചിന്താമണ്ഡലത്തിലെ ആശയമായിരുന്ന നിന്റെ ജന്മം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന കർമ്മസമരത്തിന്റെ ഫലമായല്ലേ യാഥാർത്ഥ്യമായത്. അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കാൻ നിനക്ക് കഴിഞ്ഞിട്ടുണ്ടോ?

നിന്റെ മഹത്വത്തിന് മുമ്പിൽ എങ്ങനെ തല കുനിക്കാതിരിക്കും? രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസമരാങ്കണത്തിലെ ഉജ്ജ്വലതാരങ്ങളായ മഹാത്മജിയുടെയും, മൗലാനാആസാദിന്റെയും കൂടെ പ്രവർത്തിച്ച വ്യക്തിത്വമല്ലേ നിന്നെ സ്ഥാപിച്ചത്. മൗലാനാമുഹമ്മദലി ജൗഹർ പല പ്രാവശ്യം ഇന്ത്യയിലേക്ക് ക്ഷണിച്ചിട്ടും ഈജിപ്തിൽ തന്നെ തുടരാനിഷ്ടപ്പെട്ട മൗലാനാ അബുസ്സബാഹ്, അടിമരാജ്യത്തിൽനിന്നും സ്വതന്ത്രരാജ്യത്തെ ആടിമണ്ണിനുവേണ്ടി ഇംഗ്ലണ്ടിലെത്തി മരണംവരിച്ച ആ ധീരദേശാഭിമാനിയുടെ മൃതദേഹത്തിന് ജറൂസലേമിലെ ബൈത്തുൽമുഖദ്ദസിലേക്കുള്ള മാർഗ്ഗമദ്ധ്യേ ഈജിപ്തിൽ വെച്ച് അന്തിമോപചാരമർപ്പിച്ചപ്പോഴല്ലേ തന്റെ അഭിപ്രായം മാററി ഇന്ത്യയിലേക്കു മടങ്ങാൻ തീരുമാനിച്ചത്? മൗലാനാ മുഹമ്മദലിയുടെ ഭൗതികജഡത്തിന്റെ പ്രചോദനവും നിന്റെ ആരംഭത്തിന്റെ പിന്നിലുണ്ടെന്നല്ലേ ഇത് വ്യക്തമാക്കുന്നത്?

എന്തിനധികം?

ജനതതികളെ തന്റെ കളകൂജനംകൊണ്ട് ഹർഷപുളകിതമാക്കിയ വാനമ്പാടിയും, മാനവതക്ക്‌വേണ്ടി തന്റെ ഹൃദയവും മസ്തിഷ്ക്കവും അർപ്പണം ചെയ്ത ഭാരതത്തിന്റെ കണ്ണിലുണ്ണിയായ കവിയുമായ ഇരുപതാം നൂററാണ്ടിന്റെ പൂങ്കുയിൽ ഡോ. അല്ലാമാ മുഹമ്മദ് ഇഖ്ബാൽ നിന്റെ അനുഗൃഹീതജനനത്തിന് പിന്നിൽ ഒരു പ്രേരണയായിരുന്നില്ലേ? പ്രഭാതത്തിന്റെ പിതാവി(അബുസ്സബാഹ്)നോട് അതിയായ താൽപര്യം തോന്നിയ ദാർശനിക-കവി അദ്ദേഹത്തോട് ഇന്ത്യയിൽപോയി തന്റെ പരിഷ്കരണ-നവോത്ഥാന ശ്രമങ്ങൾ നടത്താൻ ഉപദേശിച്ചത് എത്ര ആവേശോജ്ജ്വലമാണ്! തന്റെ വിദേശപര്യടനവേളയിൽ ഈജിപ്തിൽ എത്തിച്ചേർന്ന കിഴക്കിന്റെ കവിയുമായി ബന്ധപ്പെട്ട ഫാറൂഖാബാദിന്റെ ശിൽപിയിൽ വിപ്ലവത്തിന്റെ കവി ചെലുത്തിയ സ്വാധീനം വളരെ വലിയതായിരുന്നു. കേരള മുസ്ലിംകൾക്കിടയിൽ ഒരു മാററത്തിന് തുടക്കം കുറിക്കാൻ അബുസ്സബാഹിനെ സന്നദ്ധനാക്കിയതിൽ ഈ സ്വാധീനത്തിനും നല്ല പങ്കാണുണ്ടായിരുന്നത്.

ഫാറൂഖാബാദ്!

ഒരു സൗന്ദര്യറാണിയായ നിന്റെ ക്യാമ്പസ്! ഇളംതെന്നലിലാടുന്ന യൂക്കാലിപ്സ്മരങ്ങളുടെ മർമ്മര

ഗീതവും, പക്ഷികളുടെ കളകളം പൊഴിക്കലും കൂടിച്ചേരുമ്പോൾ കേൾക്കാവുന്ന നിശ്ശബ്ദതയിലെ സംഗീതം! വിജനതയുടെ കുഴിമാടത്തിൽ നീ കെട്ടിപ്പടുത്ത ശാന്തിയുടെ മന്ദിരങ്ങളിൽ വന്ന് നിൻെറ ദർശനം സാധിച്ച് സായൂജ്യമടയാൻ ഓടിയെത്തുന്ന തീർത്ഥാടകർ! അവസാനിക്കാത്ത ഈ തീർത്ഥയാത്രയിലെ ഓരോ കണ്ണിക്കും നീ നൽകുന്ന സന്ദേശം മാററത്തിൻെറ മാഹാത്മ്യമല്ലേ? അധർമ്മത്തിൻെറ വ്യവസ്ഥിതിക്കെതിരെ നീ തൊടുത്തുവിടുന്ന അസ്ത്രങ്ങൾ എന്നാണ് ലക്ഷ്യം പ്രാപിക്കുക?

നിൻെറ ഹൃദയമായ മസ്ജിദുൽ അസ്ഹറിൻെറ അംബരചുംബികളായ മിനാരങ്ങളിൽനിന്നൊഴുകിവരുന്ന ബാങ്കൊലികൾ ഇനി എന്ന് കർണ്ണപുടങ്ങൾക്ക് കുളിരേകും? നിൻെറ ഹൃദയത്തിൻെറ പ്രൗഢിയല്ലേ നിൻെറ പ്രൗഢി? നിൻെറ വർണ്ണം അതിൻെറ ''മിമ്പറിൻേറതല്ലേ? നിൻെറ സുഗന്ധം അതിൻെറ ''മുസല്ല''യുടേതല്ലേ?

മസ്ജിദുൽ അസ്ഹർ!

ഈജിപ്തിലെ വിശ്വവിഖ്യാതമായ അൽഅസ്ഹറിൻെറ കൂട്ടുകാരനല്ലേ നീ? വിശുദ്ധ കഅബയുടെയും, ബൈത്തുൽ മുഖദ്ദിസിൻെറയും, കൊർദോവാപള്ളിയുടെയും, അനന്തരഗാമിയല്ലേ നീ? ഈ പുണ്യഗേഹങ്ങൾ ദിനേന അഞ്ചുതവണ മുഴക്കുന്ന ദൈവികസന്ദേശം തന്നെയല്ലേ നീയും മുഴക്കുന്നത്: ''ദൈവമാണ് ഏററവും മഹാൻ. അവൻ മാത്രമാണ് അധിശാധിപതി. വരൂ, വിജയത്തിലേക്ക് വരൂ!'' സായംസന്ധ്യകളിൽ നീ സൃഷ്ടിക്കുന്ന സൗന്ദര്യപ്രപഞ്ചത്തെ എന്തിനോടുപമിക്കും? രക്തവർണ്ണമണിഞ്ഞ പടിഞ്ഞാറൻ ചക്രവാളത്തിൽ തെങ്ങോലകൾക്ക് മീതെ അമ്പിളി പുഞ്ചിരിക്കുമ്പോൾ ഉല്ലാസതിരകളിലാറാടിയ താരകങ്ങൾ മിന്നിത്തിളങ്ങുമ്പോൾ ഭക്തിയുടെ ഒരായിരം വർണ്ണങ്ങൾ ഹൃദയങ്ങളിൽ ചിറക് വിടർത്തുമ്പോൾ നിൻെറ നേരെ ഗമിക്കുന്ന വിശ്വാസികൾ! അസ്ഹർ! ''സ്നേഹത്തിലാണ് നിൻെറ അസ്തിത്വം. കാലത്തിൻെറ ദുർഭരണം അവസാനിപ്പിക്കാൻ സ്നേഹത്തിന് മാത്രമെ കഴിയൂ! നീ അതിൻെറ ദൃഷ്ടാന്തമാണ്.'' ഈ വചനങ്ങൾ കൊർദ്ദോവപള്ളിയെപ്പോലെ നിനക്കും ബാധകമാണ്.

ഫാറൂഖാബാദ്!

നീ എനിക്കൊരു നഷ്ടസ്വർഗ്ഗമാകാൻ പോവുകയാണോ? നിന്നോടൊത്തു ജീവിച്ച അനുഭവസമ്പന്നമായ, നേട്ടങ്ങൾ നിറഞ്ഞ അഞ്ചുവർഷം! എൻെറ പ്രാണൻെറ പ്രയാണത്തിലെ വസന്തകാലം! ആ വസന്തകാലത്തെക്കുറിച്ചുള്ള സ്മരണ എന്നും എൻെറ ഹൃദയത്തിന് കുളിരേകുകതന്നെ ചെയ്യും. കലാ-കായികരംഗത്തെ മിടുക്കന്മാരുടെയും മിടുക്കികളുടെയും അമ്മയായ നിന്നെ പ്രതിനിധീകരിച്ച് മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയുക എത്ര അഭിമാനകരമാണ്! നിൻെറ തലയെടുപ്പ് സഹോദരസ്ഥാപനങ്ങൾ എന്നോ അംഗീകരിച്ചതല്ലേ? വിജ്ഞാനസദ്യയൊരുക്കുന്ന നിൻെറ ക്ലാസ്സുകൾ... സത്യസാക്ഷാൽക്കാരത്തിൽ ഞാൻ കണ്ടെത്തിയ ഗൈഡുകളായ എൻെറ അദ്ധ്യാപകന്മാർ...സ്നേഹത്തിൻെറ ശീതളഛായയിൽ എൻെറ ആത്മാവിന് ശാന്തി നൽകിയ സഹോദരീ-സഹോദരന്മാർ! ദൈവമേ! ഞാൻ വീണ്ടും ബലഹീനനാവുകയാണോ? ഇവരുടെയെല്ലാം വേർപാട് ഞാൻ എങ്ങനെ താങ്ങാനാണ്? പക്ഷേ, ...റ്റത്തിന് വിഷമിക്കണം! ''സ്നേഹത്തിൻെറ താഴ്വര വളരെ ദീർഘവും, വിശാലവുമാണ് എന്നാൽ ഒരു നൂറു സംവത്സരങ്ങളുടെ യാത്ര ഒരു നിശ്വാസം കൊണ്ട് പൂർത്തിയാകുന്ന ഘട്ടങ്ങളുണ്ട്.''

ഫാറൂഖാബാദ്!

നിൻെറ സ്മരണ എ[illegible]പ്പം [illegible]ത്തിനിൽക്കുന്നു! മാർക്സ്ആൻഗൽസിൻെറയും [illegible] ഉജ്ജ്വലപ്രഖ്യാപനങ്ങളുടെ പ്രതിധ്വനി ഒളിപ്പിച്ചുവെച്ചിരിക്കുന്ന നിൻെറ ഓഡിറേറാറിയം! എത്ര ''തലമുറകൾ'' അവിടെ സമ്മേളിക്കുകയുണ്ടായെന്ന് നിനക്കറിയാമോ? എത്ര ഉന്നതവ്യക്തിത്വങ്ങൾക്ക് നീ അവിടെ വെച്ച് ആതിഥ്യമേകി, എത്ര പേരെ യാത്രയയച്ചു? ലോകത്തെയാകമാനമോ, നിന്നെയോ സേവിച്ച് ഇഹലോകം വെടിഞ്ഞവർക്ക് നീ ബാഷ്പമണികളിൽ കുതിർന്ന വിടപറഞ്ഞില്ലേ? നിന്നെ സ്വയം മറന്നു സേവിച്ച അസിസ്റ്റൻറ് ലൈബ്രേറിയൻ, വിടരുംമുമ്പെ കൊഴിഞ്ഞുപോയ പുഷ്പമായിരുന്ന ഞങ്ങളുടെ ചെറുപ്പക്കാരനായ അദ്ധ്യാപകൻ എം ആർ കുഞ്ഞിമുഹമ്മദ്....കൈരളിയുടെ ഓടക്കുഴലായിരുന്ന മഹാകവി ജി, കഴിഞ്ഞകാലത്ത് കേരളത്തിൻെറ അധികാരിയായിരുന്ന കെ പി. കേശവമേനോൻ, അമ്മിണി-ഉമ്മാച്ചുമാരിലൂടെ മലയാളസാഹിത്യത്തെ ധന്യമാക്കിയ ഉറൂബ്... അങ്ങനെ എത്ര പ്രമുഖർക്ക് നീ അന്ത്യസൽക്കാരം നൽകി.

നിൻെറ ഗ്രന്ഥശാല നിൻെറ ശ[illegible]ിൽ ഒളിഞ്ഞിരിക്കുന്ന മുത്ത് യഥാർത്ഥത്തിൽ നിൻെറ ലൈബ്രറിയല്ലേ? എന്നെ അത്ഭുതപ്രപഞ്ചങ്ങളിലേക്കും, യാഥാർത്ഥ്യത്തിൻെറ ലോകങ്ങളിലേക്കും മാറിമാറി നീ പറപ്പിച്ചത് നിൻെറ പുസ്തകങ്ങളുടെ ചിറകുകളുടെ സഹായത്താലായിരുന്നില്ലേ? അവിടെ വെച്ചാണ് ഞാൻ ആ പൊയ്ക കണ്ടെത്തിയത്! ദാഹിച്ചു വലഞ്ഞ് തേടിനടന്ന പൊയ്ക! എൻെറ ദാഹം തീർത്ത ഈ പൊയ്കയുടെ ഉടമസ്ഥന് ഞാൻ എന്ത് പകരം നൽകും? അദ്ദേഹം ആരാണെന്ന് നീ അറിയുമോ?

ഫാറൂഖാബാദ്!

ഇതാ എനിക്ക് നിന്നെപ്പിരിയാൻ സമയമായി. വരൂ, നീ ഒരിക്കൽകൂടി വരൂ! പ്രതിഭനാദത്തിൻെറ മൂടുപടം അഴിച്ചുവെക്കൂ! വിശ്രമത്തിനായി നിൻെറ പൂമരത്തണലിൽ അൽപസമയം തങ്ങിയ ഈ യാത്രക്കാരന് തിരിച്ചുപോയേ തീരൂ! ചാലിയാർ ഒഴുകുമ്പോൾ നീ കൂടുതൽ ഉയരത്തിൽ പറക്കുകില്ലേ? പറന്നുപോകും തൂവെള്ളിപ്പറവയായ നിനക്ക് മുമ്പിൽ പറക്കാൻ ഇനി എത്ര ആകാശങ്ങൾ അവശേഷിക്കുന്നു!

ഇപ്പോഠ എനിക്കൊട്ടും വിഷമമില്ല. ഞാൻ വീണ്ടും ആ പൊയ്കയുടെ കരയിൽ എത്തിച്ചേർന്നിരിക്കുന്നു. ഹാ! ഇവിടം എത്ര സുന്ദരമാണ്! സ്വർഗീയ സൗന്ദര്യം! സ്വർഗീയ പരിമളം! ഇവിടത്തെ ജീവജാലങ്ങഠ പോലും സ്വർഗത്തിന്റെ സന്തതികളാണ്. ഇനി ഞാൻ ഈ ആനന്ദലഹരിയിൽ ആറാടട്ടെ! പൊയ്ക നിറഞ്ഞുതുളുമ്പുന്ന അമൃതിൽ എന്റെ കാലുകഠ നനയട്ടെ! ഈ പൊയ്കയുടെ കാവൽക്കാരനെ നീ പരിചയപ്പെട്ടോ? യുഗങ്ങളിലൂടെ മാനവകുലത്തിന് കൈവന്ന മണിവീണയാണദ്ദേഹം. ഇതാ, ആ മണിവീണ വീണ്ടും സംഗീതം പൊഴിക്കുന്നു. നിനക്ക് സുപരിചിതമായ ആ സന്ദേശകാവ്യം:''ആകാശഭൂമികഠ നിന്റെ കർമ്മാഗ്നിയിൽ ദഹിപ്പിക്കൂ! ആ ചാമ്പലിൽനിന്ന് ഒരു നവലോകം പടുത്തുയർത്തൂ! നീ ഒരു ജലബിന്ദുവാണോ? കടലിനോട് കലഹിക്കൂ! മത്സരിക്കൂ! സമുദ്രം നിന്റെ കൊടുങ്കാററ് യാചിച്ചുകൊണ്ടിരിക്കട്ടെ!'' ഇഖ്ബാൽ! ആ മണിവീണ മീട്ടാൻ ഒരിക്കൽ കൂടി അങ്ങ് ഭൂമിയിൽ വരില്ലേ?

ഫാറൂഖാബാദ്!

നിനക്ക് നന്ദി നിറഞ്ഞ ഒരു ഹൃദയവും രണ്ടു വരി കവിതയും മാത്രമാണ് ഈ യാത്രക്കാരൻ പകരം നൽകുന്നത്. എന്റെ ഹൃദയം! അതാണെന്റെ കപ്പലും, സമുദ്രവും, തീരവുമെല്ലാം. ഈ കവിത എന്റെ ആത്മഗാനവുമാണ്.

“അവസാനത്തെ കവിത കേട്ടെന്നോ ഇല്ലെന്നോ വരാം,
ചാലിയാറിലെ കുളിർകാററ് വീശുകയോ
വീശാതിരിക്കുകയോ ചെയ്യാം,
ഈ യാത്രക്കാരന് പോകാനുള്ള സമയമായി!'' ○

സ്വന്തം പിതാവിൻെറ കാമാർത്തിയിൽനിന്നും രക്ഷപ്പെടാനാവാതെ, കെട്ടിയ പുരുഷനുവേണ്ടി പാതിവ്രത്യം കാത്തുസൂക്ഷിക്കാനാവാതെ ഭീരുവായി ജീവൻ ത്യജിച്ച തൻെറ സഹോദരി-സ്ത്രീത്വത്തിൻെറ നിസ്സഹായത...പുരുഷത്വത്തിൻെറ മൃഗീയത.

# 'ഈഡിപ്പിസം'

ഭാനു പി.
(എം.എസ് സി.ഒന്നാം വർഷം)

മറവിയുടെ സുഷുപ്തിയിൽ നിന്നുണർന്ന ഊഷ്മളമായ പ്രഭാതങ്ങൾ. ഇടവഴികളുടെ നനുത്ത ഇരുട്ടിലൂടെ, അല്പം ശിഥിലചിന്തകളുമായി തിരിച്ചെത്തുന്ന സന്ധ്യകൾ.

ഒരു ഗ്രാമീണ പെൺകൊടിയുടെ മനസ്സുപോലെ വിശുദ്ധമായ കുറച്ചോർമ്മകൾ.

തൻെറ ഓർമ്മകൾ വിശുദ്ധമായിരുന്നു, പാവനമായിരുന്നു പക്ഷെ ഇന്നവയ്ക്കു പകരം മരവിച്ച ഓർമ്മകളിലെ ഞെട്ടിയ്ക്കുന്ന യാഥാർത്ഥ്യം മാത്രം. ഹൃദയത്തിൻെറ ആഴത്തിൽ തറച്ചുകിടക്കുന്ന മുള്ള്. ഇളക്കിയെടുക്കാൻ ശ്രമിയ്ക്കുന്തോറും വലുതാവുന്ന വ്രണം. ആ നഗ്നയാഥാർത്ഥ്യത്തെ ഉൾക്കൊള്ളാൻ ഇന്നും തൻെറ മനസ്സ് അറയ്ക്കുന്നതെന്തേ?

ഒററയടിപ്പാതകളും, മുള്ളുവേലികളും, കോളാമ്പിച്ചെടികളും നിറഞ്ഞ തൻെറ ഗ്രാമത്തെപ്പോലും തനിയ്ക്കു സ്നേഹിയ്ക്കാൻ കഴിയുന്നില്ലല്ലോ!

തിരമാലകളുടെ വിലാപം കേട്ടുണരുകയും കശുമാവിൻതോപ്പുകളുടെ ഭീമാകാരമായ നിഴലുകളിൽ തളർന്നുറങ്ങുകയും ചെയ്തിരുന്ന തൻെറ കുട്ടിക്കാലദിനങ്ങൾ. നിളയുടെ താളത്തിനൊത്ത് ദിവസങ്ങളൊരുക്കുന്ന താൻ.

അന്ന്, നനുത്ത മഞ്ഞിൽ കുളിച്ച് നില്ക്കുന്ന തെങ്ങിൻതലപ്പുകൾ നിശ്ശബ്ദരായി തല കുനിച്ചിരുന്നു. തിരുഹൃദയച്ചെടികൾ അടക്കം പറഞ്ഞിരുന്നു. പുഴയിൽ കുളിച്ചുമടങ്ങുന്ന ഇളം കാററ് ചാവോക്കുമരങ്ങളുടെ ചെവിയിൽ കുശുകുശുത്തില്ലേ. ഇന്നെന്താണിവർക്കൊക്കെ. ഏതോ അപശകുനത്തിൻെറ നാന്ദിയാണോ ? പ്രകൃതിപോലും അന്ന് ശോകമൂകയായിരുന്നു. അതെ, പ്രകൃതിയെപോലും ഞെട്ടിയ്ക്കുന്നതായിരുന്നത്—

സ്വന്തം പിതാവിൻെറ കാമാർത്തിയിൽ നിന്നു രക്ഷപെടാനാവാതെ, കെട്ടിയ പുരുഷനുവേണ്ടി പാതിവ്രത്യം കാത്തുസൂക്ഷിയ്ക്കാനാവാതെ ഭീരുവായി ജീവൻ ത്യജിച്ച തൻെറ സഹോദരി–തൻെറ കെട്ടിമറിഞ്ഞ ചിന്തകളുടെ സിരാകേന്ദ്രം ഇന്നും അതു തന്നെ. — സ്ത്രീത്വത്തിൻെറ നിസ്സഹായത. പുരുഷത്വത്തിൻെറ മൃഗീയത, സ്വാർത്ഥത. വെറുമൊരു ബീജത്തിൻെറ പേരിൽ ശരീരമവകാശപ്പെടുന്ന പിതൃത്വത്തിൻെറ വഞ്ചന—

പൊള്ളയായ തറവാടിത്തത്തിൻെറ പുറംപൂച്ചുകൾ തകർന്നുവീണു. പകൽ മാന്യതയ്ക്കു പിന്നിലെ ഇരുണ്ട മുഖംകണ്ട് ജനം ആസ്വദിച്ചു. അരമനരഹസ്യം അങ്ങാടിപ്പാട്ടായി. പണക്കാരും പ്രതാപികളുമായവർക്ക് എന്തുമാകാമെന്ന് ജനം വിധിയെഴുതി. ആ അദ്ധ്യായം അവസാനിച്ചു പക്ഷെ—

തൻെറ മനസ്സിൽ മാത്രം അതൊരു മായാത്ത വടുവായവശേഷിച്ചു. ആ വടു വലുതായി. വീണ്ടു കീറി—പഴുത്തൊലിച്ചു—ആ അസഹ്യമായ വേദനയിൽ പിടഞ്ഞുപിടഞ്ഞ് തൻെറ ആത്മാവു മരിച്ചു! മരവിച്ച ആത്മാവിൻെറ കുഴിമാടവും പേറിനടക്കുന്ന തൻെറ മുഖത്തെ സ്ഥായിയായ വികാരം ദുഃഖമെന്നും ഭാവം നിസ്സംഗതയെന്നും പൊതുജനം വിധിയെഴുതി. ചിരിച്ചു. വെറുതെ. തന്നെ അറിയാതെ തന്നെപ്പററി വിധിയെഴുതാൻ പ്രഗത്ഭരായ ജനത്തിൻെറ വിഡ്ഢിത്തമോർത്ത്, തനിയ്ക്കുതന്നെ ആജ്ഞയായ തന്നെക്കുറിച്ച് എന്തു വിദഗ്ദ്ധമായവർ വിലയിരുത്തുന്നു ! അവസരവാദികൾ !

തൻെറ ചിന്തകൾ കാടുകയറുന്നു. അല്ലെങ്കിലും ഇതിന്നന്ത്യമില്ലല്ലോ ! ഇവിടെ എന്നെപ്പോലെ അടുക്കും ചിട്ടയുമില്ലാതെ കിടക്കുന്ന പുസ്തകങ്ങൾ. അവ അല്പമെങ്കിലും കരണ്ടുതിന്നാൻ വിസമ്മതിയ്ക്കുന്ന ഞാൻ, ഇവിടെ, ഏകൻ

അകലെ നനുത്ത നിലാവിൽ പുതഞ്ഞുകിടക്കുന്ന തെങ്ങിൻതലപ്പുകൾ. എവിടെനിന്നോ തണുപ്പു കടംവാങ്ങിയെത്തുന്ന കാററിൻെറ ചീളുകൾ ഈ നിശ്ശബ്ദതയെ തകർക്കാൻ വേണ്ടി ഇടക്കിടെ പാഞ്ഞു പോകുന്ന ഭാരം കയററിയ ലോറികളുടെ മുരൾച്ച. ഈ മുരൾച്ചയിൽ ഞാനലിയട്ടെ — സ്വയം നഷ്ടപ്പെടാൻ വേണ്ടി. ○

ബ്രിട്ടീഷ് മേൽക്കോയ്മയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ സൃഷ്ടിച്ചെടുക്കുന്നത് ഒരുപാട് ക്ലാർക്കുമാരെയും ഗുമസ്തൻമാരെയുമാണ്. നാട്ടിനും സമൂഹത്തിനും കൊള്ളാത്ത കോടിക്കണക്കിന് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെയും. ഈ സ്ഥിതിവിശേഷം ഇനിയും നിലനിന്നുകൂടാ...

# ഇന്ത്യൻ വിദ്യാഭ്യാസ രംഗം

**പി.ടി. അബ്ദുൽ നാസർ**
(ബി.കോം. ഒന്നാം വർഷം)

**എന്താണ്** വിദ്യാഭ്യാസം ? പണ്ടുകാലത്ത് ആദിമ മനുഷ്യൻ വേട്ടയാടുന്നതിന് ആയുധമായി കൂർത്ത കല്ലുകൾ ഉപയോഗിച്ച് മൃഗങ്ങളെ വേട്ടയാടി, പിന്നീട് അവൻ കല്ലുകൾക്ക് പകരം അമ്പും വില്ലും ഉപയോഗിച്ചുവന്നു. എന്നാൽ ഇന്നാകട്ടെ ശാസ്ത്രീയമായ രീതിയിൽ അവൻ മൃഗങ്ങളെ വേട്ടയാടി വരുന്നു. ഈ കഴിവ് അവൻ ആർജ്ജിച്ചത് വിദ്യാഭ്യാസത്തിലൂടെയാണ് എന്ന് നിസ്സംശയം പറയാം. അല്ലെങ്കിൽതന്നെ മനുഷ്യനെ മൃഗങ്ങളിൽ നിന്നും വേർതിരിക്കുന്നത് അവന്റെ വിവേചനശക്തിയാണ്. ഈ വിവേചനശക്തി അവൻ വളർത്തിയെടുക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്, ഇതിൽനിന്നെല്ലാം മനസ്സിലാവുന്നത് ഏതൊരു മനുഷ്യനും വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്നാണ്, കൂടാതെ ഈ കാലഘട്ടത്തിൽ ഒരു മനുഷ്യന്റെ മൗലികമായ അടിത്തറ പോലും സൃഷ്ടിച്ചെടുക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണെന്നുള്ളത് ഒരു നഗ്നസത്യം മാത്രമാണ്.

സ്വാതന്ത്ര്യം നേടിയിട്ട് മുപ്പത്തിരണ്ട് വർഷങ്ങൾ പിന്നിട്ടെങ്കിലും ബ്രിട്ടീഷ്കാരനായ മെക്കാളെപ്രഭു ആവിഷ്കരിച്ച അതേ വിദ്യാഭ്യാസനയംതന്നെയാണ് നാം ഇന്നും തുടർന്നുപോരുന്നത്. റവന്യൂവരുമാനത്തിന്റെ സിംഹഭാഗവും ചിലവഴിച്ചിട്ടുപോലും ഇന്ത്യൻ ജനതയുടെ 70 ശതമാനത്തോളംപേർ അക്ഷരാഭ്യാസമില്ലാത്തവരാണെന്നറിഞ്ഞാൽ ഏതൊരു സ്വാതന്ത്ര്യപ്രേമിയെയും കണ്ണു തുറപ്പിക്കേണ്ടതാണ്. സ്വാതന്ത്ര്യത്തിനുശേഷം നമ്മുടെ രാഷ്ട്രം വിവിധ തലങ്ങളിൽ കൈവരിച്ച നേട്ടം നമ്മുടെ വിദ്യാഭ്യാസ കാര്യത്തിൽ നേടാൻ കഴിയാതെ പോയത് നമ്മുടെ ഗവർമ്മെണ്ടിനും മററുള്ളവർക്കും വിദ്യാഭ്യാസകാര്യത്തോടുള്ള കടുത്ത അനാസ്ഥയിൽനിന്നും വളർന്നതാവണമെന്നുവേണം അനുമാനിക്കാൻ ? അല്ലെങ്കിൽ ഇത്തരത്തിൽ ഈ മേഖല അധഃപതിക്കുമായിരുന്നില്ല എന്ന് ഉറപ്പിച്ചുപറയാം. ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ ഈ അരക്ഷിതാവസ്ഥയിൽനിന്നും മോചിപ്പിച്ച് അതിന് ഭാസുരമായ ഒരു ഭാവി നൽകി, അവയെ എത്തേണ്ടടത്ത് എത്തിക്കേണ്ട ചുമതല ഭാരതത്തിലെ ഓരോ പൗരന്റെയും കടമയാണെന്നുള്ളത് ഒരു സത്യം മാത്രമാണ്.

ഇന്ത്യ ഒരു വികസ്വര രാഷ്ട്രം എന്നതിലുപരി ഒരു ജനാധിപത്യ രാഷ്ട്രവുംകൂടിയാണ്. ഓരോ രാഷ്ട്രത്തിലെയും പൗരൻമാർക്ക് വിദ്യാഭ്യാസം നൽകേണ്ടുന്ന ചുമതല അതാത് രാഷ്ട്രത്തിലെ ഗവൺമെണ്ടുകളുടെ സാമ്പത്തികവും സാമൂഹ്യവുമായ ചുററുപാടുകളെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ രാഷ്ട്രം ജനാധിപത്യാധിഷ്ഠിതമായതിനാൽ ജനാധിപത്യം എന്നുമെന്നും നിലനിൽക്കണമെന്നും മററുള്ളവരേക്കാളുമധികം നാം ആഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ഗവൺമെൻറ് അത്തരത്തിലുള്ള ഒരു വിദ്യാഭ്യാസപരിപാടിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ ആശിച്ച ഫലം വിദ്യാഭ്യാസകാര്യത്തിൽ നമുക്ക് നേടാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

യുവതലമുറയാണ് ഭാവിഇന്ത്യയുടെ വിധികർത്താക്കൾ. ഈ തലമുറ നന്നായാലെ ഇന്ത്യയുടെ ഭാവിയും ശോഭനമാവൂ. ഈ തലമുറ നന്നാവണമെങ്കിൽ അവർക്ക് അതിനു വേണ്ടത്ര ഊർജ്ജം സംഭരിക്കേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. അതിനായി അവർക്ക് നൽകേണ്ട വിദ്യാഭ്യാസം പതിരില്ലാത്തതായിരിക്കണം എങ്കിൽ മാത്രമെ നാം ഉദ്ദേശിച്ച പുരോഗതി നമുക്ക് കൈവരിക്കാനാവൂ. ബ്രിട്ടീഷ് മേൽക്കോയ്മയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ സൃഷ്ടിച്ചെടുത്തത് ഒരുപാട് ക്ലാർക്ക്മാരെയും ഗുമസ്തൻമാരെയുമാണ്. കൂടാതെ നാട്ടിനും, സമൂഹത്തിനും കൊള്ളാത്ത കോടികണക്കിന് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുമാണ് ഈ സ്ഥിതിവിശേഷം ഇനിയും നിലനിന്നുകൂടാ, ഇപ്പോഴത്തെ ഭാരംതന്നെ സഹിക്കാവുന്നതിലധികമാണ്. കാരണം 80 ശതമാനത്തോളം വരുന്ന ഇന്ത്യൻ ജനത ഇന്നും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. അവരുടെതന്നെ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്കും നാം ഇനിയും പരിഹാരം കാണേണ്ടതായാണ് ഇരിക്കുന്നത്. ഈ പ്രശ്നങ്ങൾ തന്നെ ബാക്കിയിരിക്കെ വിദ്യാഭ്യാസരംഗം ഇനിയും ശ്രദ്ധിക്കാതെ പോയാൽ നമുക്ക് താങ്ങാൻ കഴിയുന്നതിലും അധികമാവും പ്രശ്നങ്ങൾ. അതുകൊണ്ടുതന്നെ അവയുടെ പ്രത്യാഘാതങ്ങൾ നമ്മുടെ രാജ്യത്ത് സാമൂഹികവും, സാമ്പത്തികമായും വരുത്തി

ത്തീർക്കുന്ന വിനകരം ഗുരുതരമായിരിക്കും, തീർച്ച! വിദ്യാഭ്യാസ പരിഷ്കരണത്തിനായ് സ്വാതന്ത്ര്യത്തിനുശേഷം പലവിധ കമ്മീഷനുകളെ നമ്മുടെ ഗവൺമെണ്ട് നിയോഗിക്കുകയുണ്ടായി, എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ അവയിൽ നിർദ്ദേശിക്കപ്പെട്ട പരിഷ്കരണമൊന്നുംതന്നെ നമ്മുടെ ഗവ: പ്രായോഗികതലത്തിൽ ഇന്നേവരെ കൊണ്ടുവന്നിട്ടില്ല എന്നത് ഒരു ദുഃഖസത്യംമാത്രമാണ്. ഈ രംഗത്ത് ഇനിയും ഒരു പിടിച്ച്നിൽക്കലിന് ഗവ: തയ്യാറായാൽ ഈ രംഗത്തിൽനിന്ന് വമിക്കുന്ന ലാവയുടെ ദുരന്തം ഒരിക്കലും ഉണങ്ങാത്ത വ്രണമായി വടുകെട്ടി നിൽക്കുമെന്ന കാര്യത്തിൽ ഒട്ടും സംശയമില്ല.

ഇന്ന് നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന ഒരു ദുരാചാരമാണ് അന്ധമായ സർവ്വകലാശാലാ വിദ്യാഭ്യാസപ്രേമം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിജ്ഞാന സമ്പാദനമാണെങ്കിലും ഇന്നത്തെ സമൂഹത്തിൽ ചിലർക്ക് മാന്യതയുടെ ഒരാവരണമായാണ് സർവ്വകലാശാലാവിദ്യാഭ്യാസം ഗണിക്കപ്പെടുന്നത്. വർഷാവസാനംവരെ ക്ലാസ്സിലൊന്നും കയറാതെ, ഒടുവിൽ പരീക്ഷക്ക് എന്തെങ്കിലും കാട്ടിക്കൂട്ടി കുറച്ചു മാർക്ക് വാങ്ങി പാസ്സാകുകയെന്നതാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. ഈവക കാര്യങ്ങളെല്ലാംതന്നെ വേരോടെ പിഴുത് എറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ നിലക്ക് പോയാൽ നമുക്ക് ഇനിയും പലതും നഷ്ടപ്പെടേണ്ടിവരും, അതിനാൽ ഭാവിതലമുറക്ക് വേണ്ട യഥാർത്ഥ വിദ്യാഭ്യാസം ഒന്നു മുതൽ പത്തുവരെ സെക്കണ്ടറി വിദ്യാഭ്യാസവും അതിനുശേഷം അടിസ്ഥാന വിദ്യാഭ്യാസവും, അതിനുശേഷം ഓരോ വിദ്യാർത്ഥിക്കും സ്വതഃസിദ്ധമായ വാസനയുള്ള തൊഴിലധിഷ്ഠിതവിദ്യാഭ്യാസവും നൽകണം. എങ്കിൽ മാത്രമെ ഇന്നത്തെ ഇന്ത്യൻ വിദ്യാഭ്യാസരംഗമാവുന്ന മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിനെ രക്ഷപ്പെടുത്താൻ നമുക്കാവൂ.

ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി ഈ നാട്ടിലെ ഗവൺമെൻറും മററു വിഭാഗങ്ങളും മനസാ വാചാ കർമണാ സഹകരിച്ച് പുരോഗതിയുടെ ചക്രവാളസീമയിലേക്ക് ഈ രംഗത്തെ ഔന്നത്യത്തിലേക്ക് എത്തിക്കാൻ സഹകരിക്കുമാറാകട്ടെ. ○

എത്ര രസകരമായിരുന്നു ആ ദിവസങ്ങൾ! സ്റ്റാററിസ്റ്റിക്സ് പഠിക്കുമ്പോഴും 'പ്രോബ്ളംസ്'' ചെയ്യുമ്പോഴും എത്ര എളുപ്പം താൻ 'ആബ്സന്റ് മൈൻറഡ്'' ആകുമായിരുന്നു? തന്റെ ചിന്തകളിൽ അവൾ മാത്രമായിരുന്നു.

# ഇഷ്ടമായിരുന്നു; പക്ഷേ,...


മെഹബൂബ് നൂർമഹൽ
(ബി.കോം മൂന്നാം വർഷം)


എത്ര വിരസമാണ് ഏകാന്തത. ശൂന്യമായ ക്വാർട്ടേർസിനു മുന്നിൽ അരമതിലിൽ പിടിച്ചുപുറത്തേക്ക് കണ്ണുംനട്ട് നിന്നപ്പോൾ ഒരു നിമിഷം ഓർത്തു. സോമുവും ഗോപനുമെല്ലാം അടുത്ത തിയേററിൽ ഫസ്റ്റ്ഷോയ്ക്ക് പോയിരിക്കുന്നു. പോകാൻ നേരത്തും ഗോപൻ വിളിച്ചു.

നിഷേധാർത്ഥത്തിൽ തലയാട്ടിയതേയുള്ളു. അത്ര മാത്രമേ അവനും പ്രതീക്ഷിച്ചിരുന്നുള്ളു. എത്ര കാലമായി ഈ വീടിന്റെ നാലുഭിത്തികൾക്കുള്ളിലും കമ്പനിയിലുമായി തന്റെ ലോകമൊതുക്കി നിർത്താൻ തുടങ്ങിയിട്ട്!

''നീ ഒററക്കിരുന്ന് മുഷിയും'' അവൻ മുന്നറിയിപ്പുനൽകി.

അപ്പോഴും മിണ്ടിയില്ല. എന്നിട്ട്, ഇപ്പോൾ ഈ ത്രിസന്ധ്യയിൽ ഏകാന്തതയുടെ ഗോപുരത്തിൽ ഒററക്ക് ചുററിനടന്ന് താൻ നന്നേ മുഷിഞ്ഞിരിക്കുന്നു. ഗോപുവിന്റെ വാക്കുകൾ എത്ര ശരി!

അവൻ പലപ്പോഴും പറയാറുണ്ടായിരുന്നു, ''ജയിംസ്, ജീവിതം ഞങ്ങൾക്കുമാത്രമുള്ളതാണോ? നിനക്കും അതിൽ പങ്കില്ലേ?''

ആദ്യമാദ്യം മറുപടിയൊന്നും പറയില്ലായിരുന്നു. പിന്നെപ്പിന്നെ ആ വാക്കുകൾ കേട്ടാൽ ചിരിക്കാനാണ് തോന്നാറ്. അപ്പോഴെല്ലാം മനസ്സിലിരുന്നാരോ വിളിച്ചുപറയും. ''ജയിംസും ജീവിച്ചിരുന്നു—ഒരിക്കൽ; ഒരിക്കൽ ജയിംസിലും ഒരു പുരുഷനുണ്ടായിരുന്നു. ത്രിസന്ധ്യകളിൽ സ്വപ്നം കാണാറുള്ള, രാത്രികളിൽ നിശ്വാസമുതിർക്കാറുണ്ടായിരുന്ന ഒരു പുരുഷൻ. പക്ഷേ വർഷങ്ങളിലൂടെ അവൻ മരിച്ചുപോയി......

അയാൾ ഓർത്തു......

കോളേജ് വിദ്യാഭ്യാസകാലത്തെ സുന്ദരദിനങ്ങൾ... അന്നൊക്കെ കൂട്ടുകാരുമൊന്നിച്ച് മദിച്ചു നടന്ന കാലം......ഓണത്തുമ്പി കണക്കെ ചുണ്ടിൽ പുഞ്ചിരിയുമായി പാറിനടന്ന പൊൻനാളുകൾ—അവ്വയും, കുഞ്ചുവും സാലിയുമൊന്നിച്ച് എന്തെന്ത് കുസൃതിത്തരങ്ങളാണ് കാണിച്ചിരുന്നത്? വിധാൻ സൗധിലേയും ഗബ്ബൻ പാർക്കിലേയും സുന്ദരസായാഹ്നങ്ങൾ......

ഇല്ല, താനൊന്നും ചിന്തിക്കില്ല. ഓർമ്മകൾക്ക് ഫണമുയർത്തിയാടാൻ തന്റെ മനസ്സിൽ ഇടംകൊടുക്കില്ല. തിരിച്ചു നടന്നു. ഡ്രോയിംഗ് റൂമിലെ ലൈററ് ഇട്ടു.

ചുററിലും നോക്കി. മനുഷ്യസ്പർശം കാത്തുകിടക്കുന്ന നീല സെററി. പത്രങ്ങളും വാരികകളുമെല്ലാം ചിതറിക്കിടക്കുന്നു. അടുക്കി വെക്കണമെന്ന് തോന്നിയില്ല. ഒരാഴ്ചപ്പതിപ്പെടുത്ത് അലക്ഷ്യമായി മറിച്ചുനോക്കി.

ഒരു നർത്തകിയുടെ ചിത്രം!

കണ്ണുകൾ ആ ചിത്രത്തെ വലംവെച്ചു. സ്വപ്നയാണോ അത്? സൂക്ഷിച്ചുനോക്കി. അല്ല. സ്വപ്നയല്ല, എങ്കിലും ആലോചിച്ചു. ഈ വേഷത്തെയായിരുന്നില്ലേ ആദ്യമാദ്യം താൻ ആരാധിച്ചിരുന്നത്? അതുകൊണ്ടാണോ കോയയും ബഷീറുമെല്ലാം തന്നെ ''സെൻറിമെൻറൽ'' എന്നു വിശേഷിപ്പിച്ചിരുന്നത്?

ഒരു ദിവസം......

കൂട്ടുകാരുമൊന്നിച്ച് കറങ്ങുകയായിരുന്നു. അന്നാണ് അവളെ കാര്യമായി ശ്രദ്ധിച്ചത്.

വടിവൊത്ത വെളുത്തദേഹം......പരൽമീൻ തത്തിക്കളിക്കുന്ന മിഴികൾ......വസന്തം മൊട്ടിടുന്ന അധരപുടങ്ങൾ......ശരിക്കും ഗ്രാമീണസൗന്ദര്യത്തിന്റെ പ്രതിച്ഛായ. വിടർന്ന മാരിവില്ലിന്റെ വശ്യതയുള്ള അവൾ സുന്ദരിയാണ്!!

തന്റെയും അവളുടേയും മിഴികൾ ഒരു നിമിഷം എന്തോ രഹസ്യം പറഞ്ഞുവോ......?

''മതിയെടോ നോക്കിയത്!'' ഞെട്ടിത്തിരിഞ്ഞുനോക്കി. ബഷീറാണ്. എല്ലാവരും തന്നെനോക്കി പിറുപിറുക്കുന്നു. മനസ്സ് അസ്വസ്ഥമായി. അടുത്ത 'ഔവർ' ക്ലാസ്സുണ്ടായിരുന്നു.

എക്കണോമിക്സ് ക്ലാസ്സാണ്. പ്രൊഫസർ തകർത്തുപിടിച്ചു പ്രസംഗിക്കുകയാണ്. ചിലർ തലയും നീട്ടിപ്പിടിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുന്നു. മററുചിലർ കുശലപ്രശ്നങ്ങളിൽ മുഴുകിയിരിക്കുന്നു.

പെട്ടെന്ന് സാറിന്റെ ചോദ്യം തന്നോടാണ്. മനസ്സ് മറെറവിടെയോ ആയിരുന്നു. വെപ്രാളത്തോടെ എണീററ് എന്തോ പറഞ്ഞു. ക്ലാസ്സിൽ കൂട്ടച്ചിരി. ''ഛെ, നാണക്കേടായല്ലോ'' മനസ്സിൽ കരുതി.

കോളിംഗ്ബെല്ലിന്റെ തുടർച്ചയായ ശബ്ദം അയാളെ ചിന്തയിൽനിന്നുണർത്തി ഗോപുവായിരിക്കും. അവനിത്രവേഗം തിരിച്ചെത്തിയോ? ഓ, സമയം പത്ത് കഴിഞ്ഞിരിക്കുന്നു.

ഊണ് കഴിഞ്ഞ് കിടപ്പുമുറിയിലേക്ക് നടക്കുമ്പോൾ ഗോപുവിന്റെ മുറിയുടെ വാതിൽപ്പഴുതിലൂടെ വെളിച്ചം കണ്ടു കേറണോ? ഒരു നിമിഷം സംശയിച്ചു. വേണ്ട. മൊസൈക്കുതറയിൽ വിറങ്ങലിച്ചു കിടക്കുന്ന ആ വെളിച്ചത്തിന്റെ തുണ്ടിൽ ചവുട്ടി സ്വന്തം മുറിയിലേക്ക് നടന്നു......

മധുരിക്കുന്ന സ്വപ്നങ്ങളുമായി കുളിർമ്മയുള്ള ദിനങ്ങൾ വിടരുകയും കൊഴിയുകയും ചെയ്തുകൊണ്ടിരുന്ന കാലം.

ഒരു ബുധനാഴ്ച ദിവസം

കിഴക്കു ചുവന്നു- ഉദയം. ഒരു പുതിയ പുഷ്പം പോലെ ഒരു പുതിയ പ്രഭാതം, വൃക്ഷത്തലപ്പുകളിൽ തങ്ങിനിന്ന തുഷാരബിന്ദുക്കൾ പവിഴമുത്തുകൾപോലെ കൊഴിയാൻ തുടങ്ങി.

ശക്തിയായ തണുപ്പിൽ മൂടിപ്പുതച്ചുകിടക്കാൻ തോന്നി. എന്തോ ഓർത്ത് ചാടിയെണീററു.

പതിവിന് വ്യത്യസ്തമായി നേരത്തെ കോളേജിലെത്തി. ഓർക്കുമ്പോൾ ഇന്ന് അത്ഭുതം തോന്നി.

സമയം ഇഴഞ്ഞുനീങ്ങി. ലേഡീസ് ഹോസ്ററലിൽ നിന്നുമുള്ള ''പരേഡ്'' തുടങ്ങി. എല്ലാ മുഖങ്ങളിലും കണ്ണുകൾ പാറി നടന്നു. എന്തേ മനസ്സ് അസ്വസ്ഥമാകുന്നു?

അങ്ങു ദൂരെനിന്നതാ അവൾ വരുന്നു. മാഗിയുമുണ്ടുകൂടെ. ഹൃദയം ശക്തിയായി മിടിച്ചു. ഒരു നിമിഷം ആ പൂമ്പാററയെത്തന്നെ നോക്കിനിന്നു... തുടിക്കുന്ന ഹൃദയത്തോടെ സമീപിച്ചു

''സ്വപ്നാ, പ്ളീസ് വൺമിനിട്ട്......'' ശബ്ദം വിറച്ചുവോ?

അവൾ തലയുയർത്തി നോക്കി. പുഞ്ചിരിച്ചുകൊണ്ട് കടന്നുപോയി.

വേടന്റെ അമ്പേററ പക്ഷിയെപ്പോലെ ഹൃദയം പിടഞ്ഞു പിന്നീടുള്ള ദിവസങ്ങളിൽ വീണ്ടും അവളെ നേരിടാനുള്ള ശക്തി സംഭരിക്കുകയായിരുന്നു. മറെറാരു ദിവസം......

''എക്സ്ക്യൂസ്മി........കുറച്ചു സംസാരിക്കാനുണ്ടായിരുന്നു സൗകര്യപ്പെടുമെങ്കിൽ......''

ദിവസങ്ങളിലൂടെ സംഭരിച്ച ധൈര്യം വാക്കുകളായി പുറത്തുചാടി.

''സോറി, ഇപ്പോൾ ക്ലാസ്സുണ്ട്. അതുകഴിഞ്ഞ് വരാം.''

തിരിഞ്ഞുനടന്നു. ഉള്ളിൽ പ്രതീക്ഷകളുടെ തിരമാലകൾ ഇളകി മറിഞ്ഞു.

അവൾ വന്നു. പിന്നീടങ്ങോട്ട് മനസ്സുകൾ ഒന്നാവുകയായിരുന്നു.

എത്ര രസകരമായിരുന്നു ആ ദിവസങ്ങൾ. സ്റ്റാററിസ്ററിക്സ് പഠിക്കുമ്പോഴും പ്രോബ്ളംസ് ചെയ്യുമ്പോഴും എത്ര എളുപ്പം താൻ ''ആബ്സൻറ് മൈൻഡഡ്'' ആയി മാറിയിരുന്നു? തന്റെ ചിന്തകളിൽ അവൾ മാത്രമായിരുന്നു.

അവളുടെ ചിലങ്കകളുടെ നാദംകേട്ട് ഓഡിറേറാറിയം കോരിത്തരിക്കുമ്പോൾ, അഭൗമമായ അവളുടെ സ്വരരാഗ ലഹരിയിൽ ലയിക്കുമ്പോൾ എത്രനേരം സ്വയം മറന്നിരുന്നിട്ടുണ്ട്?

ഒരിക്കൽ പെട്ടെന്നവൾ ചോദിച്ചു, ''ജയിംസ് ഇവിടുന്ന് പോയാൽ എന്നെ മറക്കില്ലേ?

താൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു, ''പിന്നെ, മറക്കാതിരിക്കാൻ പററുമോ?'' അവളുടെ മുഖം വിവർണ്ണമായി.

''മണ്ടിപ്പെണ്ണേ, നിന്നേയും കൊണ്ടേ ഞാനിവിടുന്നു പോവൂ എന്താ പോരേ''

''എന്തോ,എനിക്കുപേടിയാവുന്നു.''അവളുടെ സ്വരം ഇടറിയിരുന്നു

സ്വപ്നങ്ങൾ തനിക്കു ചുററും മണിമേടകൾ സൃഷ്ടിച്ചു. ആ മണിമേടകളിൽ താനൊരു വാനമ്പാടിയായി പാടിനടന്നു.

പക്ഷേ—

എത്ര പെട്ടെന്നാണ് എല്ലാം അവസാനിച്ചത്? അവസാനിപ്പിച്ചതെന്ന് പറയുന്നതല്ലേ കൂടുതൽ ശരി?

അയാൾ ഒരു സിഗരററിനു തീകൊളുത്തി. ഉയർന്നു പൊങ്ങുന്ന പുകച്ചുരുളുകളിൽ സ്വപ്നയുടെ നിസ്സഹായതയോലുന്ന മുഖം!

ഓ, പുകവലിക്കുന്നത് അവൾക്കിഷ്ടമായിരുന്നി

ല്ലല്ലോ. വെറുപ്പോടെ എത്രതവണ തൻെറ കയ്യിൽ നിന്നും സിഗരററുകൾ തട്ടിത്തെറിപ്പിച്ചിട്ടുണ്ട്?

പക്ഷേ—സ്വപ്നാ, നീയിന്നെവിടെയാണ്? ഈ ദ്വീപിൽ ഞാനിന്നൊററക്കാണ്.

—പ്രദീപ്—

താൻ ജീവനിലുപരി സ്നേഹിക്കുന്ന കൂട്ടുകാരൻ എല്ലാ സുഖദുഃഖങ്ങളും ഒന്നിച്ച് പങ്കിടാറുള്ള ആത്മസുഹൃത്ത്. ഒരാത്മാവും രണ്ടു ശരീരവുമായി കഴിയുന്നവർ.

പക്ഷേ സ്വപ്നയുമായുള്ള ബന്ധം അവനുപോലും അജ്ഞാതമായിരുന്നു!

ഇന്നും വ്യക്തമായോർക്കുന്നു......

തിരമാലകളുടെ സംഗീതം കേട്ടുകൊണ്ടിരുന്ന ഒരു സായാഹ്നം. തണുത്ത കാററ് ചുററിലും ചിറകടിച്ച് നൃത്തം ചെയ്തു. സന്ധ്യ ഒരു മോഹം പോലെ വളർന്നുകൊണ്ടിരുന്നു. ഏകാന്തതയുടെ ഇരുട്ടിൽ ഒററപ്പെട്ടവനെപ്പോലെ താൻ......

പ്രപഞ്ച നീലിമ മയങ്ങിക്കിടക്കുന്ന അനന്തമായ കടലിലേക്ക്നോക്കി തനിച്ചിരിക്കുമ്പോൾ, സ്നേഹിക്കാൻ പഠിച്ച മനസ്സുകളെക്കുറിച്ച് ഒരു നിർവ്വചനം കണ്ടെത്താനാവാതെ വിഷമിക്കുമ്പോൾ അവൻ വന്നു—പ്രദീപ്.

''എന്താടോ സ്വപ്നം കാണുകയാണോ.'':

പുഞ്ചിരിച്ചുകൊണ്ട് അതെയെന്നർത്ഥത്തിൽ തലയാട്ടി.

''താനെന്നെയൊന്നു സഹായിക്കുമോ?'' അവൻെറ ചോദ്യം തന്നെ അമ്പരപ്പിച്ചു.

''എന്തുപററിയെടാ? കാര്യം പറ',

''ഞാനൊരു കുട്ടിയെ സ്നേഹിക്കുന്നു. അവളെ എനിക്ക് സ്വന്തമാക്കണം. നീ സഹായിക്കുമോ?''

''ഓ, ശ്രമിക്കാം.'' തെല്ലുനേരത്തെ നിശ്ശബ്ദതക്കുശേഷം,

''ആട്ടെ, ഏതാ തൻെറ പ്രേമഭാജനം?''

അവൻ കൂടുതൽ ഉൻമേഷവാനായപോലെ തോന്നി.

''നീ അറിയില്ലേ, ഡി. സി.യിലെ സ്വപ്നയെ?

തലയ്ക്കകത്ത് പ്രളയം. പ്രപഞ്ചം മുഴുവൻ കടലിരച്ചു കയറുന്നു......ചരാചരങ്ങളെ കടപുഴക്കി ഒഴുക്കുന്നു. ജയിംസ്, ഇതാ...ഇതാ...ഒരാലിലയിലൂടെ ഒരു കൊച്ചുകുട്ടിയായി ഒഴുകുന്നു. കടലിൻെറ അനന്തതയിലേക്ക്......

*   *   *   *

അന്ന് രാത്രി ശപിക്കപ്പെട്ടതായിരുന്നു. ഏറെ ആലോചിച്ചു. പ്രദീപിനെ പിന്തിരിപ്പിച്ചാലോ?

മനസ്സുചോദിച്ചു, ''നീ തന്നെ അവനു കടപ്പെട്ടിരിക്കെ നിനക്കതിനാവുമോ?

പെട്ടെന്ന് അയാളുടെ മനസ്സിലേക്ക് ആ സംഭവംഓടിയെത്തി.

കോവളത്തെ സുന്ദരമായ ഒരു സായാഹ്നം.

കടൽക്കരയിൽ തണുത്ത കാററിൻെറ പ്രസവം. കാററിൻെറ ഈർപ്പത്തിൽ അകലെവിരിഞ്ഞ ഏതോ കാട്ടുപൂവിൻെറ ഗന്ധം.

പരൽമീനുകൾപോലെ നീന്തിത്തുടിച്ചു രസിച്ചു. പെട്ടെന്ന് കൈകൾ കുഴഞ്ഞു, കാലുകൾ തളർന്നു. കടലിൻെറ അഗാധതയിലേക്ക് താണുതാണു പോവുമ്പോൾ കണ്ണീർവാർത്തുകൊണ്ടൊരു രൂപം മുന്നിൽ തെളിഞ്ഞു—സ്വപ്ന!

പിന്നെ കണ്ണു തുറന്നത് ആശുപത്രിയിലാണ്. ബഷീർ പറഞ്ഞാണറിഞ്ഞത്.

ശക്തിയായ ചുഴിയിൽ അകപ്പെട്ട താൻ. നിസ്സഹായരായ കൂട്ടുകാർ. പ്രദീപ് കയത്തിലേക്കെടുത്തു ചാടിയത് പെട്ടെന്നായിരുന്നു.

''പ്രദീപെവിടെ?'' ഞെട്ടലോടെ, തളർന്ന തൻെറ ശബ്ദം.

''അപ്പുറത്തെ ബെഡ്ഡിലുണ്ട്. ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടു.'' അറിയാതെ കണ്ണുകൾ നിറഞ്ഞു,

*   *   *   *

ഒരു തീരുമാനത്തിലെത്താൻ പാടുപെട്ടു. രാത്രിയുടെ ഏതോ യാമത്തിൽ അറിയാതെ മയങ്ങി.

ഒടുവിൽ—

എല്ലാ സ്വപ്നങ്ങളെയും സങ്കല്പങ്ങളേയും മനസ്സിലൊതുക്കി ആത്മസുഹൃത്തിന് വഴിമാറിക്കൊടുക്കുമ്പോൾ ഹൃദയം കേഴുകയായിരുന്നു. ആ വേദന പുറത്തുകാണിക്കാതെ പുഞ്ചിരിക്കാൻ ശ്രമിച്ചു. വിജയിച്ചുവോ...?

വ്യഥകൾ—അവയെ ഏതാനും ശോകഗാനങ്ങളുടെ ഈരടികളിൽ തളർത്തിയിടാൻ ശ്രമിച്ചു അതിൽ ഒരു പരിധിവരെയെങ്കിലും വിജയിക്കാൻ കഴിഞ്ഞുവോ......?

—പ്രിയപ്പെട്ടവളേ മാപ്പ്—

അങ്ങിനെ—

ഭൂതകാലത്തിൻെറ ഭാരം വലിച്ചെറിഞ്ഞ്, അതിൻെറ ഓർമ്മകൾപോലുമുപേക്ഷിച്ച് ഈ നഗരത്തിൽവന്നു.

—പുറത്ത് നഗരം മഹാനഗരത്തെ നോക്കി അയാൾ ഒരു നിമിഷം നിന്നു. ജയിംസ് എന്ന ചെറുപ്പക്കാരൻ. സന്ധ്യകഴിഞ്ഞ നേരം. മനുഷ്യരും വാഹനങ്ങളും ഇടകലർന്നൊഴുകുന്ന പെരുവഴി. തിരക്കിൽ ഒഴിഞ്ഞും മാറിയും നടന്നു. ആൾത്തിരക്കിൽ അയാൾ അപരിചിതനായിരുന്നു. തനിക്കുചുററും കിടന്നിരമ്പുന്ന നഗരം അയാൾക്കും അപരിചിതമായിരുന്നു.—

ഉറങ്ങാൻ കഴിയാത്ത രാവുകളിൽ ഉത്തരം കണ്ടെത്താനാവാതെ ഒരു ചോദ്യം അയാളുടെ മുന്നിൽ അവശേഷിച്ചു.

''സ്നേഹം ഒരു നഷ്ടമാണോ?'' ○

# കറുത്ത സുന്ദരിയോടൊപ്പം

## പി.പി.നമ്പൂതിരി,വിളയിൽ
(ബി.എസ്.സി. ഒന്നാം വർഷം)

ഒരു നീലിമതൻ മോഹലയത്തിൽ
ഹൃദയം വീണു ലയിച്ചപ്പോഴ്
ഞാനൊരു കമിതാവായി, അവളെൻ
സ്വപ്നമുണർത്തും കാമുകിയായി.
മിഴികൾ തമ്മിലിടഞ്ഞും
തമ്മിലൊരക്ഷരമുരിയാടാതെ
കുളിർചന്ദ്രികയിൽ ഒന്നിച്ചങ്ങനെ ഹൃദയംചേർന്നു
നിശതൻ മാറിൽ മയങ്ങുമ്പോൾ
അവളുടെ ചുണ്ടിലെയക്കള്ളച്ചിരി
ആത്മാവിൽ കുടിൽ കെട്ടുമ്പോൾ,
ഞാനൊരു കമിതാവായി, അവളെൻ
കല്പന കാക്കും കാമുകിയായി.
ഒരു നിമിഷാർദ്ധത്തിൽ ഹൃദയസ്പന്ദനമേതോ
സ്വപ്നം തേടി നിലച്ചപ്പോൾ
ഇരുളിൻ കണ്ണിൽ നിർവൃതി തേടി
എന്തോ നോക്കി രസിച്ചപ്പോൾ
ഞാനൊരു കമിതാവായി, അവളോ?
നിർവൃതി പകരും മോഹിനിയായി.
അകലെപ്പൂവൻ കോഴികൾ കൂവി,
ശ്യാമസുന്ദരി നിശയോ തന്നുടെ
വെള്ളിനിലാച്ചേലയിളക്കി
വിടപറയാനൊരു മൂടൽമഞ്ഞായ്
ലതയിൽ; വിണ്ണിൽ; നിറഞ്ഞപ്പോൾ
നിറകണ്ണാലവൾ നീട്ടിപ്പാടി:
'വിട! പുനരാഗമനം വരെയും.'
എന്നിൽതങ്ങും കമിതാവപ്പോൾ
പുതിയൊരു സ്വപ്നം തേടി.

ഞാനോ എന്നിലെയെന്നെത്തേടി
തെന്നലിൽ നറുപുല്ലിൻ മൃദുലതതേടി
സ്മൃതിയെ പുൽകി മയങ്ങീ
വിണ്ണിൽ താരകയോടൊപ്പം. ○

മനുഷ്യൻ പ്രകൃതിയെ സൌന്ദര്യബോധത്തോടെ വീക്ഷിക്കാൻ തുടങ്ങിയപ്പോൾ അവന് പുതിയ അനുഭവങ്ങളുണ്ടായി. അവന്റെ ഹൃദയം തുകിലുണർത്തി, ചിറകുവിടർത്തി, ഏതോ സ്വപ്നമണ്ഡലങ്ങളിലേക്ക് പറന്നുയർന്നു...

# 'കൊല'യെ അതിജീവിക്കേണ്ട കല

**വീരാൻകുട്ടി.കെ**
(പി.ഡി.സി.ഒന്നാം വർഷം)

പ്രകൃതിവൈരുദ്ധ്യങ്ങളേയും ജീവിതസംഘർഷങ്ങളേയും നേരിടേണ്ടിവന്ന മനുഷ്യൻ തന്റെ വിവേക-വിവേചനശക്തിയുപയോഗിച്ച് ചിന്തിക്കാൻ തുടങ്ങി. ആ ചിന്ത അവന് കൂടുതൽ ശക്തി നേടിക്കൊടുത്തു. ജീവിതത്തിലെ വിഷമസന്ധികൾ തരണംചെയ്ത് വിശ്രമിക്കുമ്പോൾ അവന്റെ ദുഃഖഹൃദയത്തിലൊരാഗ്രഹം. അല്പം ആനന്ദിക്കണം. ചിന്താശക്തി അവന്റെ വാസനാവൈഭവത്തെ വെളിയിൽ കാണിച്ചു. കൈകൾ കലാത്മകമായി ചലിച്ചു. കാലുകൾ നൃത്തമാടി. അവിടെ, ആ വനാന്തരത്തിൽ, ഒരു കല ഉത്ഭവിക്കുകയായിരുന്നു. ഗുഹയുടെയുള്ളിൽ ചടഞ്ഞു കൂടിയിരുന്ന കാടന്റെ കരങ്ങൾക്ക് ചിത്രം രചിക്കാനുള്ള ആവേശമുണ്ടായി. രക്തം തെറിക്കുന്ന മൃഗത്തോലണിഞ്ഞ വേടൻ അഗ്നിക്കു മുൻപിൽ നടനമാടി. അവിടെ കലകൾ ജൻമമെടുക്കുകയായിരുന്നു.

ചരിത്രാതീതകാലത്തുതന്നെ ധാരാളം കലകൾ ജൻമമെടുത്തിരുന്നു. നാഗരികസംസ്ക്കാരങ്ങളിലെല്ലാം കലകളുടെ സ്വാധീനം നമുക്ക് ദർശിക്കാൻ കഴിയും. പുരാതനദേവാലയങ്ങളുടെയും മററു പുരാതന മന്ദിരങ്ങളുടെയും ശില്പഗോപുരങ്ങൾ ഇന്നും പണ്ടത്തെ മനുഷ്യന്റെ ചിത്രശില്പകലാവൈഭവത്തെപ്പററി മൂകമായി സംസാരിക്കാറുണ്ട്

മനുഷ്യൻ പുരോഗമനത്തിന്റെ പന്ഥാവുകൾ വെട്ടിത്തെളിയിച്ചുകൊണ്ടിരുന്നപ്പോൾ ആ വഴിയെ പ്രകാശമാനമാക്കിക്കൊണ്ട് കലാദീപവും പുരോയാനം ചെയ്തുകൊണ്ടേയിരുന്നു. ധാരാളം ശാഖകൾ കലയ്ക്ക് പൊട്ടിവിടരാൻ തുടങ്ങി. മനുഷ്യൻ പ്രകൃതിയെ സൗന്ദര്യബോധത്തോടെ; ഭാവനാസങ്കല്പങ്ങളോടെ വീക്ഷിക്കാൻ തുടങ്ങിയപ്പോൾ അവന് പുതിയ ചില അനുഭവങ്ങളുണ്ടായി. സന്ധ്യാസമയത്ത് 'ചെഞ്ചോര'നിറംപൂണ്ട ചക്രവാളം കണ്ടപ്പോൾ അവന്റെ ഹൃദയം തുകിലുണർത്തി, ചിറകുവിടർത്തി ഏതോ സ്വപ്നമണ്ഡലങ്ങളിലേക്ക് പറന്നടുത്തു. അവിടെയും ഒരു സാഹിത്യസൃഷ്ടി രൂപംകൊള്ളുകയായിരുന്നില്ലേ?....

അപ്പോഴേയ്ക്കും പ്രകൃതിയിൽ ആകൃഷ്ടമായി കഴിഞ്ഞിരുന്ന മനുഷ്യന്റെ മാനസക്ഷേത്രം കലയുടെയും സാഹിത്യത്തിന്റെയുമെല്ലാം പ്രകാശദീപങ്ങളാൽ അലംകൃതമായിക്കഴിഞ്ഞിരുന്നു. ഇങ്ങനെ ഒരു കലാലോകം സൃഷ്ടിക്കപ്പെടാനും സാഹിത്യചിന്ത മനുഷ്യമനസ്സുകളിൽ ആഞ്ഞടിക്കാനും തുടങ്ങി. ആയവസരത്തിൽ ദുർബ്ബലർ സഹൃദയനെ കൂട്ടിനുകിട്ടാതെ എവിടെയോ പാറിപ്പറന്നു നശിച്ചുകൊണ്ടിരുന്നു. എന്നാൽ കാലഘട്ടങ്ങളെ അതിജീവിക്കാൻ കരുത്തുള്ള അനശ്വരസൃഷ്ടികൾക്ക് രൂപം നൽകിയവർ ഇന്നും മനുഷ്യഹൃദയത്തിൽ ഓർമ്മകളുണർത്തുന്നു.

ഉത്തമകലാസൃഷ്ടികൾ അനശ്വരമാണ്. അതുവഴി അവയുടെ സൃഷ്ടിപ്പുകാർ മൺമറഞ്ഞവരായാൽ പോലും അവരുടെ തുടിക്കുന്ന ആത്മാവ് അനന്തതകളിൽ ഒഴുകിനടന്ന് ഇടയ്ക്കിടെ ആസ്വാദകന്റെ മനസ്സിൽ ആഹ്ലാദം പകരാറുണ്ട്. അവയ്ക്ക് നിദ്രയില്ല; മരണമില്ല. പിക്കാസോവും ഹോമറും വാല്മീകിയും വ്യാസനും കാളിദാസനുമെല്ലാം ഇന്നും അവരുടെ സൃഷ്ടികളിലൂടെ ജീവിക്കുന്നു.

എന്നാൽ കലയുടെയും സാഹിത്യത്തിന്റെയുമെല്ലാം പ്രാധാന്യം അതിന്റെ അനശ്വരസൃഷ്ടിയിലും അനശ്വരരായ സൃഷ്ടിപ്പുകാരിലും മാത്രം ഒതുങ്ങിനില്ക്കുന്നില്ല. ഒരു സാഹിത്യകാരന്റെ തൂലികത്തുമ്പിന് ഒരു ധർമ്മയോദ്ധാവിന്റെ ചെഞ്ചോര പുരണ്ട വാളിനേക്കാൾ ശക്തിയുണ്ട് എന്നത് ഇവിടെ തെളിയിക്കപ്പെട്ടതാണ്. ടോൾസ്റ്റോയിയുടെ തൂലികക്ക് റഷ്യയിലെ ഏകാധിപതികളായിരുന്ന സർചക്രവർത്തിമാരുടെ അധികാരകസേരയ്ക്ക് ഇളക്കം തട്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന സത്യം നമ്മുടെ മുൻപിലുണ്ട്. ടാഗോർ, വള്ളത്തോൾ തുടങ്ങിയ സ്വാതന്ത്ര്യഗായകരുടെ 'വിപ്ലവഗീതികൾ' കേട്ട് മലഞ്ചരിവുകളിലെ കുടിലുകളിൽ ഉറങ്ങിക്കിടന്നിരുന്നവർ ആവേശംകൊണ്ടു. മഹാൻമാരുടെയും മതപണ്ഡിതൻമാരുടെയുമെല്ലാം ഭാഷണകലാശക്തി പടർന്നൊഴുകിയപ്പോൾ തെരുവുകൾപോലും സജീവമായി എന്നൊക്കെ പറയുമ്പോൾ കലയ്ക്ക് സമൂഹത്തിൽ കാര്യമായ പരിവർത്തനം വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് കാണാം.

മററൊരുവിധത്തിൽ പറഞ്ഞാൽ രാജാക്കൻമാരെപ്പററിയുള്ള പാട്ടുകളിലും പുകഴ്ത്തലുകളിലും അ

തുപോലെ ദന്തഗോപുരങ്ങളിലെ ഭിത്തികളിലും മാത്രം ഒതുങ്ങിനിന്നിരുന്ന കലയെ മനുഷ്യപുരോഗമനത്തിനുവേണ്ടി ഉപയോഗിക്കാൻ പിന്നീട് കഴിഞ്ഞു. ഒരു കാലഘട്ടത്തിനനുസരിച്ച് അവിടത്തെ വ്യക്തികളെ പാകപ്പെടുത്തിയെടുക്കുന്നതിൽ കലയ്ക്കും സാഹിത്യത്തിനും വ്യക്തമായ പങ്കുണ്ട്.

കലയും ജീവിതവും തമ്മിലുള്ള ബന്ധത്തെപ്പററി നാം ചിന്തിക്കണം. ഷാജഹാൻെറ താജ്മഹൽ കലാമോടിയോടെ അവർ മെനഞ്ഞെടുക്കുമ്പൊഴും രാജസദസ്സിലെ പണ്ഡിതകവികൾ രാജാവിനെപ്പററി പുകഴ്ത്തി പാടുമ്പോഴും അവരുടെയെല്ലാം അടിവയററിൽനിന്നുമുയർന്ന വിശപ്പിൻെറ വിളിയായിരുന്നില്ലേ അവരുടെ പ്രധാനപ്രശ്നം? അതേ 'അവിടെ' തുടങ്ങുന്നു ജീവിതത്തിനുവേണ്ടിയുള്ള കല. ഇന്നും കല ജീവിതത്തിനുവേണ്ടി ഉപയോഗിക്കുന്നു. പക്ഷേ കാര്യമായൊരു വ്യത്യാസമുണ്ടെന്നുമാത്രം. അവരന്ന് കലയെ ജീവിതത്തിനുവേണ്ടി ഉപയോഗപ്പെടുത്തുമ്പൊഴും കലയുടെ മേൻമ ഒരു കണികപോലും നഷ്ടപ്പെടുത്തിയിരുന്നില്ല; എന്നുമാത്രമല്ല, അതിലെല്ലാം കലയുടെ ജീവൻ അനശ്വരമായി നിലനിൽക്കുന്നുമുണ്ട്. എന്നാൽ ഇന്ന് കലയെ ജീവിതത്തിന്വേണ്ടി ഉപയോഗിക്കുന്നവരേക്കാളേറെ കലയെ ജീവിതത്തിന്വേണ്ടി 'കൊല' ചെയ്യുന്നവരാണധികവും! അത്യുന്നതമായ കലാപാരമ്പര്യവിശേഷത്തിൻെറ കഴുത്തിൽ കരിനഖമാഴ്ത്തി രക്തം കുടിക്കുന്ന കലാവഞ്ചകർക്കെതിരെ ശബ്ദമുയർത്താൻ നമ്മുടെ നാവുകൾക്ക് ശക്തിയില്ലാതെ പോയോ?

കല കലയ്ക്ക്വേണ്ടിയോ? കല സമൂഹത്തിന് വേണ്ടിയോ? അതോ കല ജീവിതത്തിന്വേണ്ടി മാത്രമുള്ളതോ? ഇവയാണ് നമ്മുടെ മുൻപിലുള്ള ഇപ്പോഴത്തെ പ്രധാനചിന്താവിഷയം. എന്നാൽ ഒന്നു പറയട്ടെ, 'കല കലയ്ക്കുവേണ്ടി' എന്നു വാദിച്ചവർക്ക് കലയെ രക്ഷിക്കാൻ കഴിഞ്ഞില്ലെന്നതാണ് സത്യം. കലയുടെ മേന്മ മാത്രം ശ്രദ്ധിച്ച് കലാസൃഷ്ടി നടത്തിയവർക്ക് ഈ സമൂഹത്തിൻെറ 'നിശ്വാസങ്ങൾ' ഉൾക്കൊള്ളാൻ കഴിയാതെ പോയി.

കല സമൂഹത്തിനുവേണ്ടി മാത്രമായാലോ? എങ്കിൽ അങ്ങനെയുള്ള കലാകാരന് സമൂഹത്തിൻെറ നിശ്വാസങ്ങൾ അപ്പടി ഒപ്പിയെടുക്കുന്ന തിരക്കിൽ കലയുടെ മൂല്യം നിലനിർത്താൻ കഴിഞ്ഞെന്നുവരില്ല. അത്തരം സൃഷ്ടികൾ കലയാവില്ലെന്നർത്ഥം.

കല ജീവിതത്തിനുവേണ്ടിയാണെന്ന വാദമുഖത്തിന് വമ്പിച്ച പിൻബലമിന്നുണ്ട്. എങ്കിലും കല, മനുഷ്യനെ 'മൃഗ'മാക്കി മാററാനുള്ള ഉപകരണം എന്ന നിലയിൽ ഉപയോഗിക്കുന്നത് നാം അനുവദിച്ചുകൂടാ. ഇന്ന് നിങ്ങൾക്ക് ആവശ്യമെങ്കിൽ അങ്ങാടിയിൽനിന്നും കുറഞ്ഞ വിലയ്ക്ക് 'കല' വിലയ്ക്ക് കിട്ടും! കലയെന്നവകാശപ്പെടുന്ന അത്തരം ആഭാസങ്ങൾക്ക്, നിങ്ങളെ അദൃശ്യമായ ഏതോ മണ്ഡലങ്ങളിലെത്തിക്കാനും അവിടെവെച്ച് അതുവരെ മനുഷ്യനായിരുന്ന നിങ്ങളെ മൃഗമാക്കി മാററാനുമുള്ള ശക്തിയുണ്ട്. അതുപോലെ നൃത്തവും നാടകവും സിനിമയുമെല്ലാം ഇന്ന് കാടത്തത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. സാമാന്യമര്യാദകൾക്കോ സർക്കാരിൻെറ നിയമങ്ങൾക്കോ ഈ നശിച്ച പോക്കിനെ തടഞ്ഞുനിർത്താൻ കഴിയുന്നില്ല. അന്ത്യഫലമോ മനുഷ്യത്വം നശിച്ച സമൂഹത്തിൻെറ ഉയിർത്തെഴുന്നേൽപ്പും. പ്രകൃതിയേയും മനുഷ്യചിന്തകളുടെ നേട്ടങ്ങളേയും ചൂഷണംചെയ്ത മനുഷ്യൻതന്നെ ഇപ്പോൾ മനുഷ്യവികാരത്തെ ചൂഷണംചെയ്യാൻ തുടങ്ങിയിരിക്കുന്നു. ഇത് നാശത്തിലേക്കുള്ള പോക്കാണ്. ഇതിനെതിരെ ശബ്ദിക്കാൻ ഇവിടുത്തെ രാഷ്ട്രീയക്കാരനും സാമൂഹ്യപ്രവർത്തകനും എവിടെ സമയം!

കല ജീവിതത്തിന് വേണ്ടിയെന്ന് പ്രഖ്യാപിച്ചവർ ഒരു പരിധിവരെ ഈ സ്ഥിതിവിശേഷത്തിന് കാരണക്കാരാണെന്ന് ഞാൻ പറയും. അതിരോ നിയന്ത്രണമോയില്ലാതെ കലയെ ഇഷ്ടംപോലെ ജീവിതത്തിനുവേണ്ടി ഉപയോഗിക്കാമെന്ന നിലയാണിന്ന്. നിങ്ങളവർക്ക് സ്വാതന്ത്ര്യം നൽകി. അതോടൊപ്പം കലയുടെ നാശത്തിൻെറ തിരി കൊളുത്തുകയും ചെയ്തു. കലയെ ജീവിതത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നവർ ഒരു സാമാന്യമര്യാദ ചെയ്തുതീർക്കാനുണ്ട്. കലയും നിങ്ങളിൽനിന്ന് ചിലത് പ്രതീക്ഷിക്കുന്നു. അഥവാ കലയെ പുഷ്ടിപ്പെടുത്താൻ നിങ്ങൾക്ക് കഴിയില്ലെങ്കിൽ കലയുടെ പവിത്രതയെങ്കിലും കാത്തുസൂക്ഷിക്കണം. അതുതന്നെയാണ് നമുക്കുമുൻപ് കടന്നുപോയ കലാകാരൻമാർ നമുക്ക് കാട്ടിത്തന്നതും. അവർ കലയെക്കൊണ്ടു ജീവിച്ചു. അതേ സമയംതന്നെ കലയെ ജീവിപ്പിക്കുകകൂടി ചെയ്തു.

എൻെറ ഭാഷയിൽ ശക്തനായ ഒരു സാമൂഹ്യപ്രവർത്തകനാണ് ഒരു യഥാർത്ഥ കലാകാരൻ. അവന് സാമൂഹ്യമണ്ഡലത്തെപ്പററിയുള്ള പ്രതികരണം അവൻെറ സൃഷ്ടികളിൽ വ്യക്തമായും പ്രതിഫലിക്കേണ്ടതുണ്ട്. അതേസമയംതന്നെ ആ സൃഷ്ടി, കലയുടേതായ സ്ഥാനത്തുനിന്നും അല്പംപോലും ഇളകാൻ പാടുള്ളതല്ല. അത്തരത്തിൽ പിറവിയെടുത്തിട്ടുള്ള ഏതൊരു കലാസൃഷ്ടിയും അതിൻെറ സൃഷ്ടിപ്പുകാരൻെറ ജീവിതത്തെ പൂർണ്ണമായും സ്വാധീനിക്കുകകൂടി ചെയ്യും. കലയെന്തിനുവേണ്ടി എന്നു ചോദിക്കുന്നവർ ഇത്തരത്തിലുള്ള ഒരു സമീപനത്തിന് തയ്യാറാവുമ്പോൾ മാത്രമേ നമുക്ക് കലയെ രക്ഷിക്കാൻ കഴിയൂ. നാം കലയെ രക്ഷിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിൻെറ അർത്ഥമെന്ത്? ○

പതിനായിരത്തോളം വരുന്ന ചെടികൾക്കിടയിൽ ഇഴഞ്ഞുനടന്നു സുഗന്ധവാഹിനിയായ ഒരു പുഷ്പത്തെ അദ്ദേഹം കണ്ടെത്തി. ആ നവാഗതയുടെ സൗരഭ്യത്തോടൊപ്പം ബർബാങ്കിൻെറ പ്രശസ്തിയും നാടെങ്ങും പരക്കുകയായിരുന്നു

# ലൂതർ ബർബാങ്ക് സസ്യലോകത്തൊരു മാന്ത്രികൻ

എം. എ. ജലീൽ
(ബി. എസ്. സി. രണ്ടാം വർഷം)

പത്തൊമ്പതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഒരു പ്രമുഖപാശ്ചാത്യപത്രത്തിൽ കൗതുകകരവും അതിലുപരി അത്ഭുതാവഹവുമായ ഒരു വാർത്ത വന്നു. ലൂതർ ബർബാങ്ക് എന്നൊരാൾ ഒരു തേനീച്ചയേയും മിന്നാമിനുങ്ങിനെയും ബീജസങ്കലനത്തിന്നു വിധേയരാക്കി രാത്രിമുഴുവൻ പ്രവൃത്തി ചെയ്യാൻ കഴിവുള്ള ഒരു തേനീച്ചക്കു ജന്മം നല്കി എന്നായിരുന്നു ആ വാർത്ത. ഹൈബ്രഡൈസേഷൻ മൂലം സസ്യലോകത്ത് അത്ഭുതങ്ങൾ വിരചിച്ച ലൂതർ ബർബാങ്കിനെക്കുറിച്ച് ഇത്തരമൊരു വ്യാജവാർത്ത പുറത്തിറങ്ങിയത് സ്വാഭാവികം മാത്രമാണെന്ന് അദ്ദേഹത്തിൻെറ പരീക്ഷണങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ നമുക്കു ബോധ്യമാകും.

ഡാലിയാവർഗ്ഗത്തിൽപ്പെട്ട 'കാലാ' പുഷ്പങ്ങളെ സുഗന്ധം നല്കി അദ്ദേഹം അനുഗ്രഹിച്ചു. മാന്ത്രികൻ മാന്ത്രികചതുരത്തിലെ വെള്ളിനാണയം തൻെറ 'മാന്ത്രിക'ശക്തികൊണ്ട് അപ്രത്യക്ഷമാക്കുന്നതുപോലെ മുന്തിരിപ്പഴത്തിന്നുള്ളിലെ വലിയ വിത്തുകളെ തൊലിയുരിക്കാതെ അദ്ദേഹം അപ്രത്യക്ഷമാക്കി. മരുഭൂമിയിൽ വളർന്നിരുന്ന ഒരുതരം കള്ളിമുൾച്ചെടികളെ നൂറുമടങ്ങു വേഗത്തിൽ വളർത്താൻ അദ്ദേഹത്തിന്നു കഴിഞ്ഞു. മഞ്ഞപുഷ്പങ്ങളിൽനിന്ന് ചുവന്ന പുഷ്പങ്ങളേയും കറുത്ത 'ബ്ളാക്ക്ബറി' (ചെറിയ അരികളുള്ള ഒരു പഴം) യിൽനിന്ന് കൂടുതൽ മേന്മയുള്ള വെളുത്ത ബ്ളാക്ക്ബറിയേയും അദ്ദേഹം ഉൽപാദിപ്പിച്ചു. പക്ഷേ ഈ പരിവർത്തനങ്ങളെല്ലാം അദ്ദേഹം വരുത്തിയത് വർഷങ്ങളുടെ പരിശ്രമങ്ങളിലൂടെയായിരുന്നു. കാണികളുടെ വിനോദമാണ് മാന്ത്രികൻെറ ലക്ഷ്യമെങ്കിൽ കൂടുതൽ മേന്മയുള്ളവയുടെ ഉല്പാദനമായിരുന്നു ബർബാങ്കിൻെറ ലക്ഷ്യം. അദ്ദേഹത്തിൻെറ 'ഇന്ദ്രജാലം' കേവലം വർണ്ണവ്യത്യാസങ്ങളിൽമാത്രം ഒതുങ്ങിനിന്നില്ല. കൂടുതൽ ഉല്പാദനക്ഷമതയുള്ള സസ്യങ്ങളോ അല്ലെങ്കിൽ കൂടുതൽ രുചികരവും ധാതുവർദ്ധകവും വലിപ്പവുമുള്ള ഫലങ്ങളോ ആയിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം.

ജീവിതകാലം മുഴുവൻ പുതുസസ്യങ്ങളുടെ ഉല്പാദനത്തിന്നായി യത്നിച്ച ആദ്യത്തെ വ്യക്തിയായിരുന്നു ലൂതർ ബർബാങ്ക്. 1849 മാർച്ച് 7ം ഇംഗ്ലണ്ടിലെ ലൻകാസ്റ്ററിന്നടുത്തുള്ള ഒരു ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. വിചിത്രങ്ങളായ സസ്യങ്ങളേയും പുഷ്പങ്ങളേയും കുട്ടിയായിരുന്ന ബർബാങ്കിനെ പ്രത്യേകം ആകർഷിച്ചു. സ്വപരാഗണത്തെക്കുറിച്ചും പരപരാഗണത്തെക്കുറിച്ചും വ്യക്തമായ രീതിയിൽ മനസ്സിലാക്കാൻ ബാല്യകാലത്തുതന്നെ ലൂതറിന്നു ഭാഗ്യം സിദ്ധിച്ചു. ഹൈബ്രഡൈസേഷൻമൂലം സസ്യലോകത്ത് ആരോഗ്യകരമായ പരിവർത്തനങ്ങൾ വരുത്താമെന്ന് അദ്ദേഹം വിശ്വസിച്ചു. തൻെറ നിസ്സീമവും നിരന്തരവുമായ ശ്രമങ്ങളിലൂടെ ആ ധാരണ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു.

കാലിഫോർണിയയിലെ സാൻററോസ എന്ന സ്ഥലമായിരുന്നു തൻെറ പരീക്ഷണങ്ങൾക്കായി ബർബാങ്ക് തിരഞ്ഞെടുത്തത്. തൻെറ പരീക്ഷണങ്ങളിൽ മുഴുകിയിരിക്കേ മുന്തിരിപ്പഴത്തിന്നുള്ളിലെ സാമാന്യം വലിയ വിത്ത് അദ്ദേഹത്തിൻെറ ശ്രദ്ധയിൽപെട്ടു. മുന്തിരിപ്പഴത്തിൻെറ ബീജകവചത്തിന്ന് അസാധാരണമായ വലിപ്പമാണുണ്ടായിരുന്നത്. വാണിജ്യാവശ്യങ്ങൾക്കുപയോഗിക്കുന്ന മുന്തിരിപ്പഴങ്ങളിൽ ഇത്ര വലിയ വിത്തുകളുണ്ടാകുന്നത്

---

മനുഷ്യപുരോഗതി, ലോകസമാധാനം എന്നീ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ മനുഷ്യന് കഴിയും തീർച്ച.

**11** മണി **2** മിനിററ്! 'ആത്മീയസംസ്കരണം ആർജജിക്കുക' എന്ന ഉപദേശവുമായി ആ ക്ലോക്ക് ഇപ്പോഴും മനുഷ്യരാശിക്ക് മുന്നറിയിപ്പ്നൽകുന്നു!

മേലിൽ ഒരു യുദ്ധമുണ്ടാകരുത്. കറുത്തവനും വെളുത്തവനും തമ്മിലുള്ള വർണ്ണവിവേചനങ്ങൾ അവസാനിപ്പിക്കുക, ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ അതിലംഘിച്ചുകൊണ്ട് ലോകമനുഷ്യരെ ഒന്നായിക്കാണുക, പരസ്പരം സഹായിക്കുക, സാഹോദര്യം പുനഃസ്ഥാപിക്കുക എന്നീ ആഗ്രഹങ്ങളുമായി ആ ക്ലോക്ക് ഇപ്പോഴും നിശ്ചലമായി നിൽക്കുന്നു. മനഷ്യസമൂഹത്തെ വേദനയോടെ ഉററുനോക്കുന്നു...



മിതവ്യയശീലനായിരുന്ന ബർബാങ്കിന്ന് ഒരനാവശ്യമായിത്തോന്നി. അത്തരം വിത്തുകളെ നിർമ്മാർജ്ജനം ചെയ്യാനായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശ്രമം. ഇതിന്നായി ഫ്രാൻസിൽനിന്ന് 'സാൻസിനായ' എന്ന ഒരുതരം മുന്തിരിവള്ളി അദ്ദേഹം വരുത്തിച്ചു. ഇതിന്റെ ഫലം ചെറുതും രുചിയില്ലാത്തതുമായിരുന്നുവെങ്കിലും ബീജാവരണം വളരെ ചെറുതായിരുന്നു. ഈ മുന്തിരിവള്ളിയേയും വലിയ കുരുവുള്ള നല്ലതരം മുന്തിരിവള്ളിയേയും അദ്ദേഹം കൃത്രിമപരാഗണത്തിനു വിധേയമാക്കി. പത്തു തലമുറകളുടെ ഉല്പാദനത്തിനുശേഷംമാത്രമായിരുന്നു തന്റെ ഭാവനക്കൊത്ത മുന്തിരിപ്പഴം അദ്ദേഹത്തിന്നു ലഭിച്ചത്. 1911 ആയപ്പോഴേക്ക് കുരുവില്ലാത്ത ഉണക്കമുന്തിരിയും അദ്ദേഹം ക്രോസ്മൂലം സൃഷ്ടിച്ചു. ഏതാണ്ട് അറുപതോളം തരം മുന്തിരിച്ചെടികൾ അദ്ദേഹം തന്റെ നാൽപതു വർഷത്തെ പരിശ്രമഫലമായി സസ്യലോകത്തിന്നു പരിചയപ്പെടുത്തുകയുണ്ടായി.

ഒരു പുഷ്പം വർണ്ണംകൊണ്ടും ആകൃതികൊണ്ടും സുന്ദരമെങ്കിൽ എന്തുകൊണ്ടതിന്നു ഹൃദയഹാരിയായ ഗന്ധവുംകൂടിയുണ്ടായിക്കൂടാ? ഡാലിയാ വർഗ്ഗത്തിൽപ്പെട്ട ''കാലാ'' പുഷ്പങ്ങളെ പരിചയപ്പെട്ടതു മുതൽ ലൂതർ ബർബാങ്കിന്റെ ഉള്ളിലുണർന്ന ചോദ്യമായിരുന്നു ഇത്. തുടർന്ന് ഒരു പുതിയ പുഷ്പത്തിന്നുവേണ്ടിയുള്ള ശ്രമമായിരുന്നു. ഒരു ഏക്ര സ്ഥലം മുഴുവൻ കാലാ പുഷ്പങ്ങളെക്കൊണ്ടു നിറഞ്ഞു. ഒരു വൈകുന്നേരം തന്റെ പരീക്ഷണോദ്യാനത്തിന്നു സമീപം നിന്നിരുന്ന ബർബാങ്കിന്ന് മനംകുളിർക്കുന്ന ഒരു ഗന്ധം അനുഭവപ്പെട്ടു. തന്റെ മുട്ടിൻകാലുകളും കൈകളുമുപയോഗിച്ച് ആകാംക്ഷയോടെ ചെടികൾക്കിടയിൽ ഇഴഞ്ഞുനടന്ന് ഓരോ പുഷ്പങ്ങളെയും അദ്ദേഹം പരിശോധിച്ചു. യഥാർത്ഥത്തിൽ ലൂതർ ബർബാങ്ക് പ്രശസ്തിയിലേക്കിഴയുകയായിരുന്നു. പതിനായിരത്തോളം വരുന്ന ചെടികൾക്കിടയിൽനിന്ന് സുഗന്ധവാഹിയായ പുഷ്പത്തെ അദ്ദേഹം കണ്ടെടുത്തു. ആ നവാഗതയുടെ സൌരഭ്യത്തോടൊപ്പം ബർബാങ്കിന്റെ പ്രശസ്തിയും ലോകമെമ്പാടും പരന്നു. ഫ്രാഗ്രൻസ്കാലാ എന്നായിരുന്നു പ്രസ്തുത ചെടിക്കദ്ദേഹം നാമകരണം ചെയ്തിരുന്നത്.

അമേരിക്കൻ ഐക്യനാടുകളുടെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള മരുപ്രദേശങ്ങളിൽ കാക്ടസ് സസ്യങ്ങൾ (ഒരുതരം കള്ളിച്ചെടികൾ) സുലഭമായി വളർന്നു നിന്നിരുന്നു. തൊണ്ണൂറിയെട്ടു ശതമാനം ജലാംശമുള്ള ഈ ചെടികൾ മരുഭൂമിയിലെ ജീവികൾക്കൊരനുഗ്രഹമായിരുന്നു. പക്ഷേ അവയുടെ പുറംഭാഗത്ത് തിങ്ങി വളർന്നുനിന്നിരുന്ന മുള്ളുകൾ ആടുമാടുകൾക്കൊരു ഭീഷണിയായി നിലകൊണ്ടു. ഏതെങ്കിലും കാരണവശാൽ ആ മുള്ളുകൾ നശിക്കുമ്പോൾ അവ കൂട്ടത്തോടെവന്ന് ആർത്തിയോടെ ആ കള്ളിച്ചെടികൾ ഭക്ഷിച്ചു പോന്നു. ഈ സസ്യങ്ങളെ 'നിരായുധരാ'ക്കിയാൽ ആടുമാടുകൾക്കതൊരു വലിയ അനുഗ്രഹമായിരിക്കുമെന്ന് മനസ്സിലാക്കിയ ബർബാങ്ക് പിന്നീട് അതിനുള്ള ശ്രമങ്ങളാരംഭിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിച്ച കാക്ടസ് സസ്യങ്ങളെ അദ്ദേഹം ഹൈബ്രൈഡൈസേഷന് വിധേയമാക്കി. പരീക്ഷണത്തിന്റെ അവസാനത്തിൽ മുപ്പതിയഞ്ചു പുതിയതരം കാക്ടസ് സസ്യങ്ങളെ അദ്ദേഹം സൃഷ്ടിച്ചു! ഇവയെല്ലാം മുള്ളില്ലാത്തവയും എളുപ്പം വളരുന്നവയും കൂടുതൽ ഉൽപാദനക്ഷമതയുള്ളവയുമായിരുന്നു. ആദ്യത്തെ അഞ്ചുതരം 'കാക്ടസ്' സസ്യങ്ങളെ അദ്ദേഹം ആയിരം ഡോളറിന്ന് ഒരു നഴ്സറിക്കമ്പനിക്കു വിററു. ആ കാശുകൊണ്ടാണ് സ്വന്തമായ ഒരു ഭവനം അദ്ദേഹം നിർമ്മിച്ചത്.

വിഷസസ്യങ്ങളായും, കളകളായും ഗണിക്കപ്പെട്ടിരുന്ന പല സസ്യങ്ങളേയും അദ്ദേഹം ഹൈബ്രൈഡേസേഷനു വിധേയമാക്കി. അങ്ങനെ ലഭിച്ച വിത്തുകളിൽനിന്ന് ഉപയോഗപ്രദമായ ഫലങ്ങളുണ്ടാകുന്ന സസ്യങ്ങളെ അദ്ദേഹം വളർത്തിയെടുത്തു. ഈ രീതിയിൽ അദ്ദേഹം ഉൽപ്പാദിപ്പിച്ച ഒരു ഫലമായിരുന്നു 'സൺബെറി'. ഈ ഫലവൃക്ഷം വിൽപ്പനക്കായി നഴ്സറിക്കമ്പനിക്കേൽപ്പിച്ചുകൊടുത്തപ്പോൾ അവർ അതിന്റെ പേര് 'വണ്ടർബെറി' എന്നാക്കി മാററുകയുണ്ടായി. ന്യൂസിലാൻറിൽ ഒരു കളയായി ഗണിച്ചിരുന്ന റുബസ് എന്ന സസ്യത്തിൽനിന്ന് ജപ്പാനിലേയും ഇററലിയിലേയും ഇംഗ്ലണ്ടിലേയും രാജകൊട്ടാരങ്ങളെ അലങ്കരിച്ച അതിമനോഹരമായ ഒരു ചെടിക്കദ്ദേഹം ഹൈബ്രൈഡൈസേഷൻമൂലം ജന്മം നൽകി.

ഇംഗ്ലണ്ടിൽനിന്നും കാലിഫോർണിയയിൽനിന്നും ശേഖരിച്ച 'വാൽനട്ടുവൃക്ഷങ്ങളെ' (അക്രോട്ടുമരങ്ങൾ) അദ്ദേഹം ഹൈബ്രൈഡൈസേഷനു വിധേയമാക്കി. ആ പുതിയ വാൽനട്ടു വൃക്ഷങ്ങൾ അറുപത് അടി ഉയരത്തിലും രണ്ടടി വ്യാസത്തിലും അതിവേഗം വളരുന്നതുകൊണ്ട് വനവൽക്കരണത്തിൽ പ്രമുഖസ്ഥാനമർഹിക്കുന്നു

ലൂതർ ബർബാങ്ക് ലോകത്തിനു പരിചയപ്പെടുത്തിയ സസ്യങ്ങളെയെല്ലാം ഇവിടെ പരിചയപ്പെടുത്തുക അസാദ്ധ്യമാണ്. അദ്ദേഹത്തിന്റെ പുതിയ സൃഷ്ടികളിൽ പലതും അനേകം ബഹുമതിക്കു വിധേയമായിട്ടുണ്ട്. 1904ൽ സംഘടിപ്പിച്ച സെൻറ് ലൂയിസ് ഇൻറർനാഷനൽ എക്സ്ഹിബിഷനിൽ വെച്ച് ബർബാങ്ക് സൃഷ്ടിച്ച ഒരു റോസ്ചെടിക്കു സ്വർണ്ണമെഡൽ ലഭിക്കുകയുണ്ടായി. വിത്തു മുളച്ചു ഒന്നോ രണ്ടോ ഇഞ്ചു നീളമാവുമ്പോൾ അതിൽ മനോഹരമായ പുഷ്പങ്ങൾ നിറഞ്ഞുനിന്നിരുന്നു. നീല പുഷ്പങ്ങളുള്ള ഒരു റോസ് ചെടിയും ലൂതർ ബർബാങ്കിന്റെ സംഭാവനയാണ്.

തന്റെ ജീവിതം മുഴുവൻ മനുഷ്യോപകാരപ്രദമായ രീതിയിൽ ചെലഴിക്കണമെന്നായിരുന്നു ബർബാങ്കിന്റെ ആഗ്രഹം. മനുഷ്യനും ഇതര ജീവികൾക്കും ഉപകാരപ്രദമായ സസ്യങ്ങൾ സൃഷ്ടിക്കുക മൂലം അദ്ദേഹം ചാരിതാർത്ഥ്യമടഞ്ഞു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് സസ്യങ്ങൾ ശേഖരിച്ചായിരുന്നു അദ്ദേഹം തന്റെ പരീക്ഷണങ്ങൾ നടത്തിയിരുന്നത്. അതുകൊണ്ടു തന്നെയായിരുന്നു അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതും.

എഴുപത്തിമൂന്നുതരം പുതിയ പുഷ്പങ്ങൾ, എട്ടു പുതിയതരം റോസ്ചെടികൾ, വൃക്ഷങ്ങളിൽ വളരുന്ന അറുപത്തിനാലു പുതിയതരം പഴങ്ങൾ, ചെറുസസ്യങ്ങളിൽ വളരുന്ന പന്ത്രണ്ടു പുതിയതരം ഫലങ്ങൾ, ഒമ്പതു തരം പുതിയ പച്ചക്കറിസസ്യങ്ങൾ ഒരു പുതിയ നിലക്കടല സസ്യം, രണ്ടു പുതിയതരം ആപ്പിൾവൃക്ഷങ്ങൾ, അറുപതോളം പുതിയ മുന്തിരിച്ചെടികൾ, മരുപ്രദേശജീവികൾക്കു മുഖ്യാഹാരമായ മുപ്പത്തിയഞ്ചു പുതിയതരം കക്ടസ് സസ്യങ്ങൾ, ഇവയെല്ലാം ലൂതർ ബർബാങ്കിന്റെ നിസ്സീമവും നിരന്തരവുമായ പരിശ്രമത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു.

> ഒരു കൊച്ചുകുട്ടിയായ നിന്നിൽ നിന്നും ഞാൻ വളരെയധികം പ്രതീക്ഷിച്ചുപോയി. ഞാൻ എന്റെ പ്രായത്തിന്റെ അളവുകോൽകൊണ്ട് നിന്നെ അളന്നുകളഞ്ഞു.

# മകനേ മാപ്പുതരൂ

**അഫ്സൽ യൂനുസ്**
(പി.ഡി.സി. രണ്ടാം വർഷം)

മകനെ ഇതു കേൾക്കൂ : ഞാൻ ഇതു പറയുന്നത് നീ ഉറങ്ങിക്കിടക്കുമ്പോഴാണ്. നിന്റെ കൊച്ചുകൈ നിന്റെ കവിൾത്തടങ്ങൾക്കിടയിൽ ചുരുട്ടിവെച്ചുകൊണ്ട് നീ ഉറങ്ങിക്കിടക്കുന്നു. വിയർപ്പിൽ നനഞ്ഞ നിന്റെ നെററിത്തടത്തിൽ നിന്റെ മിനുത്ത തലമുടിച്ചുരുളുകൾ പററിപ്പിടിച്ചിരിക്കുന്നു. ഞാൻ രഹസ്യമായിട്ടാണ് നിന്റെ മുറിയിലേക്ക് കടന്നുവന്നിരിക്കുന്നത്. അല്പംമുമ്പ് ഞാൻ മേശക്കരുകിൽ ഇരുന്ന് പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ ശ്വാസം മുട്ടുമാറുള്ള ഒരു പശ്ചാത്താപചിന്തക്ക് ഞാൻ വിധേയനായിപ്പോയി. ഒരു അപരാധബോധത്തോടെയാണ് ഞാൻ നിന്റെ കിടക്കക്കരികിലേക്ക് വന്നിരിക്കുന്നത്.

മകനേ, ഇതെല്ലാമാണ് എന്റെ മനസ്സിനെ മഥിക്കുന്ന ചിന്തകൾ: ഞാൻ നീയുമായി പിണക്കത്തിലായിരുന്നു. സ്കൂളിൽ പോകുവാൻ [illegible]യി നീ വസ്ത്രം മാറുമ്പോൾ ഞാൻ നിന്നോട് ദേഷ്യപ്പെട്ടു— എന്തിനെന്നാൽ, നീയപ്പോൾ ഒരു ടൗവ്വലുകൊണ്ട് മുഖം തുടക്കുക മാത്രമാണ് ചെയ്തത്. കുളിക്കുവാൻ പറഞ്ഞിട്ട് കുളിച്ചില്ല. നിന്റെ ചെരുപ്പുകൾ വൃത്തിയാക്കാത്തതിനും ഞാൻ നിന്നെ കുററപ്പെടുത്തി. നിന്റെ ചില സാധനങ്ങൾ കൈയ്യിൽനിന്ന് വഴുതിവീണപ്പോഴും ഞാൻ നിന്നോട് കോപിച്ചു.

[illegible]യിലെ നീ ആഹാരം കഴിക്കു[illegible] ഞാൻ നിന്നെ ശാസിക്കുക[illegible]യല്ലോ. നീ ഭക്ഷണസാധ[illegible] നിലത്തു ചിന്തി, നീ [illegible]ംകൂടി വാരിവലിച്ചുതിന്നുക[illegible]രുന്നു. ദോശയിൽ ആവശ്യ[illegible] കൂടുതൽ ചഡ്നിയൊഴിച്ചു. സ്കൂളിൽ പോയി കളിക്കുന്നതിനുവേണ്ടി നേരത്തെത്തന്നെ നീ വീട്ടിൽനിന്നു തിരിച്ചു ബസ്സിൽ കയറിയാണല്ലോ നീ സ്കൂളിൽ പോകുന്നത്. വീട്ടിൽ നിന്നിറങ്ങിയിട്ട് തിരിഞ്ഞുനിന്ന് കൈവീശിക്കൊണ്ട് നീ എന്നോട് വിളിച്ചുപറഞ്ഞു. ''അച്ഛാ, ഞാൻ പോയ്‌വരട്ടെ''. ഞാൻ മുഖം ചുളിച്ചുകൊണ്ട് അപ്പോൾ പറഞ്ഞു: ''കൈകളും തലയുമൊന്നും പുറത്തേക്കിടരുത്.''

ഉച്ചകഴിഞ്ഞ് ഇതെല്ലാം വീണ്ടും ആവർത്തിക്കപ്പെട്ടു. ഞാൻ റോഡിൽക്കൂടി വരുമ്പോൾ, നീ അവിടെ കൂട്ടുകാരുമൊത്ത് കളിക്കുന്നതുകണ്ട് ഞാൻ നിന്റെയടുത്ത് നീയറിയാതെ വന്നുനിന്നു. നിന്റെ ട്രൗസർ കീറിയിരിക്കുന്നത് ഞാൻ കണ്ടു. നിന്നെ അവിടെ നിന്നു വിളിച്ചു എന്റെ മുന്നിൽത്തന്നെ നടത്തിക്കൊണ്ട് ഞാൻ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോന്നു. അങ്ങനെ ഞാൻ നിന്റെ കൂട്ടുകാരുടെ മുന്നിൽവെച്ചു നിന്നെ അപമാനിച്ചു. ട്രൗസർ നല്ല വില കൊടുത്തു വാങ്ങിയതാണ്. നീ നിന്റെ സ്വന്തം പൈസകൊടുത്തു വാങ്ങുമ്പോഴെ അതു നന്നായി സൂക്ഷിക്കണമെന്ന വിചാരം നിനക്കുണ്ടാവുകയുള്ളൂ. മകനേ, അച്ഛന് അതിലുള്ള വിഷമം നീ ഒന്നാലോചിച്ചു നോക്കൂ.

കുറേ കഴിഞ്ഞ് സന്ധ്യ ഇരുട്ടി ഞാൻ മേശക്കരുകിൽ പത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ വേദനിപ്പിക്കുന്ന ഒരുതരം നോട്ടത്തോടുകൂടി, പേടിച്ചുകൊണ്ട് നീ എങ്ങനെയാണ് എന്റെ സമീപത്തിലേക്കു വന്നതെന്ന് നീ ഓർക്കുന്നുണ്ടോ? നീ പത്രവായന തടസ്സപ്പെടുത്തിയതിന് ദേഷ്യപ്പെട്ടു, പത്രത്തിൽ നിന്നു കണ്ണെടുത്ത്, ഞാൻ നിന്നെ നോക്കിയപ്പോൾ നീ മുറിയുടെ വാതുക്കൽ അറച്ചുനിന്നു. ''നിനക്ക് എന്തുവേണം''. ഞാൻ നിന്നോട് വെട്ടിമുറിച്ചു ചോദിച്ചു.

നീ ഒന്നും പറഞ്ഞില്ല; പക്ഷെ, നീയപ്പോൾ എന്റെയടുത്തേക്കു വന്ന് നിന്റെ രണ്ടുകൈകളും കഴുത്തിന് ചുററും നീട്ടി, എന്നെ കെട്ടിപ്പിടിച്ചു എന്റെ കവിളുകളിൽ ഉമ്മവെച്ചു. ഈശ്വരൻ നിന്റെ ഹൃദയത്തിൽ നിറച്ചിരിക്കുന്ന സ്നേഹവായ്പ്പുകൾകൊണ്ട് നിന്റെ കൊച്ചുകൈകൾ അപ്പോൾ മുറുകിയിരുന്നു. അവഗണനയ്ക്കുപോലും അതിനെ ദുർബ്ബലമാക്കുവാൻ കഴിഞ്ഞില്ല എന്നിട്ട് നീ അവിടെനിന്നും നിന്റെ മുറിയിലേക്കുപോയി. എന്റെ പ്രിയപ്പെട്ട മകനേ, അതിനുശേഷം ഞാൻ വായിച്ചുകൊണ്ടിരുന്ന പത്രം എന്റെ കൈയ്യിൽനിന്നും തനിയെ താഴെ വീണു. ഒരു വല്ലാത്ത വേദന എന്നെ ബാധിച്ചു. എന്റെ ശീലം എന്നെക്കൊണ്ട് എന്തെല്ലാമാണ് ചെയ്യിപ്പിക്കുന്നത്! എപ്പോഴും കുററം കണ്ടുപിടിക്കുന്ന എന്റെസ്വഭാവം, ശാസിക്കുന്ന എന്റെ സ്വഭാവം- നീ ഒരു കൊച്ചുകുട്ടിയായതുകൊണ്ട് ഞാൻ നിനക്ക് തരുന്ന ഒരു സമ്മാനമാണ്. അതു ഞാൻ നിന്നെ സ്നേഹിക്കാത്തതുകൊണ്ടല്ല. പ്രത്യുത ഒരു കൊച്ചുകുട്ടിയായ നിന്നിൽനിന്നും വളരെയധികം പ്രതീക്ഷിച്ചു പോയതുകൊണ്ടായിരുന്നു. ഞാൻ എന്റെ പ്രായത്തിന്റെ അളവുകോൽകൊണ്ട് നിന്നെയളന്നുകളഞ്ഞു.

നിന്റെ സ്വഭാവത്തിൽ സുന്ദരവും, നല്ലതും യഥാർത്ഥവുമായി വളരെയേറെയുണ്ട്. നിന്റെ കൊച്ചുഹൃദയം പൂർവ്വചക്രവാളത്തിൽ,

കുന്നിൻ പുറപ്പുകൾക്കു മുകളിൽ പൊട്ടിവിടരുന്ന പ്രഭാതംപോലെ മഹത്തും വിശാലവുമാണ്. നിന്നെയെപ്പോഴും കുറ്റംപറയുകയും ശാസിക്കുകയും ചെയ്യുന്ന എന്റെ അടുത്തേക്കു സ്വമേധയാ ഓടിവന്ന്, എന്നെ കെട്ടിപിടിച്ചു ഉമ്മവെച്ചുകൊണ്ട് ''അച്ഛാ, ഞാൻ ഉറങ്ങാൻ പോകട്ടെ'' എന്നെന്നോട് ചോദിക്കുവാനുള്ള നിന്റെ മനോനൈർമല്യത്തിൽ അത് വ്യക്തമാകുന്നു. മകനേ, ഈ രാത്രിയിൽ മറ്റൊന്നും എന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്നില്ല. ഈ കൂരിരുട്ടിൽ ഞാൻ നിന്റെ കിടക്കയ്ക്കരികിൽ വന്നിരിക്കുന്നത് വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായിട്ടാണ്. ഞാൻ ഇവിടെ ലജ്ജിച്ചു തല താഴ്ത്തുന്നു.

എന്റെ വളരെ എളിയ ഒരു പ്രായശ്ചിത്തമാണിത്, നീ ഉണർന്നു കിടക്കുമ്പോഴാണ് ഞാൻ ഇതെല്ലാം പറഞ്ഞിരുന്നതെങ്കിൽ, നിനക്കിതൊന്നും. മനസ്സിലാകുമായിരുന്നില്ല. എന്നാൽ നാളെ ഞാനൊരു യഥാർത്ഥ അച്ഛനായിരിക്കും! നീയുമായി ഞാൻ കൂട്ടുപിടിക്കും, നീ വേദനിക്കുമ്പോൾ ഞാനും വേദനിക്കും, നീ ചിരിക്കുമ്പോൾ ഞാനും ചിരിക്കും; ക്ഷമകെട്ട വാക്കുകൾ എന്റെ നാവിലുദിക്കുമ്പോൾ ഞാൻ എന്റെ നാവു കടിച്ചമർത്തും. ഒരു മന്ത്രം പോലെയെപ്പോഴും ഞാൻ ഉരുവിട്ടുകൊണ്ടിരിക്കും: ''അവൻ ഒരു കൊച്ചുകുട്ടിയല്ലാതെ മറ്റാരുമല്ല—വെറും ഒരു കൊച്ചുകുട്ടിമാത്രം.''

നീ ഒരു വളർച്ചയെത്തിയ മനുഷ്യനാണെന്ന് ഞാൻ വിചാരിച്ചുപോയതിൽ ഖേദിക്കുന്നു. മകനേ, നീയിപ്പോൾ പരിക്ഷീണനായി കട്ടിലിൽ ചുരുണ്ടുകൂടി കിടക്കുന്നതു കാണുമ്പോൾ നിന്നെ ഞാനൊരു കൊച്ചുകുട്ടിയായിതന്നെ കാണുന്നു. ഇന്നലെ നീ നിന്റെ അമ്മയുടെ തോളിൽ തലചായ്ച്ചുവെച്ചു അവരുടെ കൈയിൽ ഇരിക്കുകയായിരുന്നു. ഞാൻ നിന്നിൽനിന്നും വളരെയധികം ആവശ്യപ്പെട്ടുകളഞ്ഞു.

(W. ലിവിങ്സ്റ്റൺ ലനോഡ് എഴുതിയ ലേഖനത്തോട് കടപ്പാട്)

എനിക്കുമുമ്പിൽ നീളവും ആഴവുമേറിയ ഒരു വലിയ കുഴി. ഭൂമിയുടെ മാറു പിളർന്നുകൊ ആ കുഴി പാതാളത്തോളം നീണ്ടുകിടക്കുന്നുണ്ടാ കാം. ഞാൻ ആ കുഴിയിലേക്കെടുത്തുചാടി...

# മതി ഇനി? ഇവിടെ...

**മേപ്പയിൽ നാരായണൻ**
(എം.എസ്‌.സി. ഒന്നാം വർഷം)

കടലോരത്ത്, കനത്ത തെങ്ങുകളിൽ ഇരുട്ട് ചേക്കേറുകയായിരുന്നു. പിറകിൽ ആരെല്ലാമോ എന്നെല്ലാമോ വീണുറങ്ങിയ കുരിശുകൾ. കുരിശുകളിൽ വെളുത്ത, കറുത്ത അക്ഷരങ്ങളിൽ തെളിയാത്ത വലുതും ചെറുതുമായ പേരുകൾ. അവയ്ക്കു നടുവിൽ ഒരു വെള്ളിമേഘത്തെപ്പോലെ സുന്ദരമായ പള്ളിയുടെ രൂപം.

കറുത്ത ദേഹത്തെപ്പൊതിഞ്ഞ വെളുത്ത സാരിക്കു മുകളിൽ ദേവിയേടത്തിയുടെ ഈറനണിഞ്ഞ കണ്ണുകൾ. പടിഞ്ഞാറിന്റെ ചുവപ്പിൽ കണ്ണുനീർത്തുള്ളികൾ ചുവന്നിരുന്നുവോ?

'പറയൂ...പറയൂ ദേവിയേടത്തീ...എന്തെങ്കിലും',

പടിഞ്ഞാറ്, ആകാശത്തിന്റെ ചുവന്ന വേരുകൾ നരച്ചു തുടങ്ങിയിരുന്നു. ഒടുങ്ങാത്ത പരിണാമത്തിന്റെ പ്രതീകം.

ദേവിയേടത്തി അനങ്ങിയില്ല. ദേവിയേടത്തിക്ക് ശബ്ദിക്കാൻ നാവുകളുണ്ടായിരുന്നില്ല. കേൾക്കാൻ കാതുകളുണ്ടായിരുന്നില്ല. ഇന്ദ്രിയങ്ങൾ എന്നോ കൈമോശം വന്ന ദേവിയേടത്തി എന്ന പെണ്ണ്.

ദേവിയേടത്തി അപ്പോൾ ഗ്രാമത്തുലെ ഹനുമാൻ കോവിലിനെക്കുറിച്ചും ആമ്പൽക്കുളങ്ങളെക്കുറിച്ചും കമ്പോണ്ടറുടെ വീട്ടുമുററത്ത് വിരിയാറുള്ള ചുവന്ന റോസാപ്പൂക്കളെക്കുറിച്ചും ആലോചിക്കുകയായിരിക്കാം.

'പോകാം...പോകാം'

ദേവിയേടത്തി എഴുന്നേററു. അവർ നടന്നു. കടലോരത്ത് അപ്പോഴും കടൽക്കാററ് വീശുന്നുണ്ടായിരുന്നു. മണലിൽ വിശ്രമിക്കുന്ന ഓടങ്ങൾക്കിടയിലൂടെ അവർ നടന്നു. അവർക്കു പിറകെ അവരുടെ സാരിത്തുമ്പു പാറി. അതിനു പികൈ ഞാനും.

എല്ലാം കഴിഞ്ഞത് അകലെയൊന്നുമല്ല. സംഭവങ്ങൾക്ക് ആരും യുഗങ്ങളുടെ ദൈർഘ്യം പകർന്നിട്ടുമില്ല, ഇപ്പോൾ ഈ ഫ്ളാററിലിരുന്ന് സഹിത അന്ന പെണ്ണിന് എഴുത്തെഴുതുന്ന എനിക്ക് കഴിഞ്ഞ സായാഹ്നം ഒരു മറവിപോലും ആയിരുന്നില്ല അല്ലെങ്കിൽ ദേവിയേടത്തിയെ കടലോരത്ത് വിട്ട് ഞാനെന്തിന് എന്റെ മുറിയിലേക്ക് തനിച്ചു പോന്നു?

ദേവിയേടത്തി ഈ നഗരത്തിലെ ഗേൾസ് ഹൈസ്ക്കൂളിലെ അദ്ധ്യാപികയായി വന്നപ്പോൾ ആരെക്കാളുമധികം സന്തോഷിച്ചത് ഞാനായിരുന്നു— കൂടെ ഇപ്പോൾ ആരെക്കാളുമധികം ദുഃഖിക്കുന്നതും. എനിക്ക് എല്ലാം ഓർക്കാൻ കഴിയുന്നു—

പുതുതായി ഇറുത്തെടുത്ത ഒരു ചുവന്ന പനിനീർപ്പൂവുമായി ഒരു പെൺകുട്ടി എന്റെ മുമ്പിലേക്കോടി വന്ന ദിവസം. താൻ ആ പനിനീർപ്പൂവിലെ ദളങ്ങളോരോന്നും എണ്ണിത്തിട്ടപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു.

ഒന്ന്...രണ്ട്...മൂന്ന്...എണ്ണങ്ങൾ പിഴക്കുന്നു വീണ്ടും വീണ്ടും എണ്ണി. പക്ഷെ......

അന്നായിരുന്നു ദേവിയേടത്തിയും മകളും തന്റെ വീടുകാണാൻ വന്നത്. കൂടെ കറുത്ത, കട്ടിയുള്ള സ്വർണ്ണച്ചെയിനണിഞ്ഞ ഒരു ചെറുപ്പക്കാരനും.

അയാൾക്ക് ദേവിയേടത്തിയേക്കാൾ വളരെ ചെറുപ്പമായിരുന്നു. അയാളെ വീട്ടിലെ അമ്മക്ക് ദേവിയേടത്തി പരിചയപ്പെടുത്തിയത് ഇന്നും ഓർക്കുന്നു —മോളുടെ അച്ഛനാ...കമ്പോണ്ടറാ.

മോള്! ദേവിയേടത്തി! മോളുടെ അച്ഛൻ–കമ്പോണ്ടർ! കണ്ടുമറന്ന ചിത്രങ്ങൾ. ഒരിക്കലും മനസ്സിന്റെ ഭിത്തിയിൽ മായാതെ പ്രതിഷ്ഠിച്ച വിഗ്രഹങ്ങൾ പക്ഷെ...

അയാളുടെ പ്രായത്തെക്കുറിച്ച് ആരും തിരക്കിയില്ല. പക്ഷെ അയാളെ ബഹുമാനിക്കാൻ തോന്നി. കാരണം അയാൾ 'മോളുടെ' അച്ഛനായിരുന്നു എന്നതുതന്നെ.

അന്നുമുതൽ എന്നും 'മോള്' ഇറുത്തുതരാറുണ്ടായിരുന്ന ചുവന്ന പനിനീർ പൂക്കൾ. പക്ഷെ എല്ലാ ദിവസവും തനിക്ക് ദളങ്ങളുടെ എണ്ണം പിഴക്കുകയായിരുന്നു.

'പേരെന്താ...?'

ചോദ്യം കേട്ട്, കുഴഞ്ഞ് വെളുത്ത പെൺകുട്ടി ചിരിച്ചു.

'സഹിത'.

ആ പേരിൽ വെളിച്ചമുണ്ടായിരുന്നു, മറവിയുടെ വേരുകൾ ഒരിക്കലും കടന്നുചെല്ലാത്ത ഒരു വെണ്ണക്കല്ല്.

'അവൾ മരിച്ചു മോനെ!'

'അവൾ മരിക്കില്ല. ദേവിയേടത്തീ!...അവൾ മരിക്കില്ല.

'മരിച്ചു മോനേ!'

'ഇല്ല...ഇല്ല...അവൾ മരിക്കില്ല'

ഒരു ഭ്രാന്തനെപ്പോലെ അലറാനാണ് തോന്നിയത്. വീണ്ടും വീണ്ടും അലറി—അവൾ മരിക്കില്ല.

കടൽപ്പാലത്തിനു മുകളിൽ തന്റെ ശബ്ദം പ്രതിദ്ധ്വനിക്കുന്നത് താനറിഞ്ഞില്ല. ഒരു പക്ഷെ കടൽ കടന്ന് ശബ്ദം മരണത്തിന്റെ കല്ലറവാതിലയ്ക്കലോളം ചെന്നെത്തിയിരിക്കാം.

കമ്പോണ്ടറുടെ വ്യർത്ഥമായ മോഹസൌധങ്ങൾ. ഇതെല്ലാം കാട്ടിക്കൂട്ടി...ആര്...എന്ത് നേടി?

വിദേശത്ത് ജോലിയുള്ള ബിരുദധാരിയായ എഞ്ചിനീയറെ വരനായി സങ്കല്പിച്ച മനുഷ്യൻ. ആ പെൺകുട്ടി അച്ഛന്റെ കാലിലെ അഞ്ചു വിരലുകളും കെട്ടിപ്പിടിച്ച് കരഞ്ഞിരിക്കാം. പക്ഷെ...

മോളെ നിർബ്ബന്ധിക്കരുത്...

ദേവിയേടത്തീ! നിങ്ങളുടെ ശബ്ദം എപ്പൊഴും നല്ലതിനു വേണ്ടിയായിരുന്നു.

ഒടുവിൽ—

ഒരു ദിവസം—ഗ്രാമത്തിലെ ആമ്പൽക്കുളത്തിൽ...

അവളുടെ വിവാഹം നടന്നപ്പോഴും ദേവിയേടത്തി വിളിച്ചു പറഞ്ഞിരിക്കണം.

അവളെ നിർബന്ധിക്കരുത്.

നൂറുനൂറായിരം വാക്കുകളിൽ അവളെ പൊതിയണമെന്ന് ആശിച്ചിരുന്നതാണ്. പക്ഷെ ഇപ്പൊഴേ അവൾക്കൊരു എഴുത്തെഴുതാൻ തരപ്പെട്ടുള്ളു. എല്ലാം വിധിയായിരിക്കാം. എന്റെ പേന ചലിച്ചു. ഞാൻ തുടർന്നെഴുതി.

സാരമില്ല സഹിതാ! എല്ലാം നേരെയാകും.

മരണത്തിന്റെ എഴുത്തുപെട്ടിയിൽ ഒരു കത്തുകൂടി പതിക്കാൻവേണ്ട തെയ്യാറെടുപ്പുകൾ ഇതാ നടന്നു കഴിഞ്ഞിരിക്കുന്നു.

കത്തെഴുതി മടക്കി മേശപ്പുറത്ത് വെക്കുമ്പോഴും ദേവിയേടത്തിയുടെ ശബ്ദം മനസ്സിൽ പ്രതിധ്വനിച്ചു. അവൾ മരിച്ചു മോനെ!...

ഇല്ല...അവൾ മരിക്കില്ല...അവൾക്ക് മരണമില്ല. കതകു തുറന്നുകൊണ്ട് ഞാൻ പുറത്തേക്കോടി. പുറത്ത് കറുത്ത, കൂരാകൂരിരുട്ടായിരുന്നു. ഇരുട്ടിലൂടെ ഞാൻ ഓടി നഗരത്തിലെ ഗേൾസ് ഹൈസ്ക്കൂളും പിന്നിട്ട് കടപ്പുറത്തേക്ക്.

മുമ്പിൽ കടൽ. കടലിൽ രാത്രിയിലും തങ്ങിനിൽക്കുന്ന വെളിച്ചത്തിന്റെ ചിതമ്പലുകൾ. പിറകിൽ കൃസ്തീയ ദേവാലയത്തിൽനിന്നും ഉറക്കെ ഉറക്കെ ആരോ മണിയടിച്ചു.

അതെ! ഞാൻ നിൽക്കുന്നത് ശ്മശാനത്തിലാണ്. പള്ളിയിലെ കുരിശിൻ കൂട്ടത്തിന്റെ നടുവിൽ. എനിക്കു മുമ്പിൽ നീളവും ആഴവുമേറിയ ഒരു വലിയ കുഴി. ഭൂമിയുടെ മാറു പിളർന്ന്കൊണ്ട് ആ കുഴി പാതാളത്തോളം നീണ്ടുകിടക്കുന്നുണ്ടാകാം. ഞാൻ ആ കുഴിയിലേക്കെടുത്തുചാടി. എന്റെ കൈനഖങ്ങൾ എന്റെ കാലുകളെ വേദനിപ്പിച്ചു. എന്റെ പല്ലുകൾ ഞെരിഞ്ഞു. കഴുത്തിൽ ഒരു വലിയ ഭാരം തങ്ങുന്നു. വലിയ വലിയ ഭാരം. ഒരിക്കലും വേർപെടുത്താനാവാത്ത ഒരു വലിയ ഭാരം.

മരണത്തിന്റെ എഴുത്തുപെട്ടിയിൽ ഒരു കത്തുകൂടി.

# ഒരു സ്വപ്നം

മുനി
(ബി എസ്.സി. രണ്ടാം വർഷം)

തിരകൾ തല്ലിയുടയുമാഴിയിലും, ദൂരെ
താരകങ്ങൾ തിങ്ങുമാകാശത്തിലും
ഇന്നലെയുടെ ഓർമ്മകളിലൊരുനിമിഷം
നിർന്നിമേഷനായ് നിന്നുപോകുന്നു ഞാൻ.
ഈ മനോഹര തീരമിന്നെനിക്ക്
തമോമയമാകയോ പ്രിയതമേ.

*　　　　*

മായുന്നില്ലെൻ കൺമുമ്പിൽ നിന്നും
പ്രിയതമേ നിൻ സുന്ദരമോഹനരൂപം
നിന്നെ ഞാൻ കാൺമൂ എൻ കൺ-
മുന്നിലായിന്നുമിന്നലെയെന്നപോൽ
മരുഭൂമിയിലൊരു മരുപ്പച്ചയായി, വഴി
യരികിലൊരരയാൽ വൃക്ഷമായ്
കരളിൽ കുളിരായുൾപ്പുളകമായ് നീ
നിറഞ്ഞു നിന്ന ദിനങ്ങളോർപ്പു ഞാൻ
ഇന്നുഞാനേകനല്ലയീ മനോഹര തീരത്ത്
പിന്നെയും കേൾപ്പൂ നിൻ ശ്രുതിമധുരഗീതം
എന്നിലെയഗാധതാസ്പന്ദങ്ങൾ തോറും
വന്നു നീയൊരു സാമഗാനമായുണരുന്നൂ.
വീണ്ടും മറ്റൊരു പ്രഭാതം തേടിയലയുകില്ല ഞാൻ
എൻെറ സ്വപ്നമേതെന്നറിയും പൊൻപ്രഭാതമേ
നീയുണർത്തുക വീണ്ടും കർമ്മകാമന,യ-
പ്പീയൂഷവാരിതൻ കുളിരൊന്നു മാത്രമാണെൻ
സ്വപ്നം. ○

> നീ ഏററവും സ്നേഹിച്ചിരുന്ന ഒരു മുഖം നിന്നിൽനിന്നും മറഞ്ഞപ്പോൾ ഇനി ഒന്നുമില്ലെന്നാണോ നീ വിചാരിച്ചത്?...സ്നേഹത്തിന്റെ വില ദുഃഖമാണെന്ന് ഇപ്പോൾ മനസ്സിലാക്കിയല്ലോ!

# ഒരു തിരിഞ്ഞുനോട്ടം

**സുഹ്റാബി.കെ**
(ബി.എസ്.സി. രണ്ടാം വർഷം)

വിജനമായ കുന്നിൻപുറം! ഇരുളിന്റെ കരങ്ങൾ പകലോനെ ആലിംഗനം ചെയ്യാൻ നീളുകയാണ്. ഇതുപോലെ എത്രയെത്രസായംസന്ധ്യകളിൽ അനിയത്തീ...നാമിവിടെ വന്നിരുന്നിട്ടുണ്ട്. ഇവിടുത്തെ പുൽക്കൊടികൾ നമ്മുടെ കഥകൾകേട്ട് രോമാഞ്ചമണിഞ്ഞിട്ടുണ്ട്. പക്ഷെ ഇന്നു ഞാൻ ഏകയാണ്.

രണ്ടു ദിവസംമുമ്പ് ഈ കുന്നിൻപുറവും അതിന്റെ താഴ്വരയും എന്തുമാത്രം ആളുകളെക്കൊണ്ട് നിറഞ്ഞിരുന്നു. കാരണമെന്തന്നറിയാതെ ആത്മഹത്യ ചെയ്ത ഒരു പെൺകുട്ടിയുടെ ശവശരീരം കാണാൻ. നിന്റെ ചേതനയററ ശരീരം ഞാൻ അവിടെ കണ്ടപ്പോൾ എന്നെ സ്വയം നിയന്ത്രിക്കാൻ ഞാൻ എന്തുമാത്രം പാടുപെട്ടെന്നോ. ഇവിടെ വന്നിരിക്കുമ്പോൾ, ഇതിന്റെ താഴ്വരയിൽകൂടെ പോകുന്ന റെയിൽവെ പാളത്തിനെപ്പററി നീ പറയുമ്പോൾ ഞാനോർത്തില്ല കുട്ടീ നീ ഇവിടെ നിന്റെ ജീവിതം അവസാനിപ്പിക്കുമെന്ന്.

മനസ്സിന്റെ പവിഴച്ചെപ്പിൽ സൂക്ഷിച്ചിരുന്ന ഓർമ്മകൾ പതുക്കെ തലയുയർത്താൻ തുടങ്ങി. നിന്നെ ഞാനാദ്യമായി കണ്ട ദിവസം ഞാനിന്നുമോർക്കുന്നു കുട്ടീ നിന്റെ അച്ഛന്റെകൂടെ ഒരു സൂട്ട്കെയ്സും തൂക്കിപ്പിടിച്ച് ഹോസ്ററലിന്റെ പടികടന്നുവരുമ്പോൾ നിന്റെ കളങ്കമില്ലാത്ത മുഖം ഞാൻ നോക്കിനിന്നിട്ടുണ്ട്. എപ്പോഴും ദുഃഖം തളംകെട്ടി നില്ക്കുന്ന നിന്റെ കണ്ണുകൾ എന്നെ ആകർഷിച്ചു. പേരു ചോദിച്ചപ്പോൾ സുനീത എന്നു വളരെ താഴ്ന്ന സ്വരത്തിൽ നീ പറഞ്ഞപ്പോൾ നിന്റെ അടക്കവും ഒതുക്കവും ഞാൻ എന്തുമാത്രം ഇഷ്ടപ്പെട്ടെന്നോ!

എന്റെ പിറകെ ചേച്ചീ എന്നു വിളിച്ചുകൊണ്ട് സംശയങ്ങളുമായി ഓടിനടക്കുമ്പോൾ ഞാനോർത്തില്ല കുട്ടീ നീ ഇത്ര ഭീരുവാണെന്ന്. വാടിയ മുഖവും വിഷാദം മഷിയെഴുതിയ നിന്റെ കണ്ണുകളും കണ്ടിട്ട് എന്താണ് സുനി ദുഃഖിച്ചിരിക്കുന്നതെന്ന് ഒരിക്കൽ ഞാൻ ചോദിച്ചപ്പോൾ 'ഒന്നുമില്ല' എന്നു നീ മറുപടി പറഞ്ഞു. എല്ലാം എന്നോടു പറയാറുള്ള നീ എന്നിൽനിന്നും എന്തോ ഒളിപ്പിച്ചുവെക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. ഒരു ദിവസം നീ എല്ലാം എന്നോട് തുറന്നുപറഞ്ഞപ്പോൾ, ഞാൻ നിന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോൾ എന്റെ ആശ്വാസവാക്കുകൾ നിന്നിൽ ഫലിക്കുകയില്ലെന്ന് ഞാൻ മനസ്സിലാക്കി. നിന്റെ ദിനേശ് എന്ന കൂട്ടുകാരൻ പച്ചപിടിച്ച നെൽപാടങ്ങളുടെ നടുവിലെ വരമ്പുകളിലൂടെ നടന്നു മറഞ്ഞപ്പോൾ, ഇനി അവൻ ഒരിക്കലും തിരിച്ചുവരില്ലെന്നറിഞ്ഞുകൊണ്ട് എന്തിനു നീ അവനുവേണ്ടി കാത്തിരുന്നു? നീ ഏററവും സ്നേഹിച്ചിരുന്ന ഒരു മുഖം നിന്നിൽനിന്നും മറഞ്ഞപ്പോൾ ഇനി ഒന്നുമില്ലെന്നാണോ നീ വിചാരിച്ചത്? ചേച്ചിയുടെ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടില്ലെന്നറിയാം. സ്നേഹത്തിന്റെ വില ദുഃഖമാണെന്ന് നീ ഇപ്പോഴെങ്കിലും മനസ്സിലാക്കിയല്ലോ!

നാടും വീടും ഉപേക്ഷിച്ച് എന്തിനു ചേച്ചി ഇവിടെ വന്നു എന്നു സുനി ചോദിക്കുമ്പോൾ അതിന് വ്യക്തമായ മറുപടിപറയാൻ ചേച്ചിക്ക് കഴിവില്ലായിരുന്നു. ഈ ചേച്ചിയുടെ ജീവിതം നിനക്കറിയണോ? ദുഃഖമാണ് ശാശ്വതസത്യമെന്ന ചേച്ചിയുടെ ഫിലോസഫി നീ ഇഷ്ടപ്പെടുന്നോ? അച്ഛനും ചിററമ്മയും നാലു മക്കളുമുള്ള എന്റെ കുടുംബം. അച്ഛന്റേയും ചിററമ്മയുടേയും ക്രൂരത സഹിക്കവയ്യാതെ എന്റെ അനിയത്തി ആത്മഹത്യ ചെയ്തു. ആ അനിയത്തിയുടെ ഛായ ഞാൻ നിന്നിൽ ദർശിച്ചു. അതുകൊണ്ടാണ് നിന്നെ കൂടുതൽ സ്നേഹിച്ചത്. ഒരു ദിവസം രാത്രി തളർന്ന മനസ്സോടെ എന്റെ പ്രിയപ്പെട്ട അഖിലേഷിനെപ്പോലും വിട്ടുകൊണ്ട് ഞാൻ എന്റെ വീട്ടിൽനിന്നും ഒളിച്ചോടി അതെ, അച്ഛന്റെ ക്രൂരതയിൽനിന്നും മോചനം നേടാൻ. അഖിലേഷിനെ സ്നേഹിച്ചു എന്ന കുററം അച്ഛന്റെ ക്രൂരതകൾക്ക് ആക്കം കൂട്ടി. ഇവിടെ വന്നപ്പോൾ എനിക്ക് നിങ്ങളുടെ കോളേജിൽ ഒരു ക്ലാർക്കായി ജോലിയും കിട്ടി. അധികൃതർ എന്നോട് നിങ്ങളുടെ ഹോസ്റ്റൽ വാർഡൻ ആകാൻ പറഞ്ഞപ്പോൾ വീടില്ലാത്ത ഞാൻ അതു സ്വീകരിച്ചു. ഈ ഏകാന്തതയിൽ എന്റെ ഓർമ്മകളുമായി കൂട്ടിരിക്കാൻ ഞാൻ ഇവിടെ വന്നു സുനീ

ഓ! സമയം ഇത്രയായോ? ഞാനിത്രസമയം ഇവിടെ തനിച്ചിരിക്കുകയായിരുന്നോ? ഇനി റൂമിൽ പോകട്ടെ. പക്ഷെ സുനീ, ഇന്നു നീ പോലും എനിക്കു കൂട്ടില്ലല്ലോ. എന്റെ അഖിലേഷിനേയും നിന്നേയും, ഞാനെങ്ങനെ മറക്കാനാണ്? പക്ഷെ എനിക്ക് എന്റെ ഓർമ്മകൾ കൂട്ടിനുണ്ട് അവ ഒരിക്കലും എന്നെ ഉപേക്ഷിക്കുകയില്ല. എന്റെ ദുഃഖസ്മൃതികൾ അവ എന്നുമെന്നും എന്റേതാണ്. സുനീ നിനക്കുവേണ്ടി ഞാനെന്നും പ്രാർത്ഥിക്കും. ○

ജീവികൾ തമ്മിൽ അവയവങ്ങളിലും വാരിയെല്ലുകളിലുമുള്ള സാദൃശ്യം അവയുടെയെല്ലാം ഉത്ഭവം ഒരേ അടിസ്ഥാനത്തിൽനിന്നാണ് എന്നതിന്ന് തെളിവാകുന്നില്ല. കുരുവിക്കും പരുന്തിനും ചിറകുകളുണ്ടെങ്കിലും കുരുവി പരുന്ത് പരിവർത്തിച്ചുണ്ടായതാണെന്ന് നാം പറയാറില്ല

# പരിണാമവാദത്തിന്റെ പരിണാമം

ഗഫൂർ ചേന്നര
(എം. എ. രണ്ടാം വർഷം)

1858-ൽ പരിണാമസിദ്ധാന്തം ആവിർഭവിക്കുന്നതിനുമുമ്പ് ലോകത്തുള്ള ബഹുഭൂരിഭാഗം ജനങ്ങളും മനുഷ്യോൽപത്തിയെക്കുറിച്ച് തങ്ങളുടെ മതങ്ങൾ പറയുന്നതായിരുന്നു വിശ്വസിച്ചിരുന്നത്. ബാബിലോണിയയിലെ [illegible] ബുദ്ധിജീവികളുമാണ് ആദ്യമായി മനുഷ്യോൽപത്തിയെക്കുറിച്ച് ചിന്തിച്ചതെന്ന് Hawkes അഭിപ്രായപ്പെട്ടിട്ടുണ്ട്. 'കലങ്ക'യെന്ന ദൈവത്തിന്റെ രക്തമുപയോഗിച്ച് 'ഇയ'യെന്ന ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് അവർ വിശ്വസിച്ചു. ഈജിപ്ഷ്യൻ കഥകളിൽ 'ഖനം' എന്ന ദൈവം ഒരു മൺപാത്ര നിർമ്മാതാവിന്റെ ചക്രത്തിൽ മനുഷ്യന് രൂപം നൽകിയതായി കാണാം. [illegible] വിലെയും പാശ്ചാത്യരുടെയും [illegible] മനുഷ്യനെ സൃഷ്ടിച്ചത് 'കാള'[illegible] വിശ്വസിച്ചിരുന്നതായി [illegible] ഹണ്ടർ എഴുതിയിട്ടുണ്ട്. [illegible] വേദത്തിന്റെയും കാലത്തുണ്ടായിരുന്ന പൗരാണിക ഹിന്ദുസംസ്കാരം '[illegible]' എന്ന് വിളിച്ചിരുന്നു.

ലോകത്തുണ്ടായിരുന്ന വിശ്വാസങ്ങളിൽനിന്നും വ്യത്യസ്തമായി മനുഷ്യസൃഷ്ടിയെ സംബന്ധിച്ച് ഒരു പുതിയ സിദ്ധാന്തം ആവിഷ്കരിച്ചത് ഗ്രീക്ക് തത്വചിന്തകൻമാരാണെന്ന് Hawkes തന്റെ world of the past എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരിണാമ ദശകളെ [illegible] ചെയ്തുകൊണ്ടാണ് മനുഷ്യൻ ആധുനികരൂപം പ്രാപിച്ചതെന്ന് ക്രിസ്തുവിന് 700 വർഷം മുമ്പ് ജീവിച്ച ഗ്രീക്ക് തത്വജ്ഞാനികളായ അനാക്സിമാൻഡർ, ആർക്കെലോസ് എന്നിവർ പ്രസ്താവിച്ചു. എന്നാൽ അവർക്കിരുവർക്കും വേണ്ടത്ര അനുയായികളെ കിട്ടിയില്ല. പിന്നീട് റോമിലും ഗ്രീസിലുമെല്ലാം ക്രിസ്തുമതം പ്രചരിച്ചതോടെ ആദാമിന്റെ ജനനകഥ മററുവിശ്വാസങ്ങളെയെല്ലാം മായ്ച്ചുകളഞ്ഞതായി നാം കാണുന്നു.

## പരിണാമവാദം

1858-ൽ കണിശമായി പറഞ്ഞാൽ 1843-ൽ ചാൾസ് ഡാർവിനും സമകാലീനനായ ആൽഫ്രഡ് വാലൈഡും പരിണാമവാദത്തെ ഒരു പ്രസ്ഥാനമാക്കിക്കൊണ്ട് രംഗത്തുവന്നു. മുൻപേന്ന ഗ്രീക്ക് തത്വജ്ഞാനികൾ അവരുടെ [illegible] സ്വാധീനിച്ചിരുന്നോയെന്ന് വ്യക്തമായി പറയുക വയ്യ. എന്നാൽ ഇരുവരും ഗ്രീക്ക് പണ്ഡിതൻമാരായിരുന്നു [illegible] തിക്ക് ഗ്രീക്ക് ചിന്തകരിൽനിന്ന് അവർ [illegible] ക്കാൻ ധാരാളം സാധ്യതകളുണ്ട്. എന്തൊക്കെയായാലും അവരുടെ സിദ്ധാന്തം ആദ്യ[illegible]പ്പിൽ ഒരു കൊടുങ്കാററുതന്നെ സൃഷ്ടിച്ചു. ഡാർവിന്റെ അനുയായികളായി രംഗത്തുവന്ന ശാസ്ത്രജ്ഞൻമാരുടെ [illegible] പ്രകൃതി [illegible] ചെയ്യപ്പെടുകയുണ്ടായി.

[illegible] 12,000 [illegible] Carleton ഉം Hawkes ഉം രേഖപ്പെടുത്തിയിരിക്കുന്നു. ശാസ്ത്രത്തിന്റെ [illegible] ഇവിടെ [illegible] ആരുടെതെന്ന് ആർക്കും ഉറപ്പിച്ചുപറയാൻ കഴിയാത്ത ദുരൂഹമായ എല്ലിൻകഷണങ്ങളിൽ ഗവേഷണം നടത്തി ഇരുട്ടിൽ തപ്പുകയാണവർ.

## നിരീശ്വരവാദികളുടെ സൃഷ്ടി:

ഡാർവിന്റെ സിദ്ധാന്തത്തിൽ വല്ല സത്യവുമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ നിഗമനങ്ങളുടെ നിദർശനങ്ങൾ മനുഷ്യന്റെ അറിയപ്പെട്ട ചരിത്രത്തിൽ ദർശിക്കേണ്ടതായിരുന്നു. പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളുണ്ടായിട്ടുപോലും അദൃശ്യനായതുകൊണ്ട് ദൈവത്തിൽ വിശ്വസിക്കാൻ മനുഷ്യമനസ്സ് സംശയിക്കുന്നുണ്ടെങ്കിൽ യുക്തിക്കോ ബുദ്ധിക്കോ നിരക്കാത്ത

വ്യക്തമായ തെളിവുകൾ പിൻബലമില്ലാത്ത പരിണാമസിദ്ധാന്തത്തിൽ വിശ്വസിക്കാൻ അതിനെങ്ങിനെ കഴിയും. Sir Arthur Keitts പറയുന്നു: ''പരിണാമവാദത്തിന്ന് ഇന്നുവരെ ഒരു തെളിവും ലഭിച്ചിട്ടില്ല. അതങ്ങിനെത്തന്നെ നിലകൊള്ളുകയും ചെയ്യും. എന്നാൽ നാമത് വിശ്വസിക്കാനുള്ള ഏക കാരണം അതിന്നു പകരമായിട്ടുള്ളത് ദൈവ വിശ്വാസം മാത്രമായതുകൊണ്ടാണ്.'' നിർമ്മതരും നിരീശ്വരവാദികളുമായ ശാസ്ത്രജ്ഞൻമാരാണ് പരിണാമവാദത്തിന്ന് കൂടുതൽ പ്രചാരം നൽകിയത്.

Prof. Bateson പറഞ്ഞു. നാം പരിണാമവാദത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും അത് എങ്ങിനെ സംഭവിക്കുന്നതാണെന്ന് നമുക്കറിയില്ല. മതകാര്യങ്ങൾ പോലെ പരിണാമവാദവും വിശ്വാസത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതെന്ന് Prof. T. C. Moore യും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭീകരമായ പലതരം സൃഷ്ടികളും പ്രത്യക്ഷപ്പെടുന്ന പരിണാമവാദം ഒരു കെട്ടുകഥയിൽ കുറഞ്ഞ ഒന്നുമല്ലെന്ന് ഡോ: ചെക്സ്ഫിർ വിൽസൻ സമർത്ഥിക്കുകയുണ്ടായി.

ഗർഭധാരണം മുതൽ പ്രസവിക്കുന്നത് വരെയുള്ള ചുരുങ്ങിയ കാലയളവിൽ ഉണ്ണിയുടെയും പരിവർത്തനത്തിന്റെയും സർവ്വഘട്ടങ്ങളും ശിശു തരണം ചെയ്യുന്നുണ്ടെന്ന് പരിണാമവാദികൾ തട്ടിവിടുന്നു. തങ്ങളുടെ വാദത്തിന്നുപോൽബലകമായ ഒരു വലിയ കണ്ടുപിടുത്തമായിട്ടാണ് അവർ അത് ഉദ്ധരിക്കാറ്. എന്നാൽ ചെറിയ മുട്ടകളിൽനിന്ന് മത്സ്യങ്ങളും, നട്ടെല്ലുള്ള ജീവികളും, സസ്തനികളും, കുരങ്ങുകളും മനുഷ്യകുഞ്ഞുങ്ങളുമെല്ലാം പരിവർത്തിച്ചുണ്ടായത് കേവലം ഒമ്പത് മാസം കൊണ്ടാണെങ്കിൽ മുമ്പ് ഇത് സംഭവിക്കാൻ എന്തുകൊണ്ട് ലക്ഷക്കണക്കിൽ വർഷങ്ങൾ എടുത്തു? ഗർഭസ്ഥശിശുവിന്റെ ചരിത്രം ജീവചരിത്രത്തിന്റെ ആവർത്തനമാണെന്ന് Ernst Hackel പറയുന്നുണ്ട്. എന്നാൽ പരിണാമവാദികൾ തന്നെ അദ്ദേഹത്തോട് യോജിക്കുന്നില്ല. Arther keith എഴുതുന്നു: ''ഗർഭസ്ഥശിശു അതിന്റെ പൗരാണികരുടെ വിശേഷണങ്ങൾ ആവർത്തിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അത് രൂപപ്പെട്ടുവരുന്ന വ്യത്യസ്ഥ പരിണാമദശകൾ വിശകലനം ചെയ്തപ്പോൾ ഞങ്ങളുടെ അഭിലാഷങ്ങൾ വിഫലമായി. ഗർഭസ്ഥശിശു അത് തരണംചെയ്ത ഒരു ഘട്ടത്തിലും കുരങ്ങായിരുന്നിട്ടില്ല.''

## പൊള്ളയായ വാദങ്ങൾ

പൗരാണിക മനുഷ്യൻ ഉപയോഗിച്ചിരുന്ന ചില അവയവങ്ങൾ പിന്നീട് ഉപയോഗശൂന്യമായെന്ന് പരിണാമവാദികൾ വിശ്വസിക്കുന്നു. അത്തരം 180 അവയവങ്ങളുണ്ടെന്ന് കണക്കാക്കിയിരുന്നെങ്കിലും വിജ്ഞാനവർദ്ധനക്കനുസരിച്ച് അവയുടെ എണ്ണം കുറഞ്ഞുവരികയാണ്. ശരീരത്തിന്റെ ഏതെങ്കിലും അംഗം ഉപകാരമില്ലാത്തതാണെന്ന് പറയുന്നത് വിഡ്ഢിത്തമാണെന്ന് Prof. E. S. Goodrich പറഞ്ഞിട്ടുണ്ട്.

ജീവികൾ തമ്മിൽ വാരിയെല്ലുകളിലും അവയവങ്ങളിലുമുള്ള സാദൃശ്യം അവയുടെയെല്ലാം ഉത്ഭവം ഒരേ അടിസ്ഥാനത്തിൽനിന്നാണ് എന്നതിന്ന് തെളിവാകുന്നില്ല. കുരുവിക്കും പരുന്തിന്നും ചിറകുകളുണ്ടെങ്കിലും കുരുവി പരുന്ത് പരിവർത്തിച്ചുണ്ടായതാണെന്ന് നാം പറയാറില്ല. Austin clark എഴുതി: ''വലിയ ഗണത്തിലുള്ള ജീവികളിൽ വല്ലതും മറ്റേതെങ്കിലും ജീവികളിൽ നിന്നുത്ഭവിച്ചതാണെന്ന് വിശ്വസിക്കാൻ യാതൊരു തെളിവുമില്ല. ഓരോ ഘട്ടത്തിലും ഒരു പ്രത്യേക സൃഷ്ടിയുടെ സവിശേഷതകളാണുള്ളത്. നാമിന്ന് കാണുന്നരൂപത്തിലുള്ള മനുഷ്യൻ പെട്ടെന്നാണ് ഭൂമിയിൽ പ്രത്യക്ഷപ്പെട്ടത്.'' (Literary Digest)

കുരങ്ങ് മനുഷ്യനായി പരിണമിക്കുന്നതിനിടക്ക് ധാരാളം കണ്ണികൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അവർ വിശ്വസിക്കുന്നുണ്ട്. Science is a sacred cow എന്ന പുസ്തകത്തിൽ Anthony standow എഴുതുന്നു: ''ചങ്ങലയുടെ ഒരു കണ്ണി മാത്രമല്ല ധാരാളം ഭാഗങ്ങൾതന്നെ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് പറയുന്നതാകും കൂടുതൽ ശരി. എന്നാൽ ഈ ചങ്ങലയുടെ അസ്തിത്വത്തിൽതന്നെ നാം സംശയിക്കുന്നു.'' മനുഷ്യനെയും കുരങ്ങിനെയും ബന്ധിപ്പിക്കാൻ ലക്ഷക്കണക്കിൽ കണ്ണികൾ ആവശ്യമാണ്. അതുകൊണ്ട് മനുഷ്യക്കുരങ്ങിൽനിന്നാണ് മനുഷ്യൻ ഉത്ഭവിച്ചതെന്ന് പറയാൻ പരിണാമവാദികൾ നിർബന്ധിതരായി. Prof. Virchowയുടെ അഭിപ്രായത്തിൽ മനുഷ്യക്കുരങ്ങൻ എന്ന ചിന്ത വെറും കെട്ടുകഥ മാത്രമാണ്. ദൈവത്തെ നിഷേധിച്ചുകൊണ്ട് മനുഷ്യചിന്ത കാടു കയറിയപ്പോഴാണ് ഈ വൈകൃത വ്യാഖ്യാനങ്ങളെല്ലാം ഉടലെടുത്തത്. Prof. W. Branco പറഞ്ഞത് എത്ര സത്യമാണ്: "palaentologyക്ക് മനുഷ്യന്റെ മുൻഗാമികളെക്കുറിച്ച് ഒന്നും അറിയില്ല ''

## ഊഹാപോഹവാദം

അജ്ഞാത കാലത്തേക്ക് അനാവശ്യമായി ദൃഷ്ടി പതിപ്പിക്കാതെ മനുഷ്യന്റെ അറിയപ്പെട്ട ചരിത്രത്തിൽ ഗവേഷണം നടത്തുകയാണ് വേണ്ടത്. പാറക്കെട്ടുകളിൽനിന്ന് കണ്ടുകിട്ടിയ എല്ലുകളേക്കാൾ ഈജിപ്തിലെ മമ്മികൾക്ക് സംസാരിക്കാൻ കഴിയുമെങ്കിലും ശാസ്ത്രം അത് ശ്രദ്ധിച്ചില്ല. ദൈവനിഷേധമായിരുന്നു ആ ശാസ്ത്രജ്ഞൻമാരെ നിയന്ത്രിച്ചിരുന്നത്. പക്ഷെ, ശാസ്ത്രം ആരുടെയും കുത്തകയല്ല. ഇബ്നുബത്തൂത്തയും, ഇബ്നുജരീറും, ഇബ്നുഖൽദൂനും അൽഇദരീസും അൽബറൂനിയുമെല്ലാംതന്നെ പ്രകൃതി രഹസ്യങ്ങൾ കണ്ടെത്താനും നഷ്ടസംസ്കാരങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഭഗീരഥ ശ്രമം നടത്തിയിട്ടുണ്ട്. അവരും ശാസ്ത്രദൃഷ്ട്യാ പഴകിയ എല്ലിൻകഷ്ണങ്ങളെ വീക്ഷിച്ചെങ്കിലും പരിണാമവാദത്തിൽ ചെന്നു പതിച്ചില്ല. മനുഷ്യൻ പൂർണ്ണതയിലേക്ക് പുരോയാനം ചെയ്യുന്നതായല്ല അപൂർണ്ണതയിലേക്ക് അധോഗമനം നടത്തുന്നതായാണ് അവർ കണ്ടത്. ഗതകാലചരിത്രത്തിന്റെ സന്തതികളായ ആദ്, സമൂദ്, ഗോത്രക്കാരെ പഠിക്കുമ്പോൾ ഇതു പെ

പെട്ടന്ന് മനസ്സിലാകും. പിരമിഡുകൾ പണിത ഈജിപ്തുകാരുടെ ആകാരമോ വികാരമോ ഇന്നത്തെ മനുഷ്യനില്ല. നമ്മുടെ മുൻഗാമികളുടെ ഭാഷ സംസ്കൃതത്തേക്കാളും ഫ്രഞ്ചിനേക്കാളും സങ്കീർണ്ണമായിരുന്നു. ആധുനിക ആംഗ്ലേയ സാഹിത്യങ്ങളെക്കാൾ എത്രമാത്രം ദുർഗ്രാഹ്യവും മഹത്തരവുമായിരുന്നു ഷേക്സ്പിയറുടെ കൃതികളെന്ന് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ!

മനുഷ്യനെ കുരങ്ങിന്റെ സന്തതികളാക്കിക്കൊണ്ട് ചരിത്രത്തെയും ശാസ്ത്രത്തെയും വ്യഭിചരിക്കുകയാണ് പരിണാമവാദികൾ ചെയ്തിട്ടുള്ളത്. യഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ചുകൊണ്ട് മനുഷ്യരെ കുരങ്ങുകളിപ്പിക്കുകയായിരുന്നു അവർ. അതുകൊണ്ടുതന്നെ ധാരാളം ശാസ്ത്രജ്ഞൻമാർ അതിനെ ചോദ്യം ചെയ്യുകയുണ്ടായി.

## ഇസ്ലാം എന്തു പറയുന്നു

അറിയപ്പെട്ട മതങ്ങളിൽ ഏററവും ആധുനികവും സമ്പൂർണ്ണവും ശാസ്ത്രീയവുമാണ് ഇസ്ലാം. ജീവിതത്തിന്ന് ദൈവത്തിന്റെ മാർഗ്ഗദർശനമെന്ന നിലക്ക് മനുഷ്യന്റെ സൃഷ്ടിയെ പററിയും ജീവിതലക്ഷ്യത്തെപററിയും ആധികാരികമായും വസ്തുനിഷ്ടമായും അത് പ്രതിപാദിക്കുന്നുണ്ട്. ''തീർച്ചയായും മനുഷ്യനെ നാം മണ്ണിൽനിന്ന് സൃഷ്ടിച്ചു — (വിശുദ്ധ ഖുർആനിൽ അല്ലാഹു അരുളി) മണ്ണിന്റെ ഭൗതികതയും ദൈവികഗുണങ്ങളുടെ ആത്മീയതയും സമജ്ഞസമായി സമ്മേളിച്ച ഒരു ഘടനാസാകല്യമാണ് മനുഷ്യൻ. ആദ്യമനുഷ്യനായ 'ആദം'നബിയുടെയും ഭാര്യ 'ഹവ്വ' യുടെയും കഥ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. അതിന്റെ സത്യാവസ്ഥയെ ഇന്നുവരെ ആരെങ്കിലും നിഷേധിക്കുകയോ ചോദ്യം ചെയ്യുകയോ ഉണ്ടായിട്ടില്ല. Science Illustrated എന്ന ശാസ്ത്രമാസികയിൽ പറയുന്നു. ''ആദമിന്റെയും ഹവ്വയുടെയും കഥയെ ശാസ്ത്രം ഒരളവോളം ദൃഢീകരിക്കുന്നു.'' സമൂഹങ്ങൾ തമ്മിൽ കൂടിക്കലരുകയും വൈവാഹികബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തപ്പോഴാണ് വ്യത്യസ്ഥ ജനവിഭാഗങ്ങൾ ഉടലെടുത്തത്. ഖുർആൻ പറയുന്നു: ''മനുഷ്യരെ ! നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ നിങ്ങളെ ഒരേ ആത്മാവിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, അനന്തരം അവ രണ്ടിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും (ഭൂലോകത്ത്) വ്യാപിപ്പിക്കുകയും ചെയ്തവനത്രെ അവൻ.''

ഇസ്ലാമിന്റെ ദൃഷ്ടിയിൽ മനുഷ്യൻ ഒരു കുരങ്ങിന്റെ സന്തതിയായ ബുദ്ധിയുള്ള മൃഗമല്ല. ഭൂമിയിൽ ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ദൈവത്തിന്റെ പ്രതിനിധിയാണവൻ. ''തീർച്ചയായും മനുഷ്യരെ ആദരിച്ചിട്ടുണ്ട്''ന്ന് ഖുർആനിൽ അല്ലാഹു പറയുന്നു. ബുദ്ധിയും സദാചാരബോധവുമുള്ള ദൈവത്തിൽ വിശ്വസിക്കുന്ന ഏകജീവി മനുഷ്യൻ മാത്രമാണ്. കണ്ണ്കൊണ്ട് കേൾക്കുവാനോ കർണ്ണംകൊണ്ട് കാണുവാനോ കഴിവില്ലാത്ത അവന്ന് സ്വന്തവും സ്വതന്ത്രവുമായ അസ്തിത്വവുമില്ല. ഈ പ്രപഞ്ചത്തിലെ കോടാനുകോടി ജീവജാലങ്ങളെപ്പോലെ മനുഷ്യനും അദൃശ്യമായ ഒരു ശക്തിയിൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. അതുകൊണ്ട് ഖുർആൻ ചോദിക്കുന്നു: ''എങ്ങിനെയാണ് ദൈവത്തെ നിഷേധിക്കാൻ കഴിയുക ? നിങ്ങൾ നിർജ്ജീവങ്ങളായിരുന്നു.; അവൻ നിങ്ങൾക്ക് ജീവൻ നല്കി. ഇനി അവൻ നിങ്ങളെ മരിപ്പിക്കും ; അനന്തരം വീണ്ടും ജീവിപ്പിക്കും. പിന്നെ നിങ്ങൾ അവങ്കലേക്ക് മടക്കപ്പെടുകയും ചെയ്യും''. ○

സന്തതികളെ വീട്ടിന്നും നാട്ടിന്നും പററിയ വിധത്തിൽ വളർത്തിയെടുക്കാനുള്ള ചുമതല അവർക്ക് ജന്മംകൊടുക്കുന്ന രക്ഷിതാക്കൾക്കാണ് എന്ന് എല്ലാ മതപുരോഹിതന്മാരും തറപ്പിച്ചുപറഞ്ഞ ഒരു കാര്യമാണ്

# പെൺകൊടികൾ പൈലററായാൽ പറക്കില്ലേ വിമാനങ്ങൾ?

**അബ്ദുൽ നാസർ.എം.പി**
(ബി കോം. രണ്ടാം വർഷം)

ആൺമക്കളും, പെൺമക്കളും മാതാപിതാക്കൻമാരെ സംബന്ധിച്ചേടത്തോളം രണ്ടും ആവശ്യമാണ് എന്നാൽ മുമ്പൊക്കെ നമ്മുടെ സമൂഹത്തിൽ ഏതു ജാതിയിൽ പെട്ടവരും ഏതു സാമ്പത്തികതലത്തിൽ പെട്ടവരും ആൺകുട്ടികൾക്ക് പ്രത്യേകപ്രാധാന്യം കല്പിച്ചിരുന്നു. ഇതിന്ന് മുഖ്യമായ ചില കാരണങ്ങളും പറയാൻ കാണും. ആൺമക്കളാണല്ലോ പ്രായമാകുമ്പോൾ കുടുംബത്തിൻെറ ഭാരം ഏറെറടുക്കുന്നത്. ആണുങ്ങൾ കൊണ്ടുവരുന്നത് പാകം ചെയ്തു സമയത്തിന്ന് ഒരുക്കിക്കൊടുക്കുന്നതിന്നും കുടുംബവർദ്ധന ഉണ്ടാക്കിക്കൊടുക്കുന്നതിന്നും മാത്രമായി വീടിൻെറ അകത്ത് അടച്ചിടാനുള്ള ഒരു വിഭാഗമായാണ് സ്ത്രീവർഗ്ഗത്തെ നമ്മുടെ സമൂഹത്തിൽ കുറെ ആളുകളെങ്കിലും കാണുന്നത്

കൂടുതൽ പെൺകുട്ടികളാണ് ഒരു കുടുംബത്തിൽ ഉണ്ടാകുന്നതെങ്കിൽ അത് ആ കുടുംബത്തിൻെറ നാശമായിപ്പോലും കരുതിയിരുന്നു. കുടുംബത്തേയും മാതാപിതാക്കൻമാരേയും വയസ്സുകാലത്ത് സംരക്ഷിക്കാൻ ആളില്ലെന്നു മാത്രമല്ല ഉള്ള സമ്പത്ത് മുഴുവൻ പെൺകുട്ടികളെ കെട്ടിച്ചയക്കേണ്ടതിലേക്ക് ചിലവഴിച്ച് ഋണഭാരം തന്നെ താങ്ങി നട്ടെല്ലൊടിയുന്ന അനുഭവമാണ് ഉണ്ടായിരുന്നത്.

എന്നാൽ കുറച്ചുകാലമായി സ്ത്രീകൾ എല്ലാ രംഗത്തും പുരുഷൻമാരെപ്പോലെ മുന്നിട്ട് രംഗത്തിറങ്ങി ജോലിചെയ്തു വീടുപുലർത്താൻ തുടങ്ങിയിട്ട്. അതുകൊണ്ടുതന്നെ അവരുടെ വിവാഹപ്രശ്നവും ഒരു ഭാരമല്ലാതായി തുടങ്ങി. മുമ്പത്തേക്കാൾ സ്ത്രീവിദ്യാഭ്യാസശതമാനം വർദ്ധിച്ചുവരുന്നതുകൊണ്ട് അവർക്ക് ജോലി ലഭിക്കാനും അതുവഴി കുടുംബസംരക്ഷണച്ചുമതലയിൽ ഭാഗഭാക്കുകളാവാനും സാധിക്കുന്നതുകൊണ്ട് സ്ത്രീധനസമ്പ്രദായത്തിൽ അയവുവന്നു കാണുന്നു. പഠിപ്പും ജോലിയുമില്ലാത്ത ഒരു പെൺകുട്ടിക്ക് നല്ല അന്തസ്സും പഠിപ്പും വരുമാനവുമുള്ള ഒരു വരനെ കിട്ടാൻ വലിയ തുക സ്ത്രീധനവും സ്വർണ്ണാഭരണങ്ങളും കാറുമൊക്കെ കൊടുക്കേണ്ടതായി വരുന്നു. അതേസമയം അതുപോലെത്തന്നെ വിദ്യാഭ്യാസവും ഉദ്യോഗവുമുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചുകൊടുക്കുന്നതിന്ന് ഇത്തരം മാമൂലുകളൊന്നും ഒരു തടസ്സമായി തീരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ പെൺകുട്ടികൾക്ക് ആൺകുട്ടികളെ പോലെത്തന്നെ സമൂഹത്തിൽ സ്ഥാനം ഉണ്ടാകുമ്പോൾ പെൺകുട്ടികൾ രക്ഷിതാക്കൾക്ക് ഒരു ഭാരമല്ലാതായിത്തീരുമെന്നതിന്ന് സംശയമില്ല.

ഇതിന്ന് നാം എന്തു ചെയ്യണം? നമ്മുടെ കുട്ടികളെ പെൺമക്കളായാലും ശരി ആൺകുട്ടികളെപ്പോലെത്തന്നെ ആരോഗ്യമുള്ളവരും വിദ്യാഭ്യാസമുള്ളവരുമായി വളർത്തിയെടുക്കുകയാണ് വേണ്ടത്.

ഇതു പറയുമ്പോൾ മറെറാരു പ്രധാനകാര്യം ഇവിടെ ഉയർന്നുവരുന്നുണ്ട്. കുട്ടികളെ സമൂഹത്തിനൊത്ത വിധത്തിൽ വളർത്തിയെടുക്കുവാനാവശ്യമായ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവ നൽകുന്നതിന്ന് മററു പ്രാഥമികാവശ്യങ്ങളോടൊപ്പം നമുക്ക് സാധിക്കുമോ? അതിനുള്ള സാമ്പത്തികക്കഴിവു നമുക്കുണ്ടോ എന്നതാണ് ചോദ്യം. ഒരു സോഷ്യലിസ്ററാശയം ഉൾക്കൊള്ളുന്ന സോഷ്യലിസ്ററ് ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ രാഷ്ട്രത്തിന്ന് ഇത്തരം ആവശ്യങ്ങൾ നിറവേററാൻ ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയിൽ സാദ്ധ്യമാണോ എന്ന് ചിന്തിക്കുന്നത് കൊള്ളാം

65 കോടിയോളം ജനസംഖ്യയുള്ള നമ്മുടെ ഭാരതത്തിൽ പകുതിയോളം പേർ വിദ്യാഭ്യാസവും ആരോഗ്യവും വളർത്തിയെടുത്ത് എന്തെങ്കിലും തൊഴിലിലേക്ക് പ്രവേശിക്കാൻ കാത്തിരിക്കുന്നവരാണ് ജനസംഖ്യയിൽ പ്രായമായവരേക്കാൾ കുട്ടികളും യുവാക്കളുമാണ് കൂടുതൽ. കഴിഞ്ഞ നാലഞ്ചു പഞ്ചവത്സരപദ്ധതികൊണ്ട് ഇന്ത്യയിലെ ആരോഗ്യപ്രവർത്തനം വളരെയധികം പുരോഗമിച്ചിട്ടുണ്ട്. മുമ്പ് ജില്ലാ താലൂക്ക് തലസ്ഥാനങ്ങളിൽ മാത്രമായിരുന്നു ഗവർമ്മെണ്ടു ആശുപത്രികൾ ഉണ്ടായിരുന്നതെങ്കിൽ ഒരോ വികസന ബ്ളോക്കിലും ഓരോ പ്രൈമറി ഹെൽത്ത് സെൻററുകളും മൂന്നോളം സബ്സെൻററുകളും ആയിക്കഴിഞ്ഞു. ഇതിന്ന് പുറമെ പതിനായിരം ജനസംഖ്യക്ക് ഒരോ ഹെൽത്ത് വർക്കറും നിയമിക്കപ്പെട്ടിട്ടുണ്ട്. ഇതിനെല്ലാം പുറമെ വിദഗ്ധരായ ഡോക്ടർ



മാരും ആധുനികസൗകര്യങ്ങളുമുൾക്കൊള്ളുന്ന ആശുപത്രികൾ, മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുകൊണ്ടു പ്രവർത്തിച്ചുവരുന്നു. ഇതിൻെറ ഒക്കെ ഫലമായി മരണനിരക്ക് വളരെ കുറഞ്ഞു. ഇങ്ങനെ ക്രമാതീതമായി വർധിച്ചുവരുന്നജനസംഖ്യക്ക് ആവശ്യമായ വിദ്യാഭ്യാസസൗകര്യം, തൊഴിൽ സൗകര്യം, ആരോഗ്യരക്ഷ, പാർപ്പിടസൗകര്യം, കുടിക്കാനുള്ള വെള്ളം എന്നിവ തികച്ചും സാധിച്ചുകൊടുക്കുന്നതിന്ന് ഇന്നത്തെ നമ്മുടെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല.

അതുകൊണ്ട് പദ്ധതി വിഹിതത്തിന്ന് പുറമെ സമൂഹത്തിൻെറ ഗണ്യമായ സംഭാവന ഉണ്ടായെങ്കിൽ മാത്രമേ നാമുദ്ദേശിക്കുന്ന വിധത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും വളർത്തിയെടുക്കാൻ സാധിക്കുകയുള്ളു.

ഏററവും പ്രധാനമായ കാര്യം ഇവിടെ പറയാനിരിക്കുന്നേ ഉള്ളു. ഏതൊരു ജീവിയുടേയും പ്രാഥമികാവശ്യമാണല്ലോ ഭക്ഷണം. എന്നാൽ ബുദ്ധിജീവിയായ മനുഷ്യൻ കാലോചിതമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനാണ്. ഭക്ഷ്യധാന്യങ്ങൾ ആവശ്യത്തിനുതകുന്ന വിധത്തിലും തരത്തിലും ഇന്നു ലഭ്യമല്ല. കഴിഞ്ഞ എല്ലാ പദ്ധതിയിലും ഭക്ഷ്യരംഗത്ത് കാര്യമായ പുരോഗതി ഉണ്ടായെങ്കിലും പ്രതീക്ഷിച്ചതിൽ കവിഞ്ഞ ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ട് ആവശ്യത്തിന്ന് മതിയാകാതെ വന്നു. അതിനാൽ ഭക്ഷ്യരംഗത്ത് സ്വയം പര്യാപ്തി നേടുന്നതിന്ന് വിളവ് വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ ജനസംഖ്യാവർദ്ധനയെ ആയിരത്തിന്ന് 25 എന്ന തോതിലേക്കെങ്കിലും പിടിച്ചു നിർത്തുവാൻ സാധിക്കണമെന്ന് പ്ലാനിങ്ങ് വിദഗ്ധന്മാർ നമ്മോടുപദേശിക്കുന്നു. ഉന്ന ആഹാരമേ കഴിച്ചുകൂടു എന്ന നിർബ്ബന്ധമായ ബുദ്ധിരുട്ട് നിയന്ത്രിതവും മിശ്രിതവുമായ ആഹാരരീതി കൈക്കൊള്ളാനുള്ള വിശാലബുദ്ധി നമുക്കുണ്ടാവേണ്ടിയിരിക്കുന്നു.

എല്ലാ മതപുരോഹിതന്മാരും തന്നെ ഒരു കാര്യം തറപ്പിച്ചു പറയുന്നുണ്ട്. നിങ്ങൾക്കുണ്ടാകുന്ന സന്തതികളെ വീട്ടിന്നും നാട്ടിന്നും പററിയ വിധത്തിൽ അരോഗദൃഢഗാത്രരായി വിദ്യാസമ്പന്നരായി ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുവാനുള്ള ചുമതല അവർക്ക് ജന്മം കൊടുക്കുന്ന രക്ഷിതാക്കളിലാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിക്കണമെന്നതാണത്. എനിക്ക് പറയാനുള്ളത് നമ്മൾക്ക് ഉണ്ടാകുന്ന മക്കൾ ആണോ പെണ്ണോ എന്നത് പ്രശ്നമല്ല. ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ പെണ്ണുങ്ങൾ ഇന്ന് കടന്നുചെല്ലാത്ത, വ്യക്തിത്വം പുലർത്താത്ത രംഗമിന്നില്ല. കളികളിലായാലും സാഹിത്യരംഗത്തായാലും ഭരണരംഗത്തായാലും എവിടെയും അവർ അനുദിനം പുരുഷനെപ്പോലെയോ അതിലുപരിയായോ മികവും കഴിവും കാഴ്ച വെച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതിക്ക് തനിക്ക് ഉണ്ടാകുന്നതൊക്കെ പെൺകുട്ടികളായിരുന്നാലും ഉള്ളത് മതി അതു പെൺമക്കളായാലെന്ത് ആൺമക്കളായാലെന്ത്. അവരെ നന്നാക്കിയെടുക്കുക ഇതാണ് എൻെറ കർത്തവ്യം എന്ന് ഓരോ രക്ഷിതാവും ചിന്തിക്കേണ്ട കാലം വൈകിയിരിക്കുന്നു. ഈയവസരത്തിൽ ഹാസ്യമാസികയായ 'സഞ്ജയനിൽ' വന്ന ഒരു ഈരടിയാണോർമ്മ വരുന്നത്.

പെൺകൊടികൾ പൈലററായാൽ
പറക്കില്ലേ വിമാനങ്ങൾ
പെൺകിളികൾ വിഹായസ്സിൽ
പറക്കുന്നില്ലേ.

# പ്രഭാതചിന്ത

**വി.കെ.മോഹൻ**
(ബി.എ. രണ്ടാം വർഷം)

പുലർന്നോ,
രാവിൻ കരിയിതളും
യാമങ്ങളടർന്ന് കൊഴിഞ്ഞോ?
ഭുവനം
മിഴിതുറന്നോ, അരുണൻ
നിർമ്മലരശ്മിയാലുദ്ദീപ്തമാക്കിയോ?
മടുത്തോ,
മർത്ത്യഹൃത്തിനെയുണർത്തും
അമൃതധാരണപ്രവാഹമേ നിത്യചൈതന്യമേ!
അകന്നോ,
നിദ്രാനിമീലിതമാമെൻ
ഇന്ദ്രിയമയക്കവും മങ്ങലും?
ഝടിതി
മജ്ഞസൂര്യരഥമേടി മറയുന്നു,
വീണ്ടുമതേയിരുളും മരവിപ്പും.
പണ്ടാകൂരിരുളിൽ, ഒരു വെറുങ്ങലിപ്പിൽ,
കൊടുമുടിമുകളിലുറഞ്ഞുവിളർത്തു—
കറുത്തൊരു പാറക്കെട്ടിന്നുച്ചിയിൽ
തപസ്സു ചെയ്തവരുദിച്ചു മർത്ത്യരെ
ഉണർത്തി ഉള്ളം തെളിച്ചു നിറച്ചു വെളിച്ചം.
ഇന്നതെങ്ങുപോയ്? ചുഴിയിടുമാധുനികത്തിൻ
ചുരുളുതിരം കരിവിഷമലയങ്ങ—
ളൊരുക്കുന്നൊരുഞൊടിഹാസത്തിൻ ഞൊറിവിൽ
ഹൃദന്തപങ്കായത്തെ ദൂരെയെറിഞ്ഞ
മർത്ത്യൻ, വള്ളം കുടുങ്ങി മുങ്ങിക്കറങ്ങിയൊടുങ്ങി.
ഇന്നെന്നെവിഴുങ്ങുന്നോ? ഒരുപല്ലില്ലാതെ,
ചളിയിഴകും കൊഴുപുഴുപുളയും
വഴുമെഴുകിയൊരളിഞ്ഞ പുഞ്ചിരിമോണകൾ
വളത്തി, രക്തക്കുഴലുകളുടച്ച് കോ
രുധിരം ഊററും അട്ടകൾ ഇഴയും നാഗരികം.

[illegible] താരകയോടൊപ്പം. ○

# രാഗഗരിമ


**ഹംസക്കുട്ടി. കെ**
(പി.ഡി.സി.ഒന്നാംവർഷം)


അനന്തതയിൽ അപാരതയിൽ
ആത്മാവിന്റെ തേങ്ങലുകൾ
അലിഞ്ഞു ചേരുന്നു.
ശീതക്കാററ് ശരീരമാകെ
ശരമാരി ചൊരിയുന്നു.
നിശീഥിനിയുടെനിശ്ശബ്ദയാമങ്ങൾ
നിസ്സംഗം കടന്ന് പോകുന്നു.
അനർഘനിമിഷങ്ങൾ
ഇന്നലെകളുടെ ചിറകടിശബ്ദം
കേൾക്കുന്നില്ല.
ഇന്നുകൾക്ക് വർണ്ണശബളിമയില്ല.
നാദമില്ല.
ശ്രുതിയില്ല.
താളമില്ല.
ലയമില്ല.
മൂകമായ മനസ്സ്
ദുഃഖത്തിന്റെ നിഴലുകൾ
മനസ്സിനെ ആവരണം ചെയ്തിരിക്കുന്നു.
നീ എന്ന സത്യം
ജീവന്റെ ചലനങ്ങൾ
എന്നിലുണർത്തുന്നു.
അവ്യക്തതയിൽ നിന്നുണരുന്ന
ചിലങ്കയുടെ ശബ്ദം
അനസ്യൂതമായ രാഗതരംഗം
നിശ്ശബ്ദതയെ
ശ്വാസം മുട്ടിച്ചു കൊല്ലുന്ന
ചിലങ്കയുടെ ശബ്ദം
കാററടിച്ച് ദലമർമ്മരം
ഉയർന്നപ്പോൾ
ചിലങ്കയുടെ ശബ്ദം
താളാത്മകമായപ്പോൾ
എന്റെ ഹൃദയസ്പന്ദനത്തിന്
വേഗത കൂടി.
തെങ്ങോലകൾ
കാററിലാടിയപ്പോൾ
നിഴലുകൾ ചലിക്കുന്നു.
നിശാഗന്ധിപ്പൂക്കളുടെ
സുഗന്ധം നിറഞ്ഞ
ഇളംതെന്നൽ
ശരീരത്തെ സ്പർശിച്ചപ്പോൾ
ഹൃദയം ശാന്തമായി
മാരിവില്ലിനേക്കാൾ
മനോഹരമായ
നിന്റെ മുഖത്ത്
കുറുനിരകൾ തത്തിക്കളിച്ചപ്പോൾ
ചിത്രകാരന്റെ തൂലിക ചലിച്ചപ്പോൾ
ഹൃദയത്തിന്റെ ശ്രീകോവിലിൽ
നിന്റെ രൂപം പ്രതിഷ്ഠിച്ചപ്പോൾ
സ്നേഹത്തിന്റെ ഗരിമാവിൽ
ഞാൻ മുങ്ങിപ്പോയി. ○

# തരംഗങ്ങൾ

ബക്കർ ടി. കുമ്പിടി

## സമസ്യ

കടലാസ്സുചുരുളുകരം വെട്ടിയെടുത്തു
ഞാനിന്നൊരു സുന്ദരസൂനമുണ്ടാക്കി.
പിന്നെ, യതിന്നിതളുകളോരോന്നായ്
കത്തിയെരിച്ചു.
സുന്ദര സൂനമൊരുനുള്ളു ചാരമായ്
എൻെറ മുന്നിലവശേഷിച്ചു;
ഒരു നഷ്ടസ്വപ്നത്തിന്നോർമ്മപോലെ
എൻ ഭഗ്നമോഹത്തിൻ ചാരംപോലെ
ആ പുഷ്പമീ ചാരത്തിൽനിന്നു വീണ്ടും,
ഒരു ഫീനിക്സ് പക്ഷിയെപ്പോലെ,
ഉയിർത്തെഴുന്നേല്ക്കുമെന്ന്
ഞാൻ വ്യാമോഹിച്ചു.
അപ്പോരം വീണ്ടും,
ജനിമൃതികരംക്കിടയിൽ ഞാൻ
നഷ്ടപ്പെട്ടവനായി—
എന്നെത്തന്നെ, എന്നെന്നേക്കുമായ്. ○

## വല്മീകം

മിഥുനമാസരാത്രിയിൽ
മഥിതമനസ്സിൻ തേങ്ങൽ.
ചുററും വളർന്ന വല്മീകത്തിൻ നടുവിൽ
തെററിയ താളമായ് ഞാനൊതുങ്ങി,
തമസ്സിൻ യവനിക നാലുപാടും
എനിക്കു തടവറയൊരുക്കി.
ഈ തടവറയിൽനിന്നുള്ള മോചനം
കാത്തു ഞാൻ കിടന്നു...
പിന്നെ, ഞാനുണർന്നപ്പോരം
തടവറ സൂക്ഷിപ്പുകാർ
ഏതോ വിദൂരതയിൽ
പോയി മറഞ്ഞിരുന്നു.
പിന്നെ, യീവല്മീകം
നാളുതോറും വളർന്നു.
അപ്പോരം ഞാനതിൽത്തന്നെ
ലയിച്ചുപോയി, എന്നെ മറന്നവനായി.

# തീരം തേടി

## പി.കെ.ബാബുരാജ്

മേലെ മാനം കറുത്തു...
താഴെ ഭൂമി കരഞ്ഞു...
സാഗരമാകെ ഇളകിമറിഞ്ഞു—
വേഴാമ്പൽ നോക്കിച്ചിരിച്ചു...!
കടലമ്മ കനിഞ്ഞൊരു മണിമുത്തുമായ്-ഞാൻ
കരകാണാക്കടലിൽ തനിച്ചായീ...
ബന്ധുക്കളില്ലാതെ-സ്വന്തക്കാരില്ലാതെ
ജീവിതപ്പാതയിൽ തനിച്ചായീ...

അലറുന്നു സാഗരമലറുന്നു...
തിരമാലകളോ തീരങ്ങളിൽ തട്ടിത്തകരുന്നു...
ആശയും മോഹവും പെരുകുന്നിവിടെ
മനുഷ്യാത്മാക്കളോ നശിക്കുന്നു...
ആശകളില്ലാത്ത സ്വപ്നങ്ങളില്ലാത്ത
ഏതൊരു ജീവിതമുണ്ടിവിടെ?
അലയുന്നു...ഞാനലയുന്നു...
മനസ്സും ശരീരവും തീരം തേടിയലയുന്നു...

# ഉണരുന്ന വീണക്കമ്പി

**പോക്കർ-എം, നാദാപുരം**
(പി.ഡി.സി. രണ്ടാം വർഷം)

എൻമന്ദിരത്തിൻ ജനവാതിലിൽകൂടി
മന്ദസമീരണൻ ചാരെ വന്നു
ഞാനുണർന്നനേരം, മെൻേറ മനസ്സുമ—
കോരിത്തരിപ്പിലുണർന്നുപോയി.

എൻചുവർത്തട്ടിലേയെണ്ണവിളക്കിലേ—
ക്കൊച്ചുതിരി ഞാൻ തെളിച്ചുനീട്ടി
എങ്ങനെയെന്നറിയില്ല ഞാൻ വേഗത്തി—
ലെൻമുറി വാതിൽ തുറന്നുമല്ലോ

പൊൻപുലർവേളയ്ക്കു മാധുര്യം ചാർത്തുമാ—
ത്തെച്ചനക്കുരുന്നു നടന്നുചെന്നു
എൻമണിമുററത്തെ പ്പൂമുല്ലത്തൈകളിൽ
ചുംബനമർപ്പിച്ചകന്നുപോയി.

എൻമുല്ലത്തൈകളിൽ ചിത്രശലഭങ്ങളാം
വന്നണഞ്ഞതേൻ കവരും മുമ്പേ
ഓടിച്ചെന്നപ്പൂക്കളെ തൊട്ടു തലോടീട്ടു
ലാളിക്കാനെന്മനസ്സാശിക്കുന്നു.

എൻമണിത്തോപ്പിലെ മുല്ലതൻ പൂക്കളെ
നിങ്ങളാം വന്നാരുമലട്ടരുതേ
തെന്നലേ നീയുമീ മുല്ലവർ തൻേറ
ഗന്ധം തികച്ചും കവരുതേ

അക്കരെക്കുന്നിൻ മുടിയിലുദിച്ചുയ—
ർന്നർക്ക,-നദ്ദേവൻ തൻ മൊൻ കരങ്ങാൽ
പുൽക്കൊടിത്തുമ്പിലെ മഞ്ഞിൻ കണങ്ങളെ
തൊട്ടൊളി ചേർപ്പതുകണ്ടു ഞാനും

മുററത്തെ മാവിലേപ്പച്ചിലക്കൂട്ടിലെ
പ്പൂങ്കുയിലീണത്തിൽപ്പാടിടുമ്പോൾ
കേട്ടാസ്വാദിക്കുമ്പൊഴാരാണെൻഹൃത്തിലുണ്ടെന്നിലും
മീട്ടുവതിനൊരു വീണക്കമ്പി.

# വസന്തം

മൊയ്തീൻകോയ.എം.ബി
(പി.ഡി.സി. രണ്ടാം വർഷം)

ഉദ്യാനം സൂനങ്ങൾതൻ
ലോലമാം പുതപ്പിട്ടു
ഉണങ്ങും ചില്ലകളി-
ലുയിരിന്നംശം കണ്ടു.

നിശ്ചലമനസ്സുകൾ
നിദ്രവിട്ടെഴുന്നേററ
നിസ്തുലസ്വപ്നങ്ങളാൽ
നിറഞ്ഞിതിവയെല്ലാം.

വിദൂരദിക്കുകളിൽ
വസിക്കും പറവകൾ
വസന്തമാഘോഷിക്കാൻ
വന്നിങ്ങണ്ടൊത്തുചേർന്നു.

ചിത്തങ്ങൾ പരസ്പരം
ചിന്തിക്കാതടുത്തുപോയ്
ചിരിയാൽ മനസ്സുകൾ
ചിലങ്ക കെട്ടിയാടി.

മനസ്സിൽ കുളിരായി
വന്നൊരീപൊൻവസന്തം
വിടചൊല്ലിടാറായി
മറെറങ്ങോ പോകാറായി.

കുളിരുകോരിനിന്ന
കരങ്ങളൊക്കെയുമിതാ
കദനംനിറഞ്ഞുള്ള
കഥകൾ പാടാറായി.

വിരഹവേദനതൻ
വിതുമ്പും കഥയോർത്തു
പിരിയാനൊരുങ്ങുന്ന
പരങ്ങൾ കേഴുകയായ്.

ഇനിയും വന്നീടുമോ
വസന്തമിതുവഴി?
ഇവരെത്തഴുകുമോ
വേദനതീർത്തീടുമോ?